2020 മെയ്, ജൂൺ, ജൂലായ് | ത്രൈമാസിക | ₹ 10

# നക്ഷത്രരാജ്യം

ത്രൈമാസിക

**The National, State, District, Village star news Kerala & India**

CINEMA SPORTS ARTS & LITERATURE



"മാനാഞ്ചിറ മൈതാനം
മലബാർ കായികമേഖലയുടെ
മാതാവ്"
ലേഖനം : ഭാസി മലാപ്പറമ്പ്
















**യു.എ ഖാദർ (കഥ)**
**പി.ആർ നാഥൻ (ലോകവിചാരം)**
**ഇയ്യങ്കോട് ശ്രീധരൻ (ഓർമ്മ)**
**മുണ്ടൂർ സേതുമാധവൻ (കഥ)**
**എം.എസ്. കുമാർ (കഥ)**
**കെ.വി.പ്രഭാകരൻ (കഥ)**
**ഭാസി മലാപ്പറമ്പ് (സ്പോർട്സ്)**

# M/S KRISHNA

## METER SERVICE




13/585 - B4, Near Apsara Theatre,
Calicut - 673 002
Ph: 2702760, Mob: 9447337908



**We are undertaking Repair & Servicing of all kinds of Speed Meter and Electronic fare Meters**


**Dealers in Smart Electronic fare meter for Auto & Call Taxi**
















മുഖചിത്രം
പി. സ്മാരക നിലയം
കൊല്ലങ്കോട് വെച്ചുള്ള
തകഴി-നക്ഷത്രരാജ്യം
അവാർഡ് ദാന ആഘോഷം

Nakshatra Rajyam
TRI Monthly (QUARTERLY) Magzine
2020 May, June, July
RNI Title Code:KERMAL 16195
(Reg. Dt: 22-06-2018)
issue 8 - volume 3

Managing Editor, Publisher & Owned by
Nakshthrarajyam E. Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007, Kerala
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in

**LAYOUT**
Nakshthrarajyam E. Radhakrishnan

**Cover**

**Ideal Graphics - Calicut**

**Price 10.00**

എഡിറ്റോറിയൽ



## കൊറോണ രോഗവിമുക്തി "ലോക്ക്ഡൗൺ" കാലം.

ലോകത്തിലെല്ലായിടത്തും പോലെ കൊറോണ രോഗം പിടികൂടിയ ഭാരതത്തിലും, രോഗം പടരാതിരിക്കാനും രോഗവിമുക്തിയ്ക്കും വേണ്ടി ലോക്ക് ഡൗൺ പ്രഖ്യാപിച്ചു. ജനങ്ങൾ കൊറോണ ഭീതിയിലാണ്. കൊറോണ രോഗം സമൂഹപകർച്ച വ്യാധിയാണ് എന്നുള്ളത് വസ്തുതപരമായി യാഥാർത്ഥ്യമാണ്. അതുകൊണ്ട്ത്തന്നെ ജനജീവിതം ദുസ്സഹമായി. ജോലി ചെയ്തും കച്ചവടത്തിലൂടെയും മറ്റും അന്നന്നു ജീവിച്ചുകൊണ്ടിരിക്കുന്നവരുടെ ജീവിതം അതിലേറെ കഷ്ടതയിലായി. ബാങ്കുകളിൽ നിന്നു ലോണെടുത്തവർ തിരിച്ചടവു മുടങ്ങിയതിനാൽ വരും മാസങ്ങളിലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള തിരിച്ചടവിനെകുറിച്ചു ഓർത്ത് ഖിന്നരും പരിഭ്രാന്തരും ആണ്.

2020 മേയ് 31 ന് ലോക്ക്ഡൗൺ അവസാനിക്കുമെന്നുള്ള വാർത്തകൾ യാഥാർത്ഥ്യമായാലും ഇനിയുള്ള എല്ലാ ദിവസങ്ങളിലും ജനങ്ങൾ കുറച്ചു കാലത്തെങ്കിലും അസന്തുഷ്ടരായിരിക്കും. അവരുടെ അക്കൗണ്ടിലോ കൈകളിലോ പണമില്ലാത്ത ദുഃഖകരമായ കാലം. കൊറോണയേക്കാൾ ജനങ്ങൾ ഭയപ്പെടുന്നത് ഇത്തരമൊരു അവസ്ഥയെയാണ്. വീട്ടിലെ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും നിശ്ചയിച്ച കല്ല്യാണം നടത്തുവാനുള്ള പങ്കപ്പാട്. കച്ചവടം നേരെചൊവ്വയായി വരുവാനുള്ള കച്ചവടക്കാരുടെ ദുരിതനാളുകൾ. പണിയില്ലാത്തതിന്റെ പേരിൽ വീട്ടിൽ ഇരിക്കേണ്ടി വരുന്ന തൊഴിലാളികളുടെ അസന്തുഷ്ഠി. ഭരിച്ചുകൊണ്ടിരിക്കുന്ന സർക്കാറുകർക്ക് നേരിടാൻ പലതരത്തിലുള്ള വിഷമതകൾ ഉണ്ടാവാം. ഖജനാവിൽ പണമില്ല ശമ്പളം കൊടുക്കാനും ഭരണ സംവിധാനത്തിനും എന്നുള്ളത് യാഥാർത്ഥ്യം തന്നെയുമാവാം എന്നാൽ പണമില്ലാത്ത സർക്കാരുകളെയല്ല ജനങ്ങൾക്ക് ആവശ്യം. ഭരിക്കാൻ കഴിവുള്ള ഭരണ നേതൃത്വത്തെയാണ് ജനങ്ങൾക്കിന്നാവശ്യം.

ലോക്ക്ഡൗൺകാലത്ത് ജനങ്ങൾക്ക് ശുഭാപ്തി വിശ്വാസത്തിലൂടെ ആത്മവീര്യം നൽകാൻ കേരള സംസ്ഥാന ഭരണകൂടത്തിനും കേന്ദ്രഭരണകൂടത്തിനും കഴിഞ്ഞുവെന്നുള്ള കാര്യം സ്തുത്യാർഹമാണ്. സർക്കാരിലേക്ക് അധികവരുമാനമുണ്ടാകുന്ന മേഖലകളായ മദ്യം നിരോധിച്ചതും ലോട്ടറി മാറ്റിവച്ചതും സർക്കാർ ഖജനാവിന് വൻ സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കിയെന്നതും, മുഖവിലക്കെടുത്തിരുന്നാലും ഇവ രണ്ടും കാലാകാലങ്ങളിലും എന്നും ജനങ്ങൾക്ക് ദുസ്സഹജീവിതം സമ്മാനിയ്ക്കുന്നുവെന്ന് ജനങ്ങൾ തന്നെ ഉരുവിടുന്നു. കേരളസർക്കാറിന്റെ ഏതെങ്കിലും ടിക്കറ്റ് എടുത്താൽ മാസങ്ങളോളവും വർഷങ്ങളോളവും ഒരു മിനിമം ഗ്യാരണ്ടി സമ്മാനം പോലും കിട്ടാതെ എന്തിനാണ് ഞങ്ങൾ ടിക്കറ്റ് എടുക്കുന്നത് എന്നു ചോദിക്കുന്നവരോട് മുട്ടുന്യായം അവതരിപ്പിച്ചതുകൊണ്ടു കാര്യമില്ല. ടിക്കറ്റെടുക്കുന്നവരെല്ലാം ചൂതാട്ട മാനസിക നിലയിൽ നിന്നു പെട്ടെന്നു പണക്കാരനാകാൻ ടിക്കറ്റെടുക്കുന്നവർ അല്ല എന്ന സത്യം നാം മനസ്സിലാക്കണം. അങ്ങിനെയും ചിലരുണ്ടാകാം. എന്നാൽ തനിക്ക് മോഷ്ടിക്കുവാനം പിടിച്ചു പറിയ്ക്കുവാനും പറ്റാത്തതുകൊണ്ടാണ് അതായത് നിയമവിരുദ്ധ മാർഗ്ഗത്തിലൂടെ സഞ്ചരിക്കാൻ അഭിമാനബോധം സമ്മതിക്കാത്തതുകൊണ്ടാണ് 99% പേരും കഷ്ടതയിൽ നിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗമായി ലോട്ടറിയെ കണ്ടെത്തുന്നത്. വർഷങ്ങളോളം ടിക്കറ്റെടുക്കുന്നവരെ എല്ലാ കാലവും കബളിപ്പിക്കാമെന്ന വ്യാമോഹം ഭരണാധികാരികൾ കൈവെടിയണം. അതുകൊണ്ട് തന്നെ നല്ലൊരു ഭരണാധികാരിയായി പുകൾപ്പെറ്റ കേരള മുഖ്യമന്ത്രിയും സഹമന്ത്രിമാരും കേന്ദ്രഭരണകൂടവും മദ്യത്തിന്റേയും, ലോട്ടറിയുടേയും, പൊതുമേഖലയുടേയും കാര്യത്തിലെടുക്കുന്ന തീരുമാനം സധാരണജനങ്ങൾക്കൊരു സാമ്പത്തിക മൂലധനമായിരിക്കും. കൂടെ സന്തോഷ ജീവിതത്തിനു നൽകുന്ന വകയുമായിരിക്കും എന്ന്സ്വന്തം മനസ്സിൽഓർത്ത് ഭരണകൂടം പ്രായോഗികമായിപ്രവർത്തിക്കുക.

മാനേജിംഗ് എഡിറ്റർ
നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

കഥ



മുണ്ടൂർ സേതുമാധവൻ

# ഓർമ്മപ്പെരുക്കങ്ങൾ



**ക**ർക്കടകം ആകാശച്ചെരുവിൽ വീർത്തു കെട്ടി നിൽക്കുന്ന സന്ധ്യ.

ഋതുഭേദങ്ങളുടെ എത്രയോ താളവട്ടങ്ങൾക്കപ്പുറത്ത്.

അഞ്ചുനാഴിക പെരുമഴ കൊണ്ടു നടന്നാണ് സ്ക്കൂളിൽ നിന്നെത്തിയത്. നനഞ്ഞ സഞ്ചിയിലെ പുസ്തകങ്ങൾ നിലത്തു പരത്തിയിട്ടു നേരെ അടുക്കളയിലേക്ക്.

അമ്മേ–

വിശപ്പ്കുടൽ മാന്തിപ്പൊളിക്കുന്നു. ഉച്ചയ്ക്ക് ഒന്നും കഴിച്ചതല്ല. എന്തെങ്കിലും വാരിവലിച്ച്–

തണുപ്പിൽ കടയുന്ന പല്ലുകൾ

അമ്മേ–

അടുക്കളയിൽ വെളിച്ചമില്ല. അടുപ്പിൽ തീ കത്തിയതിന്റെ ലക്ഷണമില്ല. അടുക്കളച്ചുമരുകളിലേക്ക് വടക്കേവാതിലിലൂടെ എത്തിനോക്കുന്ന സന്ധ്യയുടെ പിത്തനോട്ടത്തിൽ–

വാതിൽക്കൽ, കാൽമുട്ടുകളിൽ മുഖം പൂഴ്ത്തിരിക്കുന്ന അമ്മ.

വ്യഥയുടെ ഒരു ശീതക്കാറ്റ്, വാതിലിലൂടെ. ശരീരത്തിലൂടെ. അസ്ഥികളിലൂടെ–

വേണ്ട. വിളിക്കണ്ട. അമ്മയുടെ ഈ ഇരിപ്പ് ഒരു ചോദ്യമാണ്.

ശ്വാസം മുട്ടിക്കുന്ന അടുക്കളയിൽ നിന്നും ഉമ്മറത്തേക്ക്. മുളകുതേച്ചപോലെ നീറുന്ന കുടൽ കർക്കടത്തെ നോക്കി അലമുറയിടുന്നു.

– എനിക്ക് വിശക്കുന്നു.

ഇവിടെ നിന്നിട്ടു കര്യമില്ല. ഉറക്കെ കരഞ്ഞാൽ അടുത്ത വീട്ടുകാർ വിളിക്കും. പിന്നെ, സഹതാപത്തിന്റെ തണുത്ത വറ്റ്.

തേങ്ങൽ തൊണ്ടയിൽ കുടുങ്ങിയതു നന്നായി. ആരേയും കേൾപ്പിക്കേണ്ട.

ഉച്ചക്ക് പുഴക്കരയിലേക്ക് കുട്ടികൾ ഉണ്ണാൻപോകുമ്പോൾ അച്ചു സ്വകാര്യം പറഞ്ഞു.

ഗോപു വാടാ പകുതി തരാം.

വേണ്ട. വിശപ്പില്ല.

മുറ്റത്തെ കർക്കിടകരാശിയിലേക്ക് ഇരുട്ട് ഇറങ്ങിപ്പരക്കുന്നു. വയ്യ. എന്തെങ്കിലും എവിടെയെങ്കിലും–

ദൂരെ, ചുങ്കപ്പറമ്പിൽ ഉച്ചഭാഷിണി വിളിക്കുന്നു.

ഏതോ മീറ്റിംഗ് ആണ്. എന്തോ ആവട്ടെ.ഇവിടെനിന്ന് രക്ഷപ്പെടണം.

കാളിക്കുന്നിൽ നിന്നും കലങ്ങിയൊലിച്ചെത്തുന്ന ദീർഘ വിലാപങ്ങൾ.

ആഴികക്കണ്ടങ്ങളുടെ നെഞ്ചിൻ കൂടുപോലുള്ള ആനവരമ്പ്. വരമ്പിലെ കർക്കടച്ചേറിൽ കാലുപൂണ്ടുപോയി. വലിച്ചെടുക്കാൻ കഴിയുന്നില്ല. നാശം! എന്തെങ്കിലും ചവച്ചിറക്കിയിരുന്നെങ്കിൽ–

വരമ്പിലെ കഴായ വെട്ടിപൊളിച്ച് വെള്ളം തുറന്നു വിടുന്ന തേവൻ അതുകണ്ടു. തേവൻ കൈക്കോട്ടിട്ട് അങ്ങോട്ട് ഓടിയെത്തി.

അല്ല യജമാ–

അപ്പോൾ ചിരിയും വന്നു. യജമാ. ഇന്നലെ രാത്രി അന്നത്തിന്റെ വെള്ളം കണ്ടതാണ്. എന്നിട്ടാണ്–

ചേറിൽ നിന്ന് കാലൂരാൻ തേവൻസഹായിച്ചു. നേരെനിൽക്കാമെന്നായപ്പോൾ കഴായിലിറങ്ങി കാൽകഴുകി.

എവിടേക്കാണാവോ ഈ നേരത്ത്?

എന്തെങ്കിലും പറയണം. തേവന് ഒരുത്തരം വേണം. "മീറ്റിംഗിന്".

തന്ന്യോ. തേവന്റെ പല്ലുകളിൽ ഇത്തിരിപ്പകൽ കട്ടച്ചു. "നാനുംവരണണ്ട് മീറ്റിംഗിന്"

വീണ്ടും നടക്കുമ്പോൾ ആലോച്ചിച്ചു. ആണോ? താൻ പോകുന്നത്?

അത്താഴപ്പഷ്ണിയുടെ മൺക

കവിത



# കവിതേ വരൂ...

പ്രഭാകരൻ നറുകര

കവിതേ വരൂ
താളമായ് രാഗമായ്
കരളിനുള്ളിൽ
കനിവിൻ വെഴിച്ചമായ്
പ്രഭാതം വിടർന്നു
പ്രകാശ നാളങ്ങൾ
പ്രതിഫലിക്കുന്നതു
പ്രഫുല്ല മുകുളങ്ങൾ
പ്രതിദിനമെത്തും
പ്രതിധ്വനി വാക്കുകൾ
പതിയെയൊഴുകിയെൻ
പ്രതികൾ നിറഞ്ഞുപോയ്
ക്ഷണഭംഗുരമായ്
ജനിക്കും പാറ്റകൾ
ക്ഷണിക്കാതെയെത്തി
യെരിയുന്നഗ്നിയിൽ



ഊതിക്കെടുത്തുവാൻ
ആരുതുനിഞ്ഞാലും
ആദിയുമന്തവും
ചേർന്നെല്ലാം നീങ്ങീടും
ജീവിതപ്പാതയിൽ
നാഴികക്കല്ലുകൾ
നാം പോകും യാ
ത്രയ്ക്കു
നാഴികകൾ മാത്രം
ആധിയും വ്യാധിയും
സമ്മിശ്രമായിടും
ആരംഗം കാണവെ-
ആശയം തീർക്കുവോർ
ആകാശം മുട്ടുന്ന
ആശകൾ പൂക്കാതെ
ആത്മാഭിമാനത്തിൻ
സ്വപ്നങ്ങളേറിടും

ലത്തിൽ വീണുകിടക്കുന്ന ചുങ്കം. ചുങ്കപ്പറമ്പിൽ നിന്ന് ഉച്ചഭാഷിണി വിളിക്കുന്നു.

ഇരുനാഴി മണ്ണിനായ്–

ഉരുകുന്ന കർഷകർ ഇരുകാലി മാടുകളായിരുന്നു.

കേട്ടപ്പോൾ ഒരു നിമിഷം നിന്നു. വരികൾ മനസ്സിലേക്ക് കയറുന്നു. പടരുന്നു. തുർന്നുള്ള വരികളിൽ കുടൽ മാന്തിപ്പൊളിക്കുന്ന വിശപ്പിന്റെ അമർഷം. കർക്കടകപ്പെയ്ത്തിൽ വിറങ്ങലിച്ചു കിടക്കുന്ന അടുക്കള. കാൽമുട്ടുകളിൽ മുഖം പൂഴ്ത്തിയിരിക്കുന്ന അമ്മ.

പതുക്കെ, വിജനമായ അങ്ങാടി താണ്ടി. പെരുവെള്ളപ്പാച്ചിലിന്റെ പാതച്ചാല്താണ്ടി, മഴതോർന്ന് ചളികെട്ടിയ ചുങ്കപ്പറമ്പിൽ, തലയിൽ മുണ്ടിട്ട് കുറേപേർ, അവിടേയും ഇവിടേയും.

ഉച്ചഭാഷിണികെട്ടു. വേദിയിലെ പോട്രോ മാക്സിന് ആരോ കാറ്റടിച്ചു. മാന്യമഹാജനങ്ങളേ.

ചായക്കടക്കാരൻ കുട്ടനാണ് മൈക്കിൽ. കുട്ടൻ ചതിയനാണെന്ന് കേശുമാമ പറയുന്നതു കേട്ടിട്ടുണ്ട്.

കൊല്ലാനും കൊടുക്കാനും പ്രാപ്തനായ കേശുമാമ. കുട്ടൻ ആരെ ചതിച്ചു എന്ന് കേശുമാമയോട് ആരും ചോദിച്ചില്ല.

കുട്ടന്റെ സംസാരം ഒതുങ്ങിയപ്പോൾ ഒരാൾ പെട്രോൾ മാക്സിന്റെ മുന്നിൽ എഴുന്നേറ്റു നിന്നു. അൽപം കറുത്ത്, അൽപം കുറിയ, ചപ്രമുടിയിൽ നരവീണ–

ആരപ്പാ ഇയാൾ?

പ്രസംഗം തുടങ്ങി. ചെറിയ വാക്കുകൾ. ചെറിയ ചിത്രങ്ങൾ. ആരോ തൊട്ടപ്പുറത്തിരുന്ന് കൂട്ടം കൂടുന്നതു പോലെ. ഉള്ളിലെവിടെയോ കുടലിൽ തീയമരുന്നു. കാതുകൾ കൂർത്തു വരുന്നു.

നനുത്ത വേനലൊഴുക്കായി തുടങ്ങിയ പ്രസംഗം കലക്കപ്പുഴയായി. ആഴക്കടലായി.

ചങ്കിൽ എന്തോ വന്നുതടയുന്നു.

വിശപ്പു കൊണ്ട് പിത്തം ചിന്നിയ സന്ധ്യ തളർച്ചമറന്ന് ചുങ്കപ്പറമ്പിൽ കനത്തു. കല്ലടിക്കോടൻ കടന്നു വന്ന് കൈ കെട്ടി നിന്ന കാറ്റ് മരക്കൊമ്പിൽകയറി കാലാട്ടിയിരുന്നു.

പ്രസംഗത്തിൽ മുഴുകി നിൽക്കവെ തന്റെ കണ്ണുനിറഞ്ഞത് എപ്പോഴാണ്.

ഇയാൾ പറഞ്ഞതു മുഴുവൻ തന്നെ പറ്റിയാണല്ലേ?

പിന്നീട് തിരിഞ്ഞു നടക്കുമ്പോൾ കുടലുകൾ ശാന്തമായെങ്കിലും മനസ്സിൽ ഒരു ഏറ്റുമുട്ടൽ. ചോദ്യങ്ങൾ, മറുചോദ്യങ്ങൾ.

ആനവരമ്പിലെ കാണാക്കുഴികളിൽ കാലിടറവേ കർക്കടച്ചേറ് സുഗന്ധമായി കല്ലിടക്കോടൻ കടന്നെത്തിയ ശീതക്കാറ്റ് കനൽക്കട്ടയായി. കാളിക്കുന്നിലെ ദീർഘവിലാപങ്ങൾ പുറാട്ടു പാട്ടായി.

ഗ്രാമം മനസ്സിൽ പെരുകുന്നു.

മൗനത്തിന്റെ ചിമ്മിനി കത്തുന്ന ഉമ്മറക്കോലായിൽ കയറിയപ്പോൾ അത്ഭുതമായി. ചുമരിൽ ഒരുമുഖം. ചുങ്കപ്പറമ്പിൽ പ്രസംഗിച്ചു നിന്ന–

ആരാണ് ഈ ചിത്രം തൂക്കിയത്? ഈ ഉമ്മറച്ചുമരിൽ? അതോ മനസ്സിലോ? ■

കഥ



എം.എസ്. കുമാർ

# ശലഭങ്ങളെ സൂക്ഷിക്കുക



ഗുഡ്മോണിംഗ് അതുൽ

ഗുഡ്മോണിംഗ് മാഡം. നൗ ഇറ്റീസ് സെവൻ വൈ കാണ്ട് സ്റ്റാർട്ട് അവർ ലെസ്സൻ?

യെസ് ടീച്ചർ അയാം റെഡി.

രാവിലെ കേട്ട ഫോൺ കോൾ അച്ഛൻ ചെവിയോർത്തു. അതുൽ മോന് നല്ല കൃത്യതയുണ്ട്. രാവിലെ ത്തന്നെ അവൻ ഇന്റർനെറ്റ് ട്യൂഷന് തയ്യാറെടുത്തിരിക്കുന്നു.

എവിടെയോ ഇരിക്കുന്ന ഇംഗ്ലീഷ് അദ്ധ്യാപിക. ഒരേ സമയത്ത് ഇന്റർ നെറ്റിലൂടെ അവർ പലർക്കും ട്യൂഷനെടുക്കുന്നു. അച്ഛനും അമ്മയും അതു നടക്കുന്നുണ്ടോ എന്നു നോക്കിയാൽ മതി.

അച്ഛൻ അമ്മയെ വിളിക്കുന്നു. മിസ്സി വൺ മിനുട്ട് അതുൽ റീഡ് ചെയ്യുന്നുണ്ടോ എന്നൊന്ന്- നിങ്ങൾ നോക്കൂ. എനിക്ക് ഇന്ന് എട്ടു മണിയ്ക്കു സ്റ്റാർട്ടു ചെയ്യണം ഒരു പ്രൊജക്ട് പത്തിനു പ്രൊഡ്യൂസ് ചെയ്യണം.

എന്റെ തിരക്ക് നിനക്കറിഞ്ഞൂടല്ലോ. അദ്ദേഹം സ്വന്തം കാര്യത്തിലേക്കു തിരിഞ്ഞു. നേരത്തെ വർക്കു സെറ്റിലെത്തിയില്ലെങ്കിൽ കോൺ ട്രാക്ടർ സിമന്റു മണ്ണാക്കിയേക്കും. തീരെ സമയമില്ല. അച്ഛനുമുമ്പേ ധൃതിയിലിറങ്ങിപ്പോകുന്ന അമ്മ. പതിവു കാഴ്ച അതുൽ ഒട്ടും പുതുമയില്ലാതെ നോക്കി.

ദേ. അതുൽമോന് ബ്രേക്ഫാസ്റ്റ് റെഡിയായിരിക്കുന്നു. കഴിച്ചോളൂ. ബസ്സു വരുമ്പോൾ ചേച്ചി പറയാം.

റോസേച്ചി തന്റെ ജോലി കൃത്യമായി നിർവ്വഹിക്കുന്നു അതുലിനെ ബസ്സു കയറ്റി വിട്ടാൽ പിന്നൊരുപാട് നേരമുണ്ട്. അടിക്കലും, തുടക്കലും കുളിയും കഴിഞ്ഞാൽ ടി.വി.ക്കു മുന്നിൽ

ആന്റി ഫ്രൂട്ട്സ് തരൂ. ഇഡ്ഢലിക്കു ശേഷം കഴിക്കാൻ അതുൽ പഴങ്ങളാവശ്യപ്പെട്ടു. സാറിന്റെ നിർദ്ദേശമുണ്ട്. മോന് ഫ്രൂട്ട്സ് ധാരാളം കൊടുക്കണം. മേഡം ഒന്നെത്തിനോക്കുകയല്ലാതെ പ്രത്യേകമൊന്നും പറയാറില്ല.

റോസേച്ചി ആപ്പിളും പൂവൻ പഴവും അവന്റെ മുന്നിൽവെച്ചു. അതുൽ വിളിച്ചു പറഞ്ഞു ഡാഡി ഇന്നലെ കൊണ്ടന്ന ചോളമെവിടെ? അതുമതി ചേച്ചി.

ചോളക്കുല ഒരു കൗതുകത്തിനായി അദ്ദേഹം വാങ്ങിയതാണ്. ഇന്ത്യൻ ചോളമല്ലാത്രെ ചോളം മണിമണിയായി കടിച്ചു തിന്നാൻ അതുലിന് ഏറെ ഇഷ്ടം. അവൻ എഴുന്നേറ്റ് കൈകഴുകി ചോളം കടിച്ചു തിന്നാൻ തുടങ്ങി.

ചോളക്കുല പകുതിയോളമായപ്പോൾ അവൻ കണ്ടു. മണികൾക്കിടയിൽ ഒരു പുഴു. ഛെ..! അവനറപ്പു തോന്നി. ഇത്രയും ഭദ്രമായി സൂക്ഷിച്ച ഈ ചോളക്കുലക്കിടയിൽ ഒരു പുഴു എങ്ങനെ വന്നു.

അതുൽ ആലോചിച്ചു. മുട്ട, പുഴു, പ്യൂപ്പ, പാപ്പാത്തി, സയൻസുപാഠം. ഈ പുഴു ഏതോ പൂമ്പാറ്റയുടെ സന്തതിയായിരിക്കും.

ആദ്യം വെറുപ്പ് തോന്നിയെങ്കിലും പൂമ്പാറ്റയെന്ന സങ്കൽപ്പം വന്നപ്പോൾ അവൻ പുഴുവിനെ കൗതുകത്തോടെ നോക്കി. സയൻസു ക്ലാസ്സിലെ പൂമ്പാറ്റയുടെ ജീവിത ചക്രം എന്ന ഭാഗം ഓർമ്മിച്ചു. മുട്ട, പുഴു, പ്യൂപ്പ, പൂമ്പാറ്റ ഈ പുഴു ഏതോ പൂമ്പാറ്റ യുടെ കുഞ്ഞ്.

ആ കുഞ്ഞു പുഴുവിനെ വളർത്ത ണം.

റോസേച്ചി അറിയാതെ

അതുൽ ഷൂപാക്കറ്റിൽ പുഴുവിനെ ഇട്ടു. തോട്ടത്തിൽ നിന്ന് ദാസേട്ടനറിയാ തെ ഒന്നുരണ്ടിലകൾ പറിച്ചെടുത്ത് പെട്ടിയിൽ വെച്ചു.

അതുൽ അവന്റെ ഭക്ഷണത്തോടൊപ്പം കിട്ടുന്ന പഴവും, മുന്തിരിയും, ആപ്പിൾ കഷണങ്ങളും പുഴുവിനു കൊടുത്തു. ചിലതൊക്കെ അതു കാർന്നു തിന്നുന്നു. തോട്ടത്തിൽ നിന്ന് പൂക്കളും തളിരിലകളും പറിച്ചു കൊടുത്തു. ദാസേട്ടൻ വഴക്കു പറഞ്ഞു. എന്തിനാ അതുലേ ഇലയും പൂവുമൊക്കെ പൊട്ടിച്ചു നാശാക്കണേ? സാറ് കണ്ടാൽ എനിക്കാണല്ലോ കുറ്റം. അതുൽ മറുപടിയൊന്നും പറയാതെ പൂന്തോട്ടം ആസ്വദിക്കും പോലെ ഭാവിച്ചു.

പുഴു വലുതായി വന്നു. അതിനു ചില നിറം മാറ്റം സംഭവിക്കുന്നു. ഒരു ദിവസം ഒരിലക്കു മുകളിൽ സ്വർണ്ണ നിറത്തിൽ ഒരു മണിപോലെ അത് തൂങ്ങിക്കിടന്നു. അതുൽ തുള്ളിച്ചാടി. ഹൗ! ഇനി ഇലയും പൂവും പറിക്കേ ണ്ടല്ലോ, എന്നാണാവോ പൂമ്പാറ്റയാ വുക. അവൻ ദിവസങ്ങളെണ്ണി.

ട്യൂഷനും, പഠിത്തവും കൃത്യമായി ചെയ്തു. താനെന്തു ചെയ്യുന്നു വെന്ന് നോക്കാൻ അച്ഛനും, അമ്മക്കും സമയമില്ലാത്തതിനാൽ ഒറ്റവാക്കുകളിൽ ചോദ്യവും, ഉത്തരവും അവസാനിക്കുന്നു.

അതുൽ മോനെന്താ ചെയ്യണേ? ഞാൻ ഹോം വർക്കു ചെയ്യാ ഡാഡി, റോസേ അതുലിനു ബ്രേക്ക്ഫാസ്റ്റ് കൊടുത്തോ? ഉവ്വ് മാഡം. റോസേ ച്ചിയുടെ ബാദ്ധ്യത യും കഴിഞ്ഞു.

മമ്മി-റ്റാറ്റാ...... അമ്മ കാറിൽ കയറുന്നു. അതുൽ മുറിയിലേക്കോടി. കടലാസു കൂടിനു മുകളിൽ പൂമ്പാറ്റ. ചിറകുകളിൽ നീണ്ട ചുവന്ന വര. വെള്ളയും കറുപ്പും, ചുവപ്പും കലർന്ന നക്ഷത്ര പുള്ളികൾ. തലയിൽ കൊച്ചു കൊച്ചു കൊമ്പു കൾ. നേർത്തവ. അതു പറന്ന് അതുലിന്റെ തോളിലിരുന്നു. അവൻ വിരൽ കൊണ്ടു തൊട്ടു. പൂമ്പാറ്റ പറന്ന് ജനൽപടിയിലിരുന്നു.

അതുൽ ഒരപ്പക്കഷ്ണം പൂമ്പാറ്റക്കു കൊടുത്തു. അതു കുറേശ്ശയായി കാർന്നു തിന്നു. പൂമ്പാറ്റയേയും കൊണ്ട് തോട്ടത്തിലിറങ്ങി, തളിരിലകൾ കടിച്ചു തിന്നുന്ന പൂമ്പാറ്റയെ അവൻ വിലക്കി.

അരുതു മോളേ... ആ ദാസേട്ടൻ കണ്ടാ നിന്നെ കൊല്ലും. പൂമ്പാറ്റ ഉയർന്നും പറന്നും അവന്റെ മുറിയിലേക്ക് . എന്തു ബുദ്ധിയുള്ള ശലഭം അവൻ പറഞ്ഞു.

പൂമ്പാറ്റ വലുതാകുന്നു. കിട്ടിയ തെന്തും കാർന്നു തിന്നുന്നു. ദാസേട്ടനറിയാതെ പൂന്തോട്ടത്തിൽ കടന്ന് ഇലയും, പൂവും തിന്നുന്നു.

കാലത്ത് അയാൾ ദേഷ്യപ്പെടുന്ന തുകേട്ടു. എന്തു പ്രാണിയാണാവോ ഇലയും പൂവും നശിപ്പിക്കണ്. ഒരു പാറ്റ പറന്നു പോണ കണ്ടു. അവറ്റ കുറേയേറെ ഉണ്ടാകുമോ.....? അയാൾ സ്വയം പറഞ്ഞു.

അതുൽ പൂമ്പാറ്റയുടെ തത്തി ക്കളി നോക്കി. അതിനോടൊപ്പം ഓടിനടന്നു. പൂന്തോട്ടത്തിലും, മുറ്റത്തും അവരൊരുമിച്ച് നടന്നു. ദാസേട്ടൻ അതൃപ്തനായി നോക്കി.

അന്ന് പതിവിലും നേരത്തെ അതുൽ ഉണർന്നു. പൂമ്പാറ്റ വീണ്ടും വലുതായിക്കുന്നു. മേശപ്പുറത്തെ പ്ലാസ്റ്റിക് പൂക്കളും കാർന്നു തിന്നിരിക്കുന്നു.

അതുൽ അത്ഭുതത്തോടെ ചോദിട്ടു. എന്താ നീയി കാണിക്കണേ..... പൂമ്പാറ്റ ചിരിക്കും പോലെ തോന്നി.

അത് പുറത്തേക്കു പറന്നു. പൂന്തോട്ടത്തിലേക്ക്. അതുൽ പൂമ്പാറ്റയോടൊപ്പം തോട്ടത്തിലെത്തി. ദാസേട്ടൻ ചെടികൾക്കു നനയ്ക്കുന്നു. പൂമ്പാറ്റയേയും, അതിന്റെ വരയൻ പുള്ളിച്ചിറകുകളേയും അതൃപ്തിയോടെ നോക്കി പൂമ്പാറ്റയുടെ ഉരുണ്ട കണ്ണുകൾ തിളങ്ങി. കൂർത്ത ചുണ്ടുകൾ വിടർന്നു.

ഒന്നു രണ്ട് പൂക്കൾ കടിച്ചു തിന്ന് പൂമ്പാറ്റ അതുലിനോട് പറഞ്ഞു. ഉം... കേറ്...

പൂമ്പാറ്റകുനിഞ്ഞുനിന്നു അതുൽ പൂമ്പാറ്റയുടെ പുറത്തുകറി. അതുയർന്നു പറന്നു. അകലേയ്ക്ക്.

അതുൽ-അതുൽ മോനെ... റോസേച്ചി വിളിച്ചു. അച്ഛനും, അമ്മയും വിളിച്ചു. അവർ ചോദിച്ചു. ദാസേട്ടാ, അതുൽ എവിടെപോയി? പൂമ്പാറ്റ പുറത്തു കേറ്റി കൊണ്ടോയി. അതു പറഞ്ഞ് അയാൾ പടിഞ്ഞാട്ട് വിരൽ ചൂണ്ടി. ■

കവിത

# കോവിഡ്-19



മഞ്ചേരി ബാലചന്ദ്രൻ

**ടിവി-റേഡിയോ-പത്രത്തിലും**
**കാണുന്നൂ-കേൾക്കുന്നു കോവിഡ്**
**ഓരോ നിമിഷവും വ്യാധിപ്പ്**
**ലോകത്തിലാകെ "രോഗബാധ"**
**ചൈന "വുഹാനിൽ" തുടങ്ങി**
**"ഇറ്റലി"യിലാകെ പടർന്നു...**
**മറ്റു രാജ്യങ്ങളിൽ പേടികൂടി**
**ചുറ്റും മനുഷ്യർക്കു വിഭ്രാന്തിയായി**
**"മഹാമാരി" വന്നത് ലോക്ക് "ഡൗണായി"**
**കേരളത്തിലാദ്യത്തെ കോവിഡ്**
**"ജനവരി മുപ്പതിൻ" തുടക്കമായി...**
**"ജനസമ്പർക്കം" പാടെ വേ**
**ജാഗ്രതവേണം "ക്വോറന്റൈ"നിലും**
**"ഐസോലേറ്റ്" വാസവം വേണം**
**"വൈറസ്" ബാധയും പ്രതിരോധവും**
**മാനവ ജീവിത യാത്രപോലെ...**
**പുള്ളവർ എല്ലാമോർത്തു**
**മെല്ലെ ഭീതിയിൽ ചൊല്ലി**
**കാലം കലി കാലമാണോ?**
**അതോ ലോകാവസാനമാണോ?**



കഥ



യു.എ. ഖാദർ

# കാലചലനങ്ങൾ



ഏത് വേനലിലും നീരൊഴുക്കുള്ള ഇടുങ്ങിയ ചരൽപ്പാതയിലൂടെ, ആളുകൾ സഞ്ചരിക്കാൻ മടിക്കുന്ന ഈ നടവഴിയിലൂടെ, ആരെയും കൂസാതെ വീട്ടിലേക്ക് നിത്യേന നടന്നു പോകാറുണ്ട് അയാൾ. താഴങ്ങാടി മഖാമിന്റെ മുമ്പിലുള്ള ഇടവഴിയിലെ വെള്ളം ചവിട്ടിത്തേമ്പിയുള്ള നടത്തം. വീട്ടിലെത്താൻ വേറെയും വഴികളുണ്ട്. അങ്ങാടി ഭാഗത്തെ സ്മശാനത്തിന് നടുവിലെ നാട്ടു പാതയിലൂടെ നടന്ന് താഴോട്ടിറങ്ങി അല്പം പടിഞ്ഞാറോട്ടേക്ക് നീങ്ങിയാലും മതി. അയാൾ ഞങ്ങളോട് പറയാറുണ്ട്. "സഖാവേ താഴങ്ങാടി മഖാമിന്റെ മുമ്പിലെ നനഞ്ഞ ഇടവഴിയിലൂടെ നടന്നാൽ മനസ്സിന് ഒരു തണുപ്പാണ്. ഉള്ളിൽ വിങ്ങുന്ന എല്ലാ ചൂടാന്തരവും തണുക്കും. വീട്ടിൽ ചെന്ന് കയറുമ്പോൾ കാലു കഴുകി കോലായിൽ ചവിട്ടുന്നതു പോലെയാവും. അതാണ് ഞാനീവഴി തന്നെ തിരിച്ചു പോരുന്നത്."

ഞാനാരെ പേടിക്കാനാണ്. ചെകുത്താനും ജിന്നുമൊന്നും എന്നെ ശല്യം ചെയ്യില്ല. താഴങ്ങാടി പള്ളിയിലെ ഔലിയാതങ്ങളും എന്നെ എടങ്ങാറാക്കൂല. ഒന്നിലും വിശ്വസിക്കാത്തവൻ എന്ന മുദ്രയുള്ള എനിക്ക് ആരെ പേടിക്കാനാണ്. ഒരുമറുലോകം മരിച്ചു ചെല്ലുന്നവർക്കായി ഒരു പരലോകം അങ്ങനെയൊന്നും വിശ്വസിക്കാത്തവനാണല്ലോ.

കുട്ടിക്കാലം മുതലേ ശീലിച്ച വഴിയാണ്. കുറെ കാലം മറുനാട്ടിലായതുകൊണ്ട് വഴിയൊക്കെ മാറിയിട്ടുണ്ടാവും എന്നായിരുന്നു ധരിച്ചത്. ഒന്നും മാറിയിട്ടില്ല എന്നെ കാണുമ്പോഴുള്ള ആൾക്കാരുടെ നോട്ടവും മുറുമുറുപ്പും പടച്ചവനെ പേടിക്കാത്തവൻ എന്നപഴിയും പടിഞ്ഞാറേക്കുള്ള വഴിയാരംഭിക്കുന്നടത്തേ കൽപ്പടവു വരെയുള്ളു.

അങ്ങാടിയിൽ നിന്ന് ഒരാൾക്ക് പടിഞ്ഞാറു ഭാഗത്തെ ജുമായത്ത് പള്ളിയിലേക്ക് പോകണമെങ്കിൽ പണ്ടാരോ പണിത ചെങ്കൽ പടവുകളിറങ്ങി ചെല്ലുന്ന എളുപ്പവഴിയാണ് "പന്ത്രണ്ട് കല്ല് " വഴി. പണ്ടിത് പതിനേഴ് കൽപ്പടവുകളുള്ള കയറ്റമായിരുന്നു. കാലം അഞ്ചു പടവുകൾ വെട്ടിയിറക്കി കുറച്ചതാവാം. അയാൾ എങ്ങോ നോക്കി എന്തോ ഓർത്ത് ചിരിച്ചു.

ഞാനടക്കം അഞ്ചു പേർ അദ്ദേഹത്തെ അന്ന് പിന്തുടർന്നിരുന്നു. വഴികളിലൊക്കെ അയാൾ സംസാരിച്ചത് ബീഡി തെറുപ്പുകാരായ ചെറുപ്പക്കാരുടെ പ്രവർത്തനത്തെ കുറിച്ചായിരുന്നു. ടൗണിന്റെ ഒത്ത നടുവിലുള്ള ബീഡി പീടികയിൽ നിന്നായിരുന്നു ഞങ്ങൾ ഒന്നിച്ചിറങ്ങിയത്, വടക്കുനിന്ന് തെക്കോട്ടേക്കും തിരിച്ചും പോകുന്ന പൊതുനിരത്ത്, ടൗണിന്റെ മദ്ധ്യത്തിൽ നിന്ന് കിഴക്ക് കുറുവങ്ങാട് വഴി കണയങ്കോട്ടു പുഴ കടന്ന് ബാലുശ്ശേരി പോലുള്ള കിഴക്കൻ പട്ടണങ്ങളിലേക്കുള്ള നീളുന്ന നിരത്ത്. ടൗണിൽ മൂന്നും കൂടിയ നിരത്തിന്റെ ഒത്ത നടുക്ക് വടക്കേ ഓരത്തായിരുന്നു ബീഡി പീടിക. ബീഡിപ്പീടികയുടെ ഉടമസ്ഥനും ബീഡി തെറുപ്പുകാരനാണ്. അയാളടക്കം പത്തുമുപ്പതുപേർ ബീഡി മുറം മടിയിൽ വെച്ച് ബീഡി തെറുക്കാനിരിക്കുന്നു. ആ കാരണം അത് ജനകീയ മുക്ക് എന്ന പേരിലായി. ഈക്കൂട്ടത്തിൽ ബീഡി തെറുപ്പുകാരനായി അയാളുമുണ്ട് അയാളുടെ ഒപ്പം ബീഡി തെറുക്കുന്ന എല്ലാവർക്കും അയാളോട് സ്നേഹവും ബഹുമാനവുമുണ്ട്. ബീഡി തെറുപ്പിനടയിലാണ് അദ്ദേഹം സംസാരിക്കുക. അന്ന

ന്നത്തേ പത്ര വശേഷങ്ങൾക്ക് പുറമേ, ബോംബെ മഹാ നഗരത്തിലെ അനുഭവങ്ങൾ, ബീണ്ടി ബസാറിൽ, മുഹമ്മദലിറോഡിൽ ബീഡി ബീഡാ പാൻ കട. ബോംബ തുറമുഖത്തേ ചുമട്ട് തൊഴിലാളികൾ. ബന്ധങ്ങൾ... കാസ വലിവും നെഞ്ചിൻ കൂട് ഇള കുന്ന ദീർഘ ശ്വാസം വിട്ടുള്ള ചുമയും അയാളെ ശല്യപ്പെടുത്തുന്നുണ്ട് എങ്കിലും മറ്റുള്ളവരോട് സംസാരിക്കാൻ അയാൾക്ക് ഒരു പ്രയാസവും മടയുമില്ലായിരുന്നു. വർത്തമാനം മുറുകമ്പോൾ ശബ്ദത്തിനിടയിൽ എങ്ങലിന്റെ വലിവ് കേൾക്കുന്നവർക്ക് മനസിലാവും. കേൾവിക്കാരായ ഞങ്ങൾക്കായിരുന്നു മനപ്രയാസം. എന്നാലും അയാൾ സംസാരിക്കാറുണ്ട്. ബീഡി മുറത്തിൽ അറ്റത്തായി നിരത്തിയ പതംവെച്ച് പാകപ്പെടുത്തി പാകമൊപ്പിച്ച് കത്രിച്ചു വെച്ച ഇല ചുരുട്ടി പുകയില നുള്ളി ചുരുട്ടി നീട്ടുന്ന ബീഡിയുടെ വാലടച്ച് നൂല് കെട്ടി മുറത്തിലിടാൻ സഹായിയായി ഒരു ബാലനിരിക്കുന്നുണ്ടാവും. ആ ചായ്പ്പ് മുറിയിലെ എല്ലാ തെറുപ്പുകാരുടെയും മുമ്പിൽ ഇങ്ങനെയൊരോ കുട്ടികൾ ഇരിക്കുന്നുണ്ട്. സ്കൂളിൽ പോകാൻ പ്രായമായ കുട്ടികളാണ് മുമ്പിലിരിക്കുന്നത്. എന്ന് അതിനകത്തെ എല്ലാ ബീഡിതെറുപ്പുകാർതക്കും അറിയാം. എങ്കിലും പറയാറുണ്ട്. "അയിറ്റ്യളെ പുരയിലെ അടുപ്പിൽ തീ പുകയണ്ടേ കഞ്ഞിക്കലത്തിൽ ഇത്തിരി വറ്റ് തിളക്കണ്ടേ?" ഓരോരോ ആവശ്യങ്ങളുമായി എത്തിപ്പെടുന്ന ആൾക്കാരോട് അവിടെ ജോലി ചെയ്യുന്ന എല്ലാവർക്കും വേണ്ടി വർത്തമാനം പറയുക അയാളായിരുന്നു. പേര് പറയാൻ മറന്നു. അയാളുടെ പേര് അബ്ദുറഹിമാൻക്ക എന്നായിരുന്നു. സഖാവ് ബദവി എന്നാണ് അയാൾ പരക്കെ അറിയപ്പെടിരുന്നത്.

അയാളെ തേടി ബീഡി പീടികയിലെത്തുന്ന കൂട്ടുകാരും അവരുടെ സംസാരങ്ങൾക്കിടയിൽ ചെവിയോർക്കുക സഖാവ് ബദവിയുടെ അഭിപ്രായമാണ് ഞങ്ങൾക്കറിയേണ്ടത് എന്നായിരുന്നു.

തനിക്ക് പറയുവാനുള്ള കാര്യങ്ങൽ സംശയ രഹിതമായി യാതോരു വളച്ചുകെട്ടും കൂടാതെ പറയുന്ന ആളായിരുന്നു. ബീഡി മുറം താഴെ വച്ച് അയാൾ എഴുന്നേൽക്കുക പലപ്പോഴും സ്വന്തം കാര്യത്തിനു വേണ്ടിയായിരുന്നില്ല. പുറത്തേക്കിറങ്ങുമ്പോൾ തന്നോടൊപ്പം ബീഡിതെറുക്കുന്ന കൂട്ടുകാരോടായി പറയും "സഖാവേ ഒരു പത്തു മിനിറ്റ് ഒരു ചെറിയ പ്രശ്നം."

ഇങ്ങനെ പറഞ്ഞാണ് പുറത്തേക്കിറങ്ങിപോകാറ്. പ്രശ്നം എത്ര ഗുരുതരമാണെങ്കിലും പറയുക." ഒരു സില്ലിമാറ്റർ" എന്നു മാത്രമാണ്.

നേരമോ കാലമോ തന്റെ ജോലിയുടെ പ്രശ്നമോ ഒന്നും അപ്പോൾ അയാൾക്ക് കാര്യമല്ല. അയാളിങ്ങനെ ഇറങ്ങിപോകുന്നതിൽ കടയിലെ മറ്റ് തെറുപ്പുകാർക്കോ ഒപ്പം ഇരുന്ന് ബീഡിതെറുക്കുന്ന കടയുടമക്കോ പരാതിയില്ല. ചിലപ്പോൾ അയാൾ ബാക്കി വച്ച പണി തന്റെ മുമ്പിലിരുന്ന് നൂല് കെട്ടുന്ന പയ്യൻ സ്വയം ഏറ്റെടുത്ത് മുഴുമിച്ചിരിക്കും. അയാൾ പീടിക ഉടമയോട് പറയാറുണ്ട് "സഖാവേ ഇന്നാണ് നമ്മുടെ ആ ജാഥ ഏത് റൂട്ട് വഴി പോകണം എന്ന് നിശ്ചയിക്കുന്നതിന് പത്ത് മണിക്ക് ലോക്കൽ കമ്മിറ്റിയുടെ ഒരു പ്രത്യേക യോഗമുണ്ട്. ഞാൻ ചെല്ലാതെ പറ്റില്ല."

കടയുടമ പറയും

"അറിയാം സഖാവേ"

അങ്ങിനെ ആ ബീഡി കടയിലെ തൊഴിലാളികൾക്കിടയിൽ അവർക്കൊക്കെ വേണ്ടപ്പെട്ട സഖാവ് ബദവി എന്ന് വിളിക്കപ്പെടുന്ന അബ്ദുറഹിമാന്റെ കൂടെയാണ് ഞങ്ങൾ അഞ്ചുപേർ അന്ന് പുറപ്പെട്ടത്. കടയടച്ച് ഞങ്ങൾക്കൊപ്പം ഉടമയായ സഖാവ് ഇബ്രാഹീമും ഉണ്ടായിരുന്നു. യാത്രാ ആരംഭത്തിൽ അയാൾ പറഞ്ഞിരുന്നു. പോകുന്നത് മുള്ള് മുരട് മൂർഖൻ പാമ്പുകളുള്ള വഴികളിലൂടെയല്ല. ചെങ്കല്ലുകൾ കാലിൽ തറക്കുന്ന സദാ നീരൊഴുക്കുള്ള കുടുസായ ഇടവഴിലൂടെയാണ്. ആ വഴിയിൽ കണ്ണാൽ കാണാൻ പറ്റാത്ത ജിന്നുകളും ചെുത്താൻ മാരുണ്ട്. ദിവ്യാത്ഭുതങ്ങൾ ഉള്ളം കയ്യിലായ ഖോജോ തങ്ങളുണ്ട്. താഴങ്ങാടി മഖാമിലുറങ്ങുന്ന അത്ഭുത സിദ്ധികളുള്ള ഷേയിഖിന്റെ ജാറമുണ്ട്. അവരാരും നമ്മളെ മേക്കിട്ടുകയറുകയില്ല. ധൈര്യമായി പോന്നോളൂ. ജൽദി...

അബ്ദിറഹ്മാൻക്ക എന്ന സഖാവ് ബദവി പറഞ്ഞ് ശരിയായിരുന്നു. പന്ത്രണ്ട് കൽപ്പടവുകളിറങ്ങി കമാനാകൃതിയിലുള്ള പള്ളി മുറ്റത്തെ മതിലും കടന്ന് ഞങ്ങൾ നീരൊഴുക്കുള്ള താഴങ്ങാടി ചെങ്കൽ പാതയിലിറങ്ങി നടന്നു. വഴിയിൽ യാതൊന്നിന്റെയും ഭൂത പ്രേത പിശാചുകൾ കുട്ടിച്ചാത്തന്മാർ കാണാമറയത്തേ ജിന്നുകൾ ഒന്നിന്റേയും ബുദ്ധിമുട്ടുകളുണ്ടായില്ല. ചെന്ന് കയറിയത് സഖാവിന്റെ വീട്ടിലേക്കായിരുന്നു. കോലായിൽ ഒരു കൂമ്പ് ചിമ്മിണി മങ്ങി കത്തുന്നുണ്ട്. ഞങ്ങൾ കോലായയിലെത്തിയിട്ടും അകത്ത് ആൾപ്പെരുമാറ്റം ഉണ്ടെന്ന് തോന്നിയില്ല. കോലായ തിണ്ണയിൽ പായ വിരിച്ചിട്ടുണ്ട്.

സഖാവ് ബദവി പറഞ്ഞു.

"ദാ ആ കൊട്ടിലിന്മേലും കോലായയിലും ഇരുന്നോളൂ."

ഉമ്മറവാതിലിനു മുട്ടി തൊണ്ട കാറെ ചുമച്ചു ശബ്ദമുണ്ടാക്കിയപ്പോൾ ഗൃഹനാഥനെ മനസ്സിലാക്കിയതു കൊണ്ടാവാം അകത്ത് നിന്ന് സംസാരം.

"ഇതാ വരുന്നു."

അകത്തേക്ക് കയറിപ്പോയ ആൾ തിരിച്ച് വരുമ്പോൾ കയ്യിൽ അല്പം കൂടി പ്രകാശമുള്ള ലാന്തർ വിളക്കുണ്ടായിരുന്നു. വിട്ടത്തിന്മേൽ കെട്ടിത്തൂക്കിയ കൊളുത്തിൽ വിളക്ക് തൂക്കിയിട്ടു. ഇപ്പോൾ കോലായിൽ ഇരിക്കുന്നവർക്ക് പരസ്പരം കാണാമെന്നായി. അപരിചിതന്മാർ ആരും ഉണ്ടായിരുന്നില്ല. എല്ലാവരും ആ ബീഡിപീടികയിൽ ഒത്തുകൂടുന്നവർ. കൂട്ടത്തിൽ അല്പം കൂടി പ്രായം കുറഞ്ഞവൻ ഞാനായിരുന്നു. വിദ്യാർത്ഥിയായ ഞാൻ. ബാക്കിയെല്ലാവരും ബീഡി തെറുപ്പുകാർ. അന്നന്ന് കൂലി വാങ്ങി പണിയെടുക്കുന്ന ബീഡി തെറുപ്പുകാർ. പുറത്തേ മുറ്റാതിർത്തിയിലെ മുള്ളു വേലി കടന്ന് വേറെ കുറച്ചു പേരെത്തി. അവരെല്ലാവരും പാർട്ടായാഫീസിൽനിന്ന് സഖാവ് ബദവിയെ തേടി വരുന്നവരായിരുന്നു. കൂട്ടത്തിൽ അരിക്കുളത്തേ സഖാവ് കൃഷ്ണൻ മാഷ്ടറും ശ്രീധരനും ഉണ്ടായിരുന്നു. സഖാവ് ബദവിയുടെ വീട്ടു കോലായ നിറഞ്ഞു. മുമ്പിലെ തിണ്ണയിലിട്ട പുല്ലുപായയിലും കോലായയിലെ പായവിരിച്ച നില

ത്തുമായി എല്ലാവരും ഇരുന്നപ്പോൾ സഖാവ് കൃഷ്ണൻ മാഷാണ് കാര്യം പറഞ്ഞത്. “പഞ്ചായത്ത് അടിസ്ഥാനമാക്കി തിരഞ്ഞെടുപ്പ് വരുന്നു. അഞ്ചും ആറും ഏഴും വാർഡുകളിൽ ലീഗ് സ്ഥാനാർത്ഥികളാണ്. മുൻകാലങ്ങളിൽ ലീഗ് സ്ഥാനാർത്ഥികൾക്ക് എതിർ സ്ഥാനാർത്ഥി ഉണ്ടാവുകയില്ല. ഏകപക്ഷിയമായി തെരഞ്ഞെടുത്തതായി പ്രഖ്യാപിച്ച് വിജയം. ഇത്തവണ അങ്ങിനെ ശരിയാവുകയില്ല. മൂന്ന് വാർഡുകളിൽ മുസ്ലീംലീഗ് സ്ഥാനാർത്ഥികൾക്കെതിരെയായി നമ്മൾ നിർത്തുന്ന കാൻണ്ടിഡേറ്റ്സ് സ്വതന്ത്രരായി മത്സരിക്കണം. ഞാൻ ചിലരേ കാണുന്നുണ്ട്. നമ്മുടെ കൂട്ടത്തിലെ സഖാവ് ബാവയാണ്. അഞ്ചാം വാർഡിൽ. മറ്റൊരാൾ സി.എച്ച് കാദർ കുട്ടി. ആറാം വാർഡിൽ. വേറൊരാൾ സഖാവ് മമ്മി. മൂന്ന് പേരും നമുക്കിടയിലെ ബീഡി തൊറുപ്പുകാരാണ്. അഞ്ചും ആറും ഏഴും വാർഡുകളിലെ മുസ്ലീം വോട്ടർമാരെ നമുക്ക് സ്വാധീനിക്കണം. പഞ്ചായത്ത് തെരഞ്ഞെടുപ്പ് നമ്മുടെ സ്ഥാനാർത്ഥികളുടെ രംഗപ്രവേശനത്തോടെ സജീവമാകണം. സ്ഥാനാർത്ഥികളെ നിർത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും നമുക്ക് ചർച്ച ചെയ്യാം.”

കൃഷ്ണൻ മാഷ്ടർക്കൊപ്പം വന്നത്തെയിയ സഖാവ് ചന്തുക്കുട്ടി നായരാണ് തെരഞ്ഞെടുപ്പിന്റെ സവിശേഷതകളെ കുറിച്ച് വിശദമായി സംസാരിച്ചത്. 1954 ൽ നടക്കാൻ പോകുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പാണ്. ഐക്യകേരള പ്പിറവിയ്ക്ക് മുമ്പുതന്നെ ജനങ്ങൾക്കിടയിലിറങ്ങാനുള്ള വഴിയാണ്.

എല്ലാം കേട്ടു കഴിഞ്ഞപ്പോൾ ഇനിയെന്ത് എന്നതിനെ കുറിച്ച് യാതൊരാൾക്കും ഒരാശങ്കയുണ്ടായിരുന്നില്ല. എല്ലാവരും വരുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പ് ചർച്ച ചെയ്ത് യാത്രപറഞ്ഞു പിരിഞ്ഞു. അങ്ങാടി ഭാഗത്തുള്ള വീട്ടിൽ താമസിക്കുന്ന എന്നെ വഴികാണിക്കാനും തുണ വരാനും അങ്ങാടിയുടെ കിഴക്ക് താമസിക്കുന്ന സഖാവ് മമ്മൂക്കയെ പ്രത്യേകം ഏർപ്പാടാക്കി.

അന്ന് രാത്രി വീട്ടുകേലായിലെ എന്റെ ചരു മുറിയിൽ ഞാൻ കിടന്നുറങ്ങിയത് വരാനിരിക്കുന്ന പഞ്ചായത്ത് തെറഞ്ഞെടുപ്പിനെ കുറിച്ചാലോചിച്ചായിരുന്നു. ഉറങ്ങാനും വൈകി രാവിലെ ഉണരാനും വൈകി. അന്ന് വൈകുന്നേരം ക്ലാസ് കഴിഞ്ഞയുടനെ പതിവുപോലെ ബാഡിപ്പീടികയിൽ എത്തി. അവിടെ തെരഞ്ഞെടുപ്പിനെ കുറിച്ചുള്ള കാര്യങ്ങൾ തന്നെയായിരുന്നു ചർച്ച. ബീഡി പീടികയുടെ മുകൾ നിലയിലെ മുറി തെരഞ്ഞെടുപ്പു സംബന്ധിച്ച പ്രവർത്തനങ്ങളുടെ കേന്ദ്രമായി.

പിന്നീട് ചരിത്രത്തിന്റെ ഭാഗമായി മാറി വാശിയോടെ നടന്ന ആ പഞ്ചായത്ത് തെരഞ്ഞടുപ്പ്.

സാധാരണ മുസ്ലീംങ്ങൾക്കിടയിൽ വലിയ ഒച്ചപ്പാടുകളുണ്ടാക്കി. മുസ്ലീം ലീഗിനെതിരായി മുസ്ലീംങ്ങലുടെ മുന്നണിപ്പോരാളികളുടെ ഒരു കൂട്ടായ്മ. രാഷ്ട്രീയ ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ സജീവമായി ലീഗ് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുന്ന വാർഡുകളിൽ എതിർകക്ഷികളായി നിൽക്കുന്നത് ബീഡി തെറുപ്പുകാരോ –? ഇതായിരുന്നു ആ തെരഞ്ഞെടുപ്പിലെ മുഖ്യ സംസാര വിഷയം. മൂന്നു വാർഡുകളിലെയും സ്ഥാനാർത്ഥികൾക്ക് കെട്ടിവച്ച പണം നഷ്ടപ്പെട്ടില്ല. എതിർ സ്ഥാനാർത്ഥികളായ മുസ്ലീം ലീഗ് സ്ഥാനാർത്ഥികൾക്കാണെങ്കിൽ മേലനങ്ങാതെ ജയിച്ചു കയറാനും പറ്റിയില്ല. വിജയമുറപ്പിക്കാൻ അവർക്കിത്തിരി സാഹസപ്പെടേണ്ടി വന്നു. വാർഡുകളിൽ പലയിടത്തും സ്വതന്ത്ര സ്ഥാനാർത്ഥികളായി മത്സരിക്കുന്ന ബീഡി തെറുപ്പുകാരായ സ്ഥാനാർത്ഥികൾക്ക് ഒരു പൊതുയോഗം ചേരാൻ പോലും അനുവാദമുണ്ടാവില്ലെന്നുറപ്പായിരുന്നു. വീടുവീടാന്തരം കയറിയുള്ള പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശകരായി മുന്നിൽ നിന്ന് പ്രവർത്തിച്ച സഖാവ് ബദവിക്കയും സഖാവ് ചന്തുക്കുട്ടി നായരും ശ്രീധരനും ഞങ്ങൽക്കാവേശവും ജാഗ്രതയും മാർഗ്ഗ നിർദ്ദേശവും പകർന്നുതന്നു.

സഖാവ് ബദവി എന്ന അബ്ദുറഹിമാൻക്ക പറഞ്ഞു. “നമ്മൾ വിചാരിച്ചാൽ ഏത് അനീതിയെയും ചെറുക്കാനുള്ള ശക്തി നമുക്ക് നേടാം എന്ന് മനസ്സിലായല്ലോ. ഏത് പ്രമാണിത്വത്തേയും നിലക്ക് നിർത്താൻ സാധാരണക്കാരായ കുറെ ബീഡി തെറുപ്പുകാർക്ക് സാധിക്കും എന്നിടത്തേക്ക് എത്തിചേർന്നല്ലോ. നമ്മളൊന്നിച്ച് നിൽക്കണം എന്നൊരു സംഘടനാ ബോധം സാധാരണക്കാരായ ബീഡി തെറുപ്പുകാർക്കും തൊഴിലാളികൾക്കും ഉണ്ടായല്ലോ. അതു തന്നെയാണ് തെരെഞ്ഞെടുപ്പു വിജയം. രാഷ്ട്രീ ലഷ്യം.”

വോട്ടെണ്ണൽ കേന്ദ്രത്തിൽ നിന്ന് സ്വതന്ത്ര സ്ഥാനാർത്ഥികൾ ഇറങ്ങിവരവെ അവർക്ക് ചുകപ്പ് മാല ചാർത്തി മുദ്രവാക്യം മുഴക്കി ടൗണിലൂടെ മുഷ്ടിചുരുട്ടി ജാഥനടത്തി.

ജാഥ ശക്തിയോടെ നീങ്ങിയപ്പോൾ വിജയോഘോഷം കൊണ്ടാടാൻ ഒരുങ്ങിയെത്തിയ പ്രമാണി സംഘം പകച്ച് നിന്നത് മായാതെ ഓർമ്മയിലുണ്ട്.

സഖാവ് ബദവി അബ്ദുറഹിമാൻക്ക ഏതാനും മാസങ്ങളെ പിന്നീട് ബീഡിതെറുപ്പ് ശാലയിലെത്തിയുള്ളു. നായർ ബീഡി സമരകാലത്ത് ലോക്കപ്പിൽ നിന്നേറ്റ പോലീസ് മർദ്ദനം ബോംബെയിലെ തുറമുഖ തൊഴിലാളികളുടെ സമരത്തിൽ സഖാവ് ഡാങ്കേയുടെയും സഖാവ് അജയഘോഷിന്റെയും നേതൃത്തിൽ അണിനിരന്ന സഖാക്കൾക്കൊപ്പം മുന്നണിപ്പോരാളിയായി ലോക്കപ്പിലകപ്പെട്ട സഖാവ് ബദവിക്കേറ്റ കൊടിയ മർദ്ദനം. പാർട്ടി നിരോധിക്കപ്പെട്ട കാലത്ത് അനുഭവിക്കേണ്ടി വന്ന ദുരിത പർവ്വങ്ങൾ. ഇതെല്ലാം സഖാവ് ബദവിക്കയെ ക്ഷയരോഗാശുപത്രിയിലെ സ്ഥിരം രോഗിയാക്കി. ഒടുവിൽ രക്തം ചർദ്ദിച്ചാണ് സഖാവ് ബദവി മരണപ്പെട്ടത്. മൃതശരീരം നാട്ടിലേക്ക് കൊണ്ടുപോയില്ല. ജില്ലാ കമ്മിറ്റിയിലെ സഖാക്കളുടെ ഒത്താശയോടുകൂടി ഞങ്ങൾ കുറച്ചു പേർ കണ്ണംപറമ്പ് ശ്മശാനത്തിലേക്ക് ഉച്ചവെയിലേറ്റ് നടന്നു. ഖബറടക്കത്തിന്നുള്ള ഒരുക്കങ്ങൾ ജില്ലാ കമ്മിറ്റി ഏർപ്പാടാക്കിയിരുന്നു.

ഖബറടക്കം നടക്കുന്നതിനിടയിൽ ബദവിക്കയുടെ മകൻ പതുക്കെ പറയുന്നുണ്ടായിരുന്നു “നാട്ടിലേക്ക് കൊണ്ടു ചെല്ലണ്ടായെന്നാണ് ഉമ്മ പറഞ്ഞത്. അവിടെ കബർ സ്ഥാനിയിൽ ഉപ്പയെ അടക്കം ചെയ്യാൻ പള്ളി കമ്മിറ്റിക്കാർ തടസംനിൽക്കും

എന്ന് ആരോ ഉമ്മയെ പേടിപ്പിച്ചിരുന്നു. നാട്ടിൽ പ്രമാണിമാരായ മുസ്സീംങ്ങളെയും പള്ളി ഭാരവാഹികളെയും മഹല്ലുകാരേയും കൂട്ടാക്കാതെ ജീവിച്ച ഒരു താന്തോന്നി എന്നാണ് പള്ളി കമ്മറ്റിക്കാർ പറഞ്ഞതത്രെ."

കണ്ണംപറമ്പിൽ ആ വക പ്രശ്നങ്ങളൊന്നും ഉണ്ടായില്ല. സഖാവ് ബദവി എന്ന് നാട്ടുകാർ വിളിക്കുന്ന അബ്ദുറഹിമാൻക്കായെ അവിടെ അടക്കം ചെയ്തു ഞങ്ങൾ വൈകുന്നേരത്തെ തീവണ്ടിക്ക് നാട്ടിലേക്ക് പുറപ്പെട്ടു. മകനും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. അവനെയും തുണകൂട്ടി ഞങ്ങൾ വീട്ടിലെത്തിയപ്പോൾ സഖാവിന്റെ വിധവ പറയുന്നത് കേട്ടു "നാളെ തൊടങ്ങി ചെക്കൻ ബീഡി പീടികയിലേക്ക് പോന്നോട്ടെ. ആരുടെയെങ്കിലും മുറത്തിന്റെ മുമ്പിലിരുന്ന് ബീഡിക്ക് വാലടച്ച് നൂല് കെട്ടാൻ മെനക്കെട്ടിരുന്നോട്ടെ. തൂപുകയാൻ അതൊന്നേ വഴിയുള്ളു."

അകത്തു നിന്നുയരുന്ന ഏങ്ങികരച്ചിലുകൾ പുറം കോലായയിലിരിക്കുന്ന ഞങ്ങൾക്കൊക്കെ കേൾക്കാമായിരുന്നു...

സഖാവ് ബദവിക്ക തുടങ്ങിവച്ച യജ്ഞം പൂർണ വിജയമായി കലാശിച്ച ദിവസത്തിനും ഞങ്ങൾ സാക്ഷ്യം വഹിച്ചിരുന്നു. കാലങ്ങൾക്ക് ശേഷം ഐക്യ കേരള പിറവിയോടനുബന്ധിച്ചു നടന്ന പൊതു തെരഞ്ഞെടുപ്പിൽ പാർട്ടി അധികാരത്തിൽ കയറുന്ന സുദിനത്തിന് സാക്ഷ്യം വഹിച്ചു. പിന്നീട് നടന്ന മുനിസിപ്പൽ ഇലക്ഷനിൽ ആറാം വാർഡിൽ നിന്ന് ഇടത് പക്ഷ പിന്തുണയോടെ ഒരു മിസ്സീം വനിത സ്ഥാനാർത്ഥി വമ്പിച്ച വിജയം നേടി. മുനിസിപ്പാൽറ്റിയുടെ ഭരണം പാർട്ടിയുടെ കൈയിലേക്ക് നീങ്ങുന്നതും കണ്ടു. വനിതകൾക്ക് സംവരണം ചെയ്ത സീറ്റ്. പണ്ട് നാട്ടിൽ താറാവ് മുട്ട വിറ്റ് നടന്ന് നിത്യ ഉപജീവനം കഴിച്ച ഒരു സഖാവിന്റെ മകൾ കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അന്നവിടെ ആറാം വാർഡിൽ ഒരു സ്വീകരണയോഗം നടന്നിരുന്നു. ആ യോഗത്തിൽ എനിക്ക് പങ്കെടുക്കാനായില്ല. ഞാനന്ന് സർക്കാർ സർവ്വീസിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു. പക്ഷെ അന്ന് ടൗണിന് നടുവിലെ ആ ബീഡി പീടികയിലിരുന്നു. ബീഡി തെറുത്ത് ജീവിതം.നയിച്ചിരുന്ന ബാവ എന്ന സഖാവ് പണ്ട് ആറാം വാർഡിൽ സ്വാതന്ത്ര്യ സ്ഥാനാർത്ഥിയായി മത്സരിച്ച സഖാവ് വാർദ്ധക്യസഹജമായ അസുഖങ്ങളെയെല്ലാം മറികടന്നു കൊണ്ട് അന്ന് പ്രസംഗിക്കുന്നത് കേട്ടു. "ഈ വാർഡിൽ അന്ന് ഞങ്ങൾക്ക് പ്രസംഗിക്കുവാൻ പോലും ഒരിടം കിട്ടിയിരുന്നില്ല. എങ്കിലും വീട് വീടാന്തരം കയറി സ്വാതന്ത്ര സ്ഥാനാർത്ഥികളുടെ വിജയത്തിനുവേണ്ടി പ്രവർത്തിക്കുവാൻ ഞങ്ങൾക്ക് സാധിച്ചു. വോട്ട് ചോദിച്ച് ഞങ്ങൽ കയറി വരുന്നത് കണ്ട് ആരും വാതിൽ അടച്ചിട്ടില്ല. സഹാനുഭൂതിയുടെ പേരിൽ ഒരു വോട്ടും ഞങ്ങൾക്ക് കിട്ടിയില്ല. എന്നാലും ഞങ്ങൾ സഖാക്കൾക്ക് കുറേ വോട്ടുകൾ നേടിയെടുക്കാൻ കഴിഞ്ഞിരുന്നു. അന്ന് ഈ വാർഡുകളിൽ ഞങ്ങൾ പാകിയ പുരോഗമന പ്രസ്ഥാനത്തിന്റെ വിത്താണ് ഇന്നിവിടെ ജയിച്ച സ്ഥാനാർത്ഥി. കാലം പുരോഗമന ശക്തികളുടെ ഭാഗത്താണ് എന്ന് സ്ഥാപിക്കപ്പെട്ട സ്ഥാനാർത്ഥി."

വിറയാർന്ന ശബ്ദത്തിൽ സഖാവിന്റെ ആ പ്രസംഗം കണ്ണംമ്പറമ്പ് ശ്മശാനത്തിലുറങ്ങുന്ന സഖാവ് ബാദവിക്കയുടെയരികെ പടിഞ്ഞാറെ കടൽത്തിരകളിലൂടെ നിന്തിയെത്തിയിരിക്കണം. അന്നവിടെ അനുമോദനത്തിനൊത്തുകൂടിയ ജനങ്ങളൊട്ടാകെ, വിജയം നേടിയ സ്ഥാനാർത്ഥിയും, ആ പഴയ സഖാവിന്റെ വിജയഹ്ലാദ ശബ്ദം ഉൾക്കൊണ്ടിട്ടാവണം തെരഞ്ഞെടുപ്പ് വിജയം നേടിയ പുതിയ പ്രവർത്തക ആ ആവേശ വാക്യങ്ങളുടെ മുഴുവനർത്ഥവും ഉൾക്കൊണ്ട് മറുപടി പ്രസംഗത്തിനൊടുവിൽ മുഷ്ടി ചുരുട്ടി ഉറക്കേ മുദ്രവാക്യം മുഴക്കിയിത്... ■



Yes Key Electricals & Engineering Works
Puthiyapalam, Calicut
Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikreema Rectifiers etc
കൂടാതെ എല്ലാവിധ ഇലട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്തുകൊടുക്കുന്നു.
NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.
K.P. Sunil Kumar Mob:9847390950
Ph:04952702073,Resi:9048594525

HASBI
TOURS & TRAVELS

Meenchanda
Areekad
Calicut-27
Mob: SAHIR
9895 999 100
9349 666 100


കഥ



കെ.വി. പ്രഭാകരൻ

# യാത്രാമൊഴി



കുളക്കോഴികൾ ചേക്കേറുന്ന കൈതക്കാടുകൾ. അതിനപ്പുറം ശാന്തമായൊഴുകുന്ന കൈതേരിപ്പുഴ. നരച്ച ആകാശത്തിന്റെ നിറം മേനിയിൽ ചാർത്തി പുഴ കടലിലേക്ക് പ്രയാണമാരംഭിച്ചിട്ട് കാലമെത്രയോ കടന്നുപോയി. തീരത്ത് പടർന്ന് പന്തലിച്ചുനിൽക്കുന്ന അരയാൽ മുത്തശ്ശൻ, പുഴയുടെ കണ്ണീരും കുതിപ്പുംകണ്ട് എത്രയെത്ര കഥകൾ നെയ്തെടുക്കുന്നുണ്ടാകും.

പുഴക്കരയിലെ അലക്കുകല്ലിൽ ഒരു പൊന്മാൻ വന്നിരുന്ന് പുഴയിലൂടെ നീന്തിക്കളിക്കുന്ന പരൽമീനുകളെ നോക്കി. തരം കിട്ടുമ്പോൾ അവയെ റാഞ്ചിയെടുത്ത് പറക്കാമല്ലൊ.

ഇതവൾ വസ്ത്രങ്ങൾ അടിച്ചു കഴുകിയ അലക്കുകല്ലായിരുന്നു എന്ന് അതിലിരിക്കുന്ന പൊന്മാനറിയില്ലല്ലോ.

ദിവസവും അതിരാവിലെ അലക്കാനായി വരുന്ന അവൾ എവിടെ പോയെന്ന് തീരത്തിനോ, തീരത്ത് വസിക്കുന്ന കുളക്കോഴികൾക്കോ, അരയാൽ മുത്തശ്ശനോ അറിയില്ല.

വേരുകളിലൊന്നിൽ അവളിരുന്ന് പുഴ വളയുന്ന ദിശയിലേക്ക് ദൃഷ്ടിയുറപ്പിച്ചു. അരയാലിന്റെ വേരുകളെ തഴുകിയൊഴുകുന്ന പുഴയുടെ തെളിനീരിലൂടെ ഓർമ്മകൾക്ക് നിറം പകർന്നു.

പാകിയ വിറകുകൊള്ളികൾക്കിടയിലൂടെ അരിച്ചെത്തിയ അഗ്നിനാളങ്ങൾ ശരീരത്തിലേക്ക് ആവേഗത്തോടെ കയറിയപ്പോൾ മനസ്സ് കഠിനമായ വ്യഥയാൽ തപിക്കാൻ തുടങ്ങി.

താൻ ചെയ്തത് ശരിയൊ?

ഇതുകൊണ്ട് ആരുടെയെങ്കിലും കണ്ണ് തുറപ്പിച്ചോ?

അച്ഛനമ്മമാരുടേയും കുഞ്ഞനുജന്റേയും ദുഃഖം അവളിലേക്ക് നിഴൽ കാഴ്ചകളായി വന്നു ചേർന്നു. അഞ്ചുസെന്റിൽ ഒടിഞ്ഞുകുത്തിയ ഒരോലപ്പുര. അവിടെ പറമ്പിന്റെ അതിരിൽ ഒരുക്കപ്പെട്ട ചിത. ചിതയിലെ വിറകുപാളികളിൽ ഒഴിച്ച നെയ്യിന്റേയും എണ്ണയുടേയും വിതറിയിട്ട രാമച്ചത്തിന്റെയും മുകളിൽ വെള്ള വസ്ത്രത്തിലാവരണം ചെയ്ത് കിടന്നപ്പോൾ എന്തായിരുന്നു ആലോചിച്ചത്?

ജനിച്ചുവീണ മണ്ണിലെ കർമ്മങ്ങൾക്ക് അന്ത്യമായെന്ന ചിന്ത മനസ്സിനെ മഥിച്ചപ്പോൾ കണ്ടെത്തിയതായിരുന്നു ഈ മാർഗ്ഗം. ദൈന്യാവസ്ഥയും ദാരിദ്രാവസ്ഥയും കാണാക്കയത്തിലേക്ക് കുടുംബബന്ധങ്ങളെ കശക്കിയെറിഞ്ഞപ്പോൾ തീരുമാനിച്ചുറപ്പിച്ചതായിരുന്നു ഈ വഴി.

പക്ഷെ താൻ തിരഞ്ഞെടുക്കേണ്ട പോംവഴി ഇതായിരുന്നോ?

ചിതാഗ്നി മന്ദം മന്ദം അട്ടിയിട്ട വിറകുകൾക്കിടയിലൂടെ കയറിവരുകയും പിന്നീട് ആവേശത്തോടെ കത്തിപ്പടരുകയും ചെയ്തപ്പോൾ വേപഥുപൂണ്ട മനസ്സ് മറിച്ചൊന്ന് ചിന്തിച്ചുപോയോ?

പക്ഷെ അതുകൊണ്ടെന്തുഫലം?

ചിന്തകൾക്കുപോലും ചൂടേറ്റ് ഉരുകിയൊലിക്കാൻ തുടങ്ങിയ അവസ്ഥയിൽ ഇനിയെങ്ങനെ തിരിച്ചുനടക്കാൻ കഴിയും?

അല്ലെങ്കിലെന്തിനീ പൊല്ലാപ്പിനിറങ്ങിത്തിരിച്ചു. കൊക്കിലൊതുങ്ങുന്നതല്ലെ കൊത്താൻ പറ്റൂ.

അൽപം ബുദ്ധികൂർമ്മതയുണ്ടായിപ്പോയതിനാൽ പഠിക്കുന്ന കാര്യങ്ങൾ എല്ലാം ഓർമ്മയിൽ തങ്ങിനിന്നു.

ദാരിദ്രമായിരുന്നെങ്കിലും അതിന്റെ തീച്ചൂളയിലൂടെ അർഹതയുള്ളത് നേടിയെടുക്കാനുള്ള പുറപ്പാടായി. പക്ഷെ ആരറിഞ്ഞു ഇങ്ങനെയൊക്കെ സംഭവിക്കുമായിരുന്നെന്ന്?

അമ്മയുടെകൂടെ പായ നെയ്തും കുട്ടമെടഞ്ഞും ജീവിക്കാമായിരുന്നു.

അച്ഛനെ മത്സ്യ വിൽപ്പനയിൽ സഹായിക്കാമായിരുന്നു.

എത്താത്തകൊമ്പത്ത് കേറിപ്പിടിക്കാനുള്ള തന്റെ മോഹമല്ലെ എല്ലാം തകർത്തത് അങ്ങിനെ ചിന്തിച്ചപ്പോൾ തോന്നിയ മാർഗ്ഗമാ

യിരുന്നു ഇത്.

പക്ഷെ അത് അല്പം ക്രൂരമായിപ്പോയി ഇല്ലെ?

ഇതിനേക്കാൾ എളുപ്പമാർഗ്ഗങ്ങൾ എത്രയുണ്ട്!

അതൊന്നും തെരഞ്ഞെടുക്കാതെ ആ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ നിന്നും താഴോട്ട്.... താഴോട്ട്...... പറന്ന്...... പറന്ന്

ഭൂമിയെ ചുംബിച്ചുകിടന്നു.

പിന്നെ ഇരുട്ട് കാണാത്ത കേൾക്കാത്ത ഇരുട്ട് ആരൊക്കെയോ ഓടിവന്നു. പ്രജ്ഞയറ്റ് കിടന്ന ശരീരത്തിലേക്ക് കുനിഞ്ഞുനോക്കി.

ചിലർ അലറിക്കരയുന്നു

ചിലർ ഒച്ചയിടുന്നു

ആരവങ്ങൾ

ഉൽക്കണ്ഠയുടെ

ഭീതിയുടെ

വിഷമത്തിന്റെ

ആവലാതിയുടെ

താങ്ങിയെടുക്കുന്നു. സൈറൺ മുഴക്കി കിതച്ചെത്തുന്ന ആംബുലൻസ്. പിന്നെ ആശുപത്രിയിലേക്കുള്ള കുതിപ്പ്.

എല്ലാം നോക്കി സംതൃപ്തിയോടെ ഇവൾ കിടന്നു.

മോർച്ചറിയിൽ കീറിമുറിക്കപ്പെട്ട ദേഹത്തിനരുകിൽ ഒരു വേഴാമ്പലിനെപ്പോലെ.........

പിന്നെ വിലാപയാത്ര

സഹപാഠികൾ

നാട്ടുകാർ

സുഹൃത്തുക്കൾ

വീടെത്തുമ്പോൾ കുടിലിന് ചുറ്റിലും അയൽവാസികളുടെ കൂട്ടം. അവിടെ കണ്ണീർ മഴയിൽ പരിസരം വിറങ്ങലിച്ച് നിന്നു. ദുഃഖം ഘനീഭവിച്ച മുഖങ്ങളോടൊപ്പം പ്രകൃതിയുടെ മുഖവും ഇരുണ്ടു.

കണ്ണുനീർപോലെ മഴ ചാറിക്കൊണ്ടിരുന്നു.

കാറ്റിന്റെ നുറുങ്ങുകൾ ഇടക്കിടക്ക് ശവമഞ്ചത്തെ തഴുകി ഓമനിച്ചു.

അമ്മ കിടക്കുകയായിരുന്നു.

അനക്കമില്ലാതെ

കോലായിലെ ചാരുബെഞ്ചിൽ അച്ഛൻ വിദൂരതയിലേക്ക് നോക്കിയിരുന്നു

അനുജന്റെ പൊട്ടിക്കരച്ചിൽ മാനംമുട്ടെ ഉയർന്നു.

ആരേയും ആശ്വസിപ്പിക്കാൻ കഴിയാതെ ഈയുള്ളവൾ എല്ലാവരുടേയും കാഴ്ചവസ്തുവായി സുഖസുഷുപ്തിയിൽ കിടന്നു.

ചിതയിലേക്കുള്ള യാത്ര

കൂട്ടക്കരച്ചിൽ

'എന്റെ പൊന്നുമോളെ.... മീനു.....'

അമ്മയുടെ ആർത്തനാദം കർണ്ണങ്ങളിലൂടെ തുടരെ തുടരെ കയറുകയും ഇറങ്ങുകയും ചെയ്തു.

അതെ അമ്മെ! മീനു യാത്ര പറയുന്നു!

അനന്തതയിലേക്ക്

നിത്യമായ ഉറക്കത്തിലേക്ക്

ഒരിക്കലും തിരിച്ചുവരാൻ കഴിയാത്ത ക്ഷീരപഥത്തിലേക്ക്

ജീവിതത്തിന്റെ എല്ലാ കുരുക്കുകളും ഇവിടെ അഴിക്കപ്പെടുന്നു

ഇനി സ്വതന്ത്രമായി ഒരു വെള്ളരിപ്രാവിനെപ്പോലെ ഈ പ്രപഞ്ചമാകെ ഒഴുകിനടക്കും ക്ഷമിക്കൂ......

ചെയ്തുപോയത് അത്രയും പാതകമായിപ്പോയി ഇല്ലെ! ഇതവർക്കൊരു പാഠമാകുമോ?

തിരിച്ചറിവിനുള്ള മാർഗ്ഗമാകുമോ?

അധികാരിവർഗ്ഗത്തിന്റെ കണ്ണ് തുറപ്പിക്കുമോ?

പണവും പദവിയുമുള്ളവർക്ക് മാനസാന്തരം വരുമോ?

ഇല്ലെങ്കിൽ

ഇതുപോലെ ഒരുപാട് മീനുമാർ ഉണ്ടാവും

അങ്ങിനെ സംഭവിക്കാതിരിക്കാൻ.............

ഈ ചിതയുടെ നാളത്തിൽനിന്നും ഒരു കൈത്തിരിയെങ്കിലും നിങ്ങൾ കത്തിച്ചെടുത്ത് അത് തീപന്തമാക്കി ജീർണ്ണിച്ചുപോയ മനസ്സുകൾക്ക് നേരെയെറിയൂ....!

അവ കത്തി ചാമ്പലാവട്ടെ

എല്ലാം ക്ഷമിക്കാനും സഹിക്കാനും കഴിയുന്നവർ നമ്മൾ

എല്ലാം തണുത്തു

ശമിച്ചു

പുഴ ഒഴുകിക്കൊണ്ടേയിരുന്നു.

അരയാൽ മുത്തശ്ശന്റെ വേരുകളെ തഴുകി കടന്നുപോകുന്ന ഓളങ്ങളിൽ അവൾ തന്റെ അസ്ഥിത്വം തേടി പിന്നെ കുളിച്ചുതോർത്തി വീടിനെ ലക്ഷ്യമാക്കി നടന്നു.

വഴിയിൽ കുളക്കോഴികളുടെ ശബ്ദം

അരയാലിലകൾ തെന്നലിലാടുന്നു

അത്തിമരത്തിലിരുന്ന് ചെമ്പോത്ത് ചിലച്ചു

അരയാലിൽനിന്നും കീഴ്പ്പോട്ടിറങ്ങിയ കാറ്റിൽ ലയിച്ച് അവൾ തന്റെ കുഴിമാടത്തിലെത്തി

കല്ല്കെട്ടി സിമന്റ് പൂശിയ തന്റെ അസ്ഥിമാടം

അതിനകത്ത് ചേമ്പും പാഴ്ചെടികളും

അതിനടിയിലാണല്ലൊ തന്റെ നിത്യമായ ഉറക്കം

കൂരയുടെ സ്ഥാനത്ത് ഒരു ചെറിയ ഓടിട്ട വീട്. അത് തന്റെ സ്വപ്നമായിരുന്നല്ലൊ. സമരത്തിന്റെ തീച്ചൂളയിൽ ഹോമിക്കപ്പെടുന്നവരുടെ തലമുറകൾ തീർത്തുകൊടുത്ത വീട്. തന്നെപ്പോലെ വിവേകമില്ലാതെ പ്രവർത്തിക്കുന്നവരുടെ കുടുംബത്തെ ആശ്വസിപ്പിക്കാൻ അവർക്കിനിയും കരുത്തുണ്ടാകട്ടെ.

സന്ധ്യക്കിപ്പോൾ കറുത്ത രാശി കലരുകയായിരുന്നു. വടക്കുപടിഞ്ഞാറ് ഭാഗത്ത് വെട്ടിത്തിളങ്ങുന്ന ഒരു നക്ഷത്രമുദിച്ചു. നക്ഷത്രത്തിന്റെ ദീപ്തമായ പ്രകാശം ആ വീടിനെ വലയം ചെയ്തു. ആ പ്രകാശധാരയിൽ അവൾ കണ്ടു.

മിഴികളിലെ ദുഃഖച്ഛായ മാറാതെ ഇപ്പോഴും കുഴിമാടത്തിലേക്ക് കണ്ണും നട്ടിരിക്കുന്ന തന്റെ അമ്മയെ.

ഇന്നുരാത്രി ഇവിടെ കഴിയണം. അമ്മയുടെ ചൂടേറ്റ് കിടക്കണം

അവളിൽ ഒരു തേങ്ങലുണർന്നു

അവൾ അമ്മയെ വിളിച്ചു

'അമ്മേ ഇതെന്തൊരു ഇരിപ്പാ.....'

അമ്മ മറുപടി പറഞ്ഞില്ല. അവൾ സാവധാനം കോലായിൽ കയറി. പിന്നീട് അകത്തേക്ക്. തന്റെ പുസ്തകവും മറ്റും അടുക്കിവെച്ചിരിക്കുന്നു. അവിടെയുള്ള മേശക്കരികിലിരുന്ന് അനുജൻ പഠിക്കുന്നു.

'മോനെ അനിയാ.......'

അവനും വിളി കേട്ടില്ല. അച്ഛൻ ഇരുട്ടാകുമ്പോഴേ എത്തൂ. അച്ഛൻ വന്നിട്ട് കാര്യങ്ങൾ ചോദിക്കാം. അവൾ അകത്തുനിന്നും പുറത്ത് കടന്നു. അച്ഛന്റെ സൈക്കിളിന്റെ മണി മുഴങ്ങി. അച്ഛൻ വന്ന് സൈക്കിൾ സ്റ്റാന്റിൽ നിർത്തി കോലായിൽ കയറി. അവൾ അച്ഛനെ സാകൂതം നോക്കി.

'അച്ഛാ.....' അവൾ വിളിച്ചു.

പക്ഷെ അവളുടെ ശബ്ദം അച്ഛനും കേട്ടില്ല. എല്ലാം താൻതന്നെ വരുത്തിവെച്ചതാണല്ലൊ. അവർ മൂന്നുപേരും തന്നോ

ടിങ്ങിനെ പറയുന്നുണ്ടോ? അവളുടെ ഉള്ള് പിടഞ്ഞു. കരച്ചിൽ വന്ന് കൺതടങ്ങളെ മൂടി.

അമ്മയുടെ മാറിനോട് പറ്റിച്ചേർന്ന് മുലകൾ നുണഞ്ഞ് എത്രയെത്ര അനുഭൂതികളിലൂടെ സഞ്ചരിച്ചിട്ടുണ്ട്. കുളിപ്പിച്ച് തോർത്തുമ്പോൾ ഓടിയകലുന്ന തന്നെ എത്ര ശാസിച്ചിട്ടുണ്ട്. എന്താവശ്യപ്പെട്ടാലും കഷ്ടപ്പാടുകൾക്ക് നടുവിൽ നിന്നുപോലും എല്ലാം സാധിച്ചുതന്നിരുന്ന അച്ഛൻ. തന്റെ കൊച്ചുപാവാടയിൽ തൂങ്ങി കിന്നാരം പറയുന്ന കൊച്ചനുജൻ.

എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു

ഇനി ഒന്നും തനിക്ക് തിരിച്ചു ലഭിക്കില്ല.

അവൾ തന്റെ കുഴിമാടത്തിനടുത്തേക്ക് നീങ്ങി

കിഴക്ക് വെള്ള കീറുന്നു.

ഇവിടം തനിക്കന്യമായിരിക്കുന്നു.

അവൾ ഇറങ്ങിനടന്നു.

ജന്മാന്തരങ്ങളുടെ അകലങ്ങളിലെ വെളിച്ചം അവളിൽ നിറഞ്ഞു. അനർഥമായ ജീവിതസഞ്ചാരങ്ങളുടെ ഗതിവേഗങ്ങൾ ഒരു തിരിച്ചറിവായി മനസ്സിലേക്ക് കടന്നുവന്നു. പ്രഭാതത്തിന്റേയും പ്രദോഷത്തിന്റേയും നിറചാർത്തുകൾക്ക് ഒരേ ഭാവം. തീവ്രമായ ഏകാന്തതയുടെ ചവിട്ടുപടിയിലൂടെ അവൾ നടന്നു.

ഉടലില്ലാതെ വെറും പ്രാണനായി–

അസ്ഥിമാടത്തിലൂടെ

പുഴക്കരയിലേക്ക്

പുഴക്കക്കരെ കാഴ്ചകൾ മറക്കുന്ന മൂടൽമഞ്ഞ്. മഞ്ഞിന്റെ പാളികൾ മാറ്റി ഒരു ചിത്രം തെളിഞ്ഞു. പിന്നെ അത്യുച്ചത്തിലുള്ള ആപ്ത വാക്യങ്ങൾ. അത് മുദ്രഗീതങ്ങളായി അവിടമാകെ മാറ്റൊലികൊണ്ടു. പിന്നെ ആ കാഴ്ചയിലൂടെ അവൾ വളർന്നു. ആയിരങ്ങളുടെ മുഖദർശനങ്ങൾ. അവർക്കെല്ലാം തന്റെ ഛായ. മഞ്ഞിൻപാളികളെ ചുരുട്ടിയ മുഷ്ടിയാൽ തട്ടിമാറ്റി അവർ കുതിക്കുകയായിരുന്നു. അവരുടെ കൈകളിൽ സമാധാനത്തിന്റേയും കരുത്തിന്റേയും സ്നേഹത്തിന്റെയും മന്ത്രങ്ങൾ ധ്വനിപ്പിക്കുന്ന ശുഭ്രപതാകകളുണ്ടായിരുന്നു.

ഇപ്പോൾ വെളിച്ചം പരിസരമാകെ പടർന്നു.

ദീപ്തമായ ആ പ്രകാശത്തിലൂടെ മനസ്സിലെ ശേഷിച്ച ഇരുട്ടിനെ കഴുകിമാറ്റി അവൾ യാത്രയായി. ■



# കെ.വി. പ്രഭാകരൻ.

മലയാളനാട്ടിൽ തെക്കുമുതൽ വടക്കുവരെ അങ്ങോളം മിങ്ങോളം ജനങ്ങൾ അറിയപ്പെടുന്ന പ്രശസ്തിയ്ക്കു ഭാഗ്യമുണ്ടാവാതെ പോയ കഴിവുറ്റ അതുല്യനായ കലാകാരനും സാഹിത്യകാരനുമായ ശ്രീ. കെ.വി പ്രഭാകരൻ 2012 മെയ് 22 ന് നമ്മെ വിട്ടുപിരിഞ്ഞിട്ട് ഇന്നേക്ക് 8 വർഷമായി. മരണത്തിന്റെ മുൻപുള്ള കാലങ്ങളിൽ അദ്ദേഹത്തിന്റേതായി 15 ൽ അധികം കഥകളും അത്രതന്നെ ലേഖനങ്ങളും "നക്ഷത്രരാജ്യം" മാസികയായി പ്രസിദ്ധീകരിക്കുന്ന കാലയളവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാഹിത്യ രചയിതാവ് എന്നതിലുപരിയായി അദ്ദേഹത്തിനെ സമൂഹം അറിയപ്പെടുന്നത് നല്ലൊ1രു നാടകരചയിതാവ്, സംവിധായകൻ എന്നനിലയിലായിരുന്നു. കോഴിക്കോട് കൊയിലാണ്ടിയിൽ പന്തലായനി സ്വദേശിയാണ് പ്രശസ്ത കലാകാരനും സാഹിത്യകാരനുമായ ശ്രീ. കെ.വി പ്രഭാകരൻ. തിരുവങ്ങൂർ ഹൈസ്ക്കൂൾ അദ്ധ്യാപവൃത്തിയിലിക്കുന്ന സമയത്ത് എഴുതിയ "അഗ്നി നിലങ്ങലിൽ മഞ്ഞു പെയ്യുന്നു" എന്ന നോവലിന് കേരളത്തിലെ അദ്ധ്യാപക സംഘടന വർഷം തോറും നൽകി വരുന്ന അവാർഡിന് അർഹനായി. നക്ഷത്രരാജ്യം മാസികയിൽ 2008 ഒക്ടോബർ മുതൽ ഖണ്ഡശ്ശയായി "അഗ്നി നിലങ്ങളിൽ മഞ്ഞു പെയ്യുന്നു" എന്ന നോവൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാര്യ: ശുഭ ആഞ്ഞോളി (ഫറോക്ക് യു.പി സ്ക്കൂൾ എച്ച് എം.) മക്കൾ: അഭിൽ പി.എസ്, അതുൽ പി.എസ്. പരേതന്റെ ആത്മാവിനു നിത്യ ശാന്തിയുണ്ടാകാൻ സാഷ്ടാഗം നമിക്കുന്നു.

**നക്ഷത്രരാജ്യ ഇ.രാധാകൃഷ്ണൻ**
**മനേജിങ്ങ് എഡിറ്റർ, പബ്ലിഷർ**
**നക്ഷത്രരാജ്യം ത്രൈമാസിക**
**മാങ്കാവ്, കോഴിക്കോട്- 673007**
**ഫോൺ: 9847649567, 9744233997**

കഥ



മനോജ് കെ.കെ.

# അമ്മയ്ക്ക് ഒരുമ്മ



**ഞാ**ൻ യാത്ര ചെയ്യുന്ന ട്രെയിൻ വളരെ പതുക്കെയാണ്. ഒരു സ്റ്റേഷനിൽ നിന്ന് മറ്റൊരു സ്റ്റേഷനിലേക്ക് പോകുന്നത് കാരണമെന്തെന്ന് അറിഞ്ഞുകൂടാ. രാവിലെ ആറര മണിക്ക് അവസാനത്തെ സ്റ്റേഷനിൽ എത്തേണ്ടതായിരുന്നു. പക്ഷേയിപ്പോൾ സമയം പതിനൊന്ന് മണിയായി ഇനിയും വളരെയകലെയാണ് എത്തേണ്ട സ്ഥലം.

ആകെ ഒരു മരവിച്ച അവസ്ഥയിലാണ് ഞാൻ ഇരിക്കുന്നത്. കാരണം എന്റെ അമ്മ മരിച്ചിട്ട് ഇന്നേക്ക് പതിനേഴ് ദിവസം തികയുന്നതേയുള്ളൂ. അപ്പോഴാണ് തിരിച്ച് ലീവ് കഴിഞ്ഞ് ജോലിസ്ഥലയ്ക്കുള്ള യാത്ര. ഈ വർഷത്തെ അവസാനത്തെ ലീവും കഴിഞ്ഞു. ട്രെയിൻ ലേറ്റായതുകാരണം ഇന്ന് ഇനി ഓഫീസ്സിലേക്കു പോകുവാൻ കഴിയുകയില്ല. മാനേജരോട് എന്താണ് പറയേണ്ടത് എന്നറിയില്ല.

കൂടെ മുഖപരിചയമുള്ള കുറച്ച് പേർ യാത്ര ചെയ്യുന്നുണ്ട് ഏറ്റവും അടുത്ത് പരിചയമുള്ള പവിത്രേട്ടനുമുണ്ട്. പവിത്രേട്ടനറിയാം. എന്റെ അമ്മ മരിച്ചിട്ട് തിരിച്ച് വരുന്ന വഴിയാണ്യെന്ന്. അത് കൊണ്ട് തന്നെ പവിത്രേട്ടൻ എന്റെ മുഖം കണ്ട് മനസ്സിലാക്കി കുശലന്വേഷണത്തിന് പ്രസക്തിയില്ലെന്ന്. ഒന്ന് രണ്ട് ചോദ്യങ്ങളേ പവിത്രേട്ടൻ ചോദിച്ചിട്ടുള്ളൂ. മറ്റുള്ളവർ പല തമാശകളും പറഞ്ഞ് ഈ വൈകിയോടുന്ന വണ്ടിയിലെ യാത്ര ആസ്വദിക്കുന്നു. എല്ലാം കേൾക്കുന്നുണ്ട് പക്ഷേ ഒന്നു തന്നെ തലയിൽ കയറുന്നില്ല. ആകെ ഒരു മരവിപ്പായിരുന്നു. കൂട്ടത്തിൽ ഒരാൾ തമാശയിൽ എന്നോട് ചില കാര്യങ്ങൾ പറഞ്ഞു. എനിക്കൊന്നും മനസ്സിലായതേയില്ല. കാരണം ഒന്നും തന്നെ ഉൾക്കൊള്ളാനുള്ള മനസ്സായിരുന്നില്ല എന്റെ അവസ്ഥ. അപ്പോഴാണ് അയാളുടെ തമാശ പറച്ചിലിനു പവിത്രേട്ടൻ കടിഞ്ഞാണിട്ടത്. "വേണ്ട ഒന്നും പറയണ്ട.. നന്ദൻ ഇപ്പോൾ തമാശ കേൾക്കാനുള്ള അവസ്ഥയിലല്ല. അയാളുടെ അമ്മ മരിച്ചിട്ട് അധികം നാളായിട്ടില്ല. വിട്ടേക്കു "യെന്ന് പവിത്രേട്ടൻ പറഞ്ഞതും അയാൾ സോറി പറഞ്ഞു പിൻവാങ്ങി.

എന്തേ?

അമ്മയിത്ര നേരത്തെ ജീവിതത്തിൽ നിന്ന് വിട വാങ്ങിയതെന്തെന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും പിടികിട്ടിയില്ല. സ്നേഹിയ്ക്കാൻ മാത്രം അറിയാവുന്ന മനസ്സായിരുന്നു അമ്മയുടേത്. ഇതുവരെ ആരോടും ഒരു നീരസവും, വെറുപ്പും, ദേഷ്യവും ഒന്നും തന്നെ തോന്നാത്ത സ്നേഹിക്കാൻ മാത്രം അറിയാവുന്ന മനസ്സായിരുന്നു. എന്നിട്ടും ഈശ്വരൻ എന്റെ അമ്മയെ നേരത്തെ വിളിച്ചോണ്ട് പോയി. ജോലികിട്ടിയിട്ടും അമ്മയ്ക്ക് വേണ്ടി ഒന്നും ഇതുവരെ ചെയ്തിട്ടില്ല എന്ന കുറ്റപ്പെടുത്തൽ ആവോളം മനസ്സിലുണ്ട്. പക്ഷേ എന്റെ അമ്മയ്ക്ക് അതൊന്നും ആവശ്യമില്ല. ഒന്നും തന്നെ പ്രതീക്ഷിക്കുന്നില്ല മക്കളുടെ നന്മ മാത്രമേ വേണ്ടൂ. അതേ ആഗ്രഹിച്ചുള്ളുയിത്രയും കാലം. മക്കൾക്ക് വിഷമം വരുമ്പോൾ അമ്മയ്ക്ക് അസുഖം മൂർച്ഛിക്കും, എന്നിരുന്നാലും മക്കളെക്കുറിച്ച് ദുഃഖിച്ചത് ഒരു തവണ മാത്രമെ കണ്ടിട്ടുള്ളൂ, അതും എനിക്ക് വേണ്ടി തന്നെയായിരുന്നില്ലേ? എന്താണ് കാരണം എന്ന് ചോദിക്കരുത്. അത് ഒരു പബ്ലിസിറ്റി

ക്കാവശ്യമായതല്ല അത്കൊണ്ട് ആരോടും പറയാനും വയ്യ.

അമ്മയുടെ മരണത്തിന് രണ്ട് ദിവസം മുൻപ് ഞാൻ വിളിച്ചിരുന്നു. യാതൊരു അസുഖ ലക്ഷണവും അന്ന് കണ്ടിട്ടില്ല. അപ്പോഴും അമ്മ ചോദിച്ചു നീ എന്നാണിനീ നാട്ടിലേക്ക് വരുന്നത് നിനക്കവിടെ സുഖം തന്നെയല്ലെ. അധികമൊന്നും ഫോണിൽ സംസാരിക്കുന്ന പ്രകൃതമല്ല അമ്മയുടേത് പ്രവൃത്തിയിലാണ് കാര്യം എന്ന് അടിയുറച്ചു വിശ്വസിക്കുന്ന ആളാണ് എന്റെ അമ്മ. എല്ലായിപ്പോഴും അടുക്കളയിലും വീടിന്റെ പരിസരത്തിലുമുണ്ടാകും. എന്തെങ്കിലും ചെയ്ത്ക്കൊണ്ടിരിക്കും. ആരോടും ഒരു സഹായവും ആവശ്യപ്പെടുകയില്ല. അസുഖം വന്നാലും മക്കളുടെയും ഭർത്താവിന്റെയും കാര്യം വിട്ടിട്ട് ഒരു കളിയുമില്ല. പലപ്പോഴും ഞാനിത് കണ്ടിട്ട് അമ്മയോട് ചോദിച്ചിട്ടുണ്ട്. "എന്തിനാണിങ്ങനെ പണിയെടുക്കുന്നത് അമ്മയ്ക്ക് കുറച്ച് വിശ്രമിച്ചുകൂടെ ..."

അതുസാരമില്ലയെന്ന് പറയും കൂട്ടത്തിൽ എനിക്ക് അസുഖമൊന്നുമില്ലെന്നും പറയും.

ട്രെയിനിന് കുറച്ച് സ്പീഡ് കൂടി വരുന്നുണ്ട്. കൂടെയുള്ളവർ പറഞ്ഞു അടുത്ത സ്റ്റേഷനിലാണ് നമുക്ക് ഇറങ്ങേണ്ടത്. ഭാഗ്യം എന്ന് കരുതി കാരണം ഇന്നലെ വൈകുന്നേരം അഞ്ചരമണിയ്ക്ക് കയറിയതാണ് ഇപ്പോൾ നേരം ഉച്ചയ്ക്ക് പന്ത്രണ്ടരമണിയായി. ചായ വേണമോ എന്ന് ചോദിച്ച് ഒറ്റ ചായക്കാരനും ട്രെയിനിൽ വന്നിട്ടില്ല. നേരം തെറ്റിയ നേരത്ത് ഓടുന്ന വണ്ടിയിൽ ആര് വരാനാണ്. എന്നാലും പല ചിന്തകൾ കാരണം വിശപ്പറിയുന്നില്ല. എങ്ങിനെയെങ്കിലും അടുത്ത സ്റ്റേഷനിൽ എത്തി. റൂമിൽ പോയി കുളിച്ച് ഓഫീസിൽ ചെന്ന് ലീവ് പറയണം. അപ്പോഴാണ് പവിത്രേട്ടൻ പറയുന്നത് നമുക്ക് ഇറങ്ങാം സ്റ്റേഷൻ എത്തി. സ്ഥിരമായി ഇറങ്ങുന്ന സ്ഥലം തന്നെയാണ്. പക്ഷേ, എന്റെയിരിപ്പ് കണ്ടിട്ട് പവിത്രേട്ടൻ എന്നെ ഓർമ്മപ്പിക്കേണ്ടി വന്നു. ഞങ്ങൾ ഇറങ്ങി, പവിത്രേട്ടൻ പറഞ്ഞു നമുക്ക് ഒരുമിച്ച് പോകാം ഞാനും ആ വഴിക്കാണ്. ഞങ്ങൾ ഓട്ടോ പിടിച്ച് താമസ സ്ഥലത്തേക്ക് പോയി എത്തിയ ഉടൻ ഞാൻ ഓഫീസിലേക്ക് ഫോൺ ചെയ്തു. ട്രെയിൻ ലേറ്റായ വിവരം പറഞ്ഞു. അപ്പോൾ മാനേജർ പറഞ്ഞു വന്ന് ഒപ്പിട്ട് പോയിക്കോളുയെന്ന്, അപ്പോഴേയ്ക്ക് സമയം മൂന്നര മണിയായി.

ഹോസ്റ്റലിൽ ആദ്യം കണ്ടത് വാച്ച്മാനായിരുന്നു അദ്ദേഹം ഒന്നും പറഞ്ഞില്ല. പിന്നെ കണ്ടത് വിശ്വേട്ടനായിരുന്നു. കണ്ടമാത്രയിൽ വിശ്വേട്ടൻ പറഞ്ഞു.... എന്തൊരു കഷ്ടമാണ് നന്ദാ നിന്റെ അമ്മ മരിച്ചത് ഞങ്ങൾ രണ്ട് ദിവസം കഴിഞ്ഞാ അറിഞ്ഞത് കഷ്ടമായിപ്പോയി എന്താ പറ്റിയത് എന്ന് സങ്കടത്തോടെയുള്ള ചോദ്യങ്ങൾ ആയി. എല്ലാ കൂടെ കേട്ടപ്പോൾ എന്റ സമനിലതെറ്റി ഞാൻ അവരുടെ ചോദ്യത്തിന് മറുപടികൊടുക്കാതെ പൊട്ടിക്കരഞ്ഞുപ്പോയി. അത് കണ്ട് വിശ്വേട്ടൻ പരിഭ്രമിച്ചു. പിന്നീട് കൂടുതൽ ഒന്നും പറഞ്ഞില്ല.

മരിച്ചിട്ട് പതിനേഴ് ദിവസങ്ങൾ കഴിഞ്ഞെങ്കിലും അമ്മയുടെ മുഖം മനസ്സിൽ നിന്ന് മായാത്ത അവസ്ഥയാണ്. ആ എനിക്ക് എങ്ങിനെ സങ്കടം പിടിച്ച് നിൽക്കാനാവും ഞാൻ കുറച്ച് നേരം കൂടിയങ്ങിനെ കരഞ്ഞു. സ്നേഹിയ്ക്കാൻ മാത്രം അറിയാവുന്ന അമ്മയെയെങ്ങിനെ ഈശ്വരന് ഇത്രയുംപ്പെട്ടെന്ന് വിളിക്കാൻ തോന്നി. അപ്പോൾ തോന്നി ദൈവം ഒരു ദുഷ്ടൻ തന്നെയല്ലെ?

ഒരിക്കൽ പോലും വീട്ടിൽ അമ്മ കാരണം ഒരു ശണ്ഠയുണ്ടായിട്ടില്ല. ഞങ്ങൾ കുട്ടികൾ എന്തെങ്കിലും ബഹളമുണ്ടാക്കിയാൽ ഉടൻ തന്നെ സമാധാനം കണ്ടെത്തുമായിരുന്നു അമ്മ. ജോലിയ്ക്ക് പോകുമ്പോൾ വേർപിരിയാൻ പറ്റാത്തത് അമ്മയേയും ഞാൻ നട്ടുവളർത്തിയ ചെടികളുമായിരുന്നു. പഠിക്കുന്ന കാലത്ത് നട്ട് വളർത്തിയ ചെടികൾ വളരെ വിലപ്പെട്ടതായിരുന്നു. സമാധാനത്തിന്റെ പര്യായമായിരുന്നു എന്റെയമ്മ. എന്റെയെന്ന് മാത്രം പറഞ്ഞുകൂടാ, അമ്മയുമായി പരിചയപ്പെട്ടിട്ടുള്ള എല്ലാവർക്കും അമ്മ തന്നെയായിരുന്നു. ഇനിയാർക്ക് ആ പരിഗണ കൊടുക്കേണ്ടത് എന്ന് അറിഞ്ഞ്കൂടാ. പകരംവെക്കാൻ ആര് ഞാൻ എന്റെയിക്കാലം വരെ കണ്ടിട്ടില്ല അത്തരമൊരു സ്ത്രീ ഹൃദയത്തെ. എത്ര ഉപമിച്ചാലും, വർണ്ണിച്ചാലും മതിയാകില്ല അതാണ് ഞങ്ങളുടെ അമ്മ.

പള്ളികൂടത്തിൽ പഠിക്കുമ്പോൾ ഞാൻ ക്ലാസ് കഴിഞ്ഞ് വന്ന് അവിടുത്തെയും, ചുറ്റുവട്ടത്തിലും നടക്കുന്ന ഓരോ കാര്യങ്ങളും അമ്മയോട് പറഞ്ഞ് കൊടുക്കും എന്നിട്ട് അതിനെല്ലാം അമ്മ മറുപടി പറഞ്ഞ് തരികയും ചെയ്യും. അറിയാതെ എന്റെ വായിൽ നിന്ന് എന്തെങ്കിലും തെറ്റായി വന്നുപ്പോയാൽ ഉടൻ തിരുത്താൻ പറയുമായിരുന്നു ഇനിയാർ ഇതിനെല്ലാം ഉത്തരം തരും ആലോചിച്ചിട്ട് ഒരു എത്തും പിടിയും കിട്ടുന്നില്ല. പല്ല് തേച്ച് മുഖം കഴുകി ഞാൻ അണിഞ്ഞിരിക്കുന്ന അതേ വസ്ത്രത്തിൽ തന്നെ ഒരു ഓട്ടോ പിടിച്ച് ഓഫീസിലേക്ക് പോയി. അപ്പോൾ സമയം നാലര മണികഴിഞ്ഞു. ചെന്നപ്പോൾ തന്നെ മാനേജരെക്കണ്ടു ട്രെയിനിന്റെ കാര്യം പറഞ്ഞു. "സാരമില്ല ഒപ്പിട്ടോളു" എന്ന് പറഞ്ഞു. സമാധാനമായി കാരണം ഇന്ന് ഞാൻ ഒപ്പിട്ടില്ലെങ്കിൽ ആ ദിവസം ആബ്സന്റ് ആയിപ്പോകും. കൂടുതൽ നേരം നിൽക്കാതെ ഞാൻ പോവുകയാണെന്ന് പറഞ്ഞു. കുളിച്ച് വസ്ത്രം മാറിയിട്ടില്ല, ഒരു തുള്ളി വെള്ളം കുടിച്ചിട്ടുമില്ല. സമയം വൈകുന്നേരമായി പിന്നെയൊന്നും ആലോചിക്കാതെ വീണ്ടും മറ്റൊരു ഓട്ടോ പിടിച്ച് തിരികെ ഹോസ്റ്റലിൽ വന്നു. കുളി കഴിഞ്ഞ് വസ്ത്രം മാറി, ഭക്ഷണം കഴിച്ച് റൂമിൽ കട്ടിലിൽ മലർന്ന് കിടന്നു.

സംസാരിക്കുമ്പോൾ ശബ്ദം മെല്ലെയെ പുറത്ത് വരുന്നുണ്ടായിരുന്നുള്ളു എന്ന് ഞാൻ മനസ്സിലാക്കി. അത്രയേറെ ദുഃഖമാണ് എന്റെ മനസ്സിൽ ഉള്ളത് ഞാൻ ഞാനല്ലാതായിപ്പോയ നിമിഷങ്ങൾളായിരുന്നു. അമ്മയെ നഷ്ടമായിയെന്ന് ഇപ്പോഴും ചിന്തിക്കാനെ പറ്റുന്നില്ല. മരിച്ചതിന് ശേഷം രണ്ട് ദിവസം കഴിഞ്ഞു അയൽ വീട്ടുകാരിലൊരാൾ വന്നിട്ടു പറഞ്ഞു "ഇപ്പോഴും അമ്മ വീട്ടിനകത്ത് എന്തൊക്കെയൊ ചെയ്ത്ക്കൊണ്ടിരിക്കുന്നതായി തോന്നുന്നു അല്ലേ...." സ്തൃമായിരുന്നു അയാൾ പറഞ്ഞത്. കിടന്ന കിടപ്പിൽ ഞാൻ അമ്മയുടെ മരണത്തിന്റെ രണ്ട് ദിവസം മുൻപ് പറഞ്ഞ കാര്യം ആലോചിച്ചു. എന്തോ ഒരാപത്ത് അമ്മയ്ക്ക് വരുന്നത് പോലെ ഞാൻ ഉറക്കത്തിൽ കണ്ടിരുന്നു. എന്താണെന്ന് അറി

കവിത



ജനാർദ്ദനൻ കടുങ്ങപുരം

# ആർത്തനാദങ്ങൾ നിലക്കുന്നില്ല

ഉച്ചക്ക് ഭക്ഷണശേഷം കഴിക്കുവാൻ
വെച്ചതാണീന്നേക്കായ് ഈ മരുന്ന്
കൊച്ചുമോൾ എന്നടുത്തെത്തി ജലവുമായ്
ഒച്ചവെച്ചമ്മൂമ്മയോട് കൂടി
പൊന്നുമ്മവെച്ചുഞാൻ എന്തുവിശേഷങ്ങൾ
എന്നുള്ള ചോദ്യത്തിനോതിമന്ദം
കുന്നത്തെ പൂരത്തിനാനയെ കണ്ടുഞാൻ
കുന്നുപോൽ ആനയങ്ങപ്പിയിട്ടു
ഒട്ടുംമതിവരാതാനന്ദമേകുന്ന
കുട്ടികൾക്കിക്കാലമെത്ര കഷ്ടം
ചിട്ടയായെത്തുന്ന പത്രങ്ങളൊന്നുമേ
വിട്ടുകളയാതെ ചേർത്തിടുന്നു
ഉത്തരദേശത്തും ഹര്യാന ദില്ലീലും
നിത്യവും കേൾക്കുന്നു മർത്ത്യഹത്യ
പത്തുവയസ്സു തികയാത്ത കുഞ്ഞുങ്ങൾ
കത്തിപിടഞ്ഞു കരിഞ്ഞീടുന്നു

എന്തപരാധങ്ങൾ ചെയ്തുപോലീ വർഗ്ഗം
വെന്തുമരിച്ചിടാൻ ഇത്രത്തോളം
സന്താനസ്നേഹത്താൽ സായൂജ്യംകൊള്ളുന്ന
ബന്ധുക്കൾക്കല്ലയോ ദു:ഖമേറെ
ആർത്തനാദങ്ങൾ നിലക്കാത്ത ചേരികൾ
ഇത്തിരി സ്നേഹം കൊതിച്ചിടുമ്പോൾ
പ്രത്യയശാസ്ത്രമോ ആർഷസംസ്കാരമോ
ഏതൊരഹന്തയാലാണീകൃത്യം
നീചമാം മൂല്യബോധങ്ങളെ നിർമ്മിച്ചും
നിസ്വരെ തീയിട്ടു കൊന്നിടുമ്പോൾ
നിദ്രകൊള്ളുന്ന ഭരണകൂടങ്ങളെ
നാളേയ്ക്കൊരുനുള്ള് നന്മയുണ്ടോ
കർമ്മ രംഗത്ത് സമർത്ഥനാം കോരന്റെ
കൈകളിൽ ചെങ്കോലിങ്ങെത്തുവോളം
കാലഭേദങ്ങളാൽ വിസ്മൃതമാകില്ല
കാപാലികർ ചെയ്ത പാതകങ്ങൾ

യില്ല. ചില സമയങ്ങളിൽ അമ്മയുടെ ചിത്രം ഉറത്തിൽ വരും അപ്പോൾ ഉറക്കത്തിൽ സംസാരിക്കുകയും ചെയ്യും. അങ്ങിനെ വന്നാൽ പിറ്റേ ദിവസം രാവിലെ തന്നെ ഞാൻ വിളിക്കുമായിരുന്നു. അപ്പോൾ അമ്മ പറയും എനിക്ക് ഒരു കുഴപ്പവുമില്ല ഞാൻ സുഖമായിരിക്കുന്നു. അതു കേട്ടാൽ ഒരു സമാധാനമുണ്ടാകും എന്നാൽ മരണത്തിന്റെ തലേ ദിവസം കണ്ടത് അമ്മയുടെ ജീവൻ അപകടത്തിലാവുന്നതായിരുന്നു. അത് എത്ര സത്യമായെന്ന് പിന്നീടാണ് അറിഞ്ഞത്. ഇന്ന് അത് ആലോചിക്കുമ്പോൾ എന്റെ അമ്മയുടെ ആ നല്ല ആത്മാവ് ആർക്കാണ് ആ ജന്മം നൽകിയത് എന്നിറിയാൻ ഒരാഗ്രഹമായി. എവിടെയായാലും നല്ലതേ വരുത്തുകയുള്ളു എന്ന് എനിക്ക് ഉറപ്പായിരുന്നു.

അടുത്ത ദിവസം ഒരു സുഹൃത്ത് വഴിയിൽ വെച്ച് കണ്ടപ്പോൾ പറഞ്ഞു എന്താണ് മുഖത്ത് ഒരു ദുഃഖത്തിന്റെ നിഴൽ.... എന്ത് പറ്റിയെന്ന് ചോദിച്ചപ്പോൾ ഞാൻ പകച്ചുപ്പോയി. എന്റെ അമ്മയുടെ മരണത്തിന്റെ ദുഃഖം എന്റെ മുഖത്തും പ്രതിഫലിച്ചിരിക്കുന്നുവല്ലോ, അപ്പോൾ ഞാൻ എത്രമാത്രം അമ്മയെ സ്നേഹിക്കുന്നുവെന്ന് ഊഹിക്കാൻപ്പോലും പറ്റാത്ത അവസ്ഥയിലായിപ്പോയി. എന്നാലും എന്റെ സംശയം ബാക്കിയായി. സുഹൃത്തിന്റെ ചോദ്യത്തിന് എന്തെങ്കിലും അർത്ഥമുണ്ടോയെന്നറിയാൻ റൂമിൽ പോയപ്പോൾ ആദ്യം കണ്ണാടിയിലേക്കാണ് നോക്കിയിത്. സൂക്ഷിച്ച് നോക്കിയപ്പോൾ മനസ്സിലായി കരഞ്ഞു കലങ്ങിയ കണ്ണുകളിൽ ഇപ്പോഴും പ്രകാശമില്ല. ഒരു തരം ഇരുണ്ടയവസ്ഥ. മുഖത്തിന്റെ പ്രസരിപ്പ് നഷ്ടമായിരിക്കുന്നു.

ചെറുപ്പം മുതലെ ഞാൻ അമ്മയോടൊപ്പമായിരുന്നു കൂടുതൽ സമയവും ചിലവഴിച്ചത്. എന്ത് ദുഃഖം വന്നാലും അഭയം പ്രാപിക്കുന്നത് അമ്മയിലായിരുന്നു. ആ അമ്മയുടെ മടിത്തട്ടിൽ കിടന്ന് സങ്കടങ്ങൾ ബോധിപ്പിച്ച് ഉറങ്ങുമ്പോൾ മനസ്സിലെ എല്ലാ വിഷമങ്ങളും മാറി മറിഞ്ഞ് പോകും. പിന്നീട് ഒരു പുതുജീവൻ ലഭിയ്ക്കുന്ന പ്രതീതിയായിരുന്നു. ആ സ്നേഹവതിയായ അമ്മ എന്റെ മാത്രമല്ല. ഒരു ലോകത്തിന്റെ തന്നെ അമ്മചിന്തിച്ച് പോവുകയാണ്. ■

India's No - 1

AKSHAYA WATER PROOFING

29 - 851, Kottooli,Mavoor Road, Kozhikode - 673016
Mob : P.P. PRADEEP - 9447312616, 9037940457
E-Mail : aakshayawaterproof@gmail.com



ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം ഗ്യാരിണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.

Dinesh K.T.
Ph: 9946309061, 9387425579

NEELGIRI POOJA STORES & AVS POOJASTORE

Thali, Calicut

ഭക്ത ജനങ്ങളുടെ വിശ്വസ്ത സ്ഥാപനം

നിർമ്മാല്യം ശ്രീ ധർമ്മശാസ്ത ട്രാവൽസ്

Mob: കെ. പുരുഷു, – 9387500618, 9539036575
നജീഷ് പുരുഷു – 9961100702
ഉല്ലാസ യാത്രയ്ക്കും തീർത്ഥാടന യാത്രയ്ക്കും
മാങ്കാവ്, കോഴിക്കോട് – 673 007



ഫോൺ : 0495 2331828





എല്ലാതരം ടൂറിസ്റ്റ് ബസ്സുകളും മിനി ബസ്സുകളും

ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്




മൂരിയാട് റോഡ്
പുതിയപാലം
കോഴിക്കോട്



ഫോൺ : മണി 9400741434

കാർ സ്പ്രേപെയിന്റിങ്ങ്,
ബോഡി വർക്സ്,എഞ്ചിനിയറിംഗ് വർക്സ്

GLAMOUR GENTS WEAR





Whole Sale & Retail
Mankave,
Calicut - 7
Mob: 9847756569
8891901404





Pants, Jeans, Shirt, T. Shirts etc...

CARE SMART

Home improvemet Proffessionals

Near Panjab nationl bank, Lakshmi Building, Kallittanada, Ph : 0495 235 9153

എല്ലാ തരം മെയിന്റനൻസ് വർക്കുകളും ചെയ്ത് കൊടുക്കുന്നതാണ്

പെയിന്റിങ്, വാട്ടർപ്രൂഫിങ്ങ്, കോൺക്രീറ്റ് കട്ടിങ്ങ്,
കെട്ട്, പടവ്, തേപ്പ്, വർക്കുകൾ etc...

CONTACT 9207434340, 9539434340

ലേഖനം

# കണ്ണവം ഫോറസ്റ്റ് റേഞ്ചിൽ പുതിയ വന്യജീവി സംരക്ഷണ കേന്ദ്രമൊരുങ്ങുമ്പോൾ



**വിനോദ്കുമാർ ദാമോദർ**



ഈ കഴിഞ്ഞ ദിവസം സംസ്ഥാന ഗവർണർ ബഹു. ആരിഫ് മുഹമ്മദ് ഖാൻ സംസ്ഥാനത്തെ അറിയിച്ചത് ഒരു ശ്രദ്ധേയമായ വാർത്തയാണ്.

കണ്ണൂർ ജില്ലയിലെ കണ്ണവം ഫോറസ്റ്റ് റേഞ്ചിൽ എല്ലാ സൗകര്യങ്ങളുമടങ്ങുന്ന ഒരു വന്യജീവി സംരക്ഷണ കേന്ദ്രം തുടങ്ങാൻ ഉദ്ദ്യേശിച്ചത്തിന്റെ കാര്യമാണ് അദ്ദേഹം പറഞ്ഞു വെച്ചത്. വയനാടൻ കാടുകളിൽനിന്നും മുറിവേറ്റ കടുവകളടക്കമുള്ള വന്യപൂച്ചകളെ പിടിച്ച് ചികിത്സ നടത്തുവാനാണി കേന്ദ്രംകൊണ്ടുദ്ദ്യേശിക്കുന്നത്.

ഇതോടൊപ്പം തന്നെ ഒരു വന്യജീവി സഫാരിയും ഇവിടെ ഉണ്ടാക്കാൻ സർക്കാർ തീരുമാനിച്ചു വരുന്നു.

പലപ്പോഴും വയനാട് വന്യജീവി സങ്കേതത്തിൽനിന്നും മറ്റും കടുവകളടക്കമുള്ള വന്യപൂച്ചകൾ മുറിവേറ്റും, പലപ്പോഴും ഇവർത്തന്നെ ശക്തിപരീക്ഷണം നടത്തി ഇരത്തേടിപ്പിടിക്കാൻപ്പറ്റാത്ത അവശതയിലാകുന്നതിനാലും - ഇത്തരം സാഹചര്യങ്ങളിൽ ഇരത്തേടി വന്യപ്പൂച്ചകളും, കടുവകളും ഗ്രാമങ്ങളിലേക്കിറങ്ങി വരാറുണ്ടെന്നുള്ള ഭയം, കാരണത്താൽ പ്രദേശവാസികളിൽനിന്ന് തുടർച്ചയായി പരാതി ലഭിയ്ക്കുന്ന സാഹചര്യത്തിലാണ് ഇത്തരത്തിലുള്ള ഒരു കേന്ദ്രം നിർമ്മിക്കുവാൻ സർക്കാർ ശ്രമിക്കുന്നത്.

ഇതുകൂടാതെ ഈ കേന്ദ്രത്തിന് ഇപ്പോഴത്തെ നിയമമനുസരിച്ച് കേന്ദ്ര സൂ അതോറിറ്റിയുടെ അനുമതി ആവശ്യമാണ്. അനുമതിയ്ക്കു വേണ്ടി പലമാനദണ്ഡങ്ങളും സർക്കാർ പാലിയ്ക്കേണ്ടി വരും.

തൃശൂരിൽ വർഷങ്ങളായി തുടരുന്ന കാഴ്ചബംഗ്ലാവിന് തന്നെ ഇപ്പോൾ കേന്ദ്ര സൂ അതോറിറ്റിയുടെ അനുമതി ഇല്ലെന്നുള്ളതാണ് വസ്തുത.

എന്നാൽ വയനാടൻ കാടുകളിൽ മുറിവേറ്റ നിലയിൽ പിടികൂടപ്പെടുന്ന വന്യപ്പൂച്ചകളെ ഇപ്പോൾ മാറ്റുന്നത് തൃശൂരിലേക്കാണ്. അതിനിടെ കടുവകളെ തിരുവനന്തപുരം കാഴ്ചവംഗ്ലവിലേയ്ക്ക് മാറ്റുവാനുള്ള ശ്രമവും നെയ്യാർ സിംഹസഫാരിയിലേയ്ക്ക് മാറ്റുവാനുള്ള ശ്രമവും നടന്നിട്ടുണ്ട്. ഇതിൽ ചിലത് വിജയകരമായിരുന്നെങ്കിലും ഒരു കടുവ ദീർഘദൂര യാത്രയ്ക്കിടയിൽ മരണപ്പെട്ടത് വലിയ വിവാദമായി മാറിയിരുന്നു. മുറിവേറ്റതും അസുഖമായതുമായ കടുവകൾക്കു നീണ്ടദൂര യാത്രയ്ക്കുള്ള ശേഷി കണ്ടെന്നിരിക്കില്ല. ഇതും കണ്ണവം വനപ്രദേശത്ത് പുതിയ കേന്ദ്രം തുടങ്ങുവാനുള്ള നീക്കത്തിനൊരു കാരണമാണ്.

തൃശൂർ കാഴ്ചബംഗ്ലാവിലെ മൃഗങ്ങളെ മാറ്റുവാൻ വേണ്ടി തുടങ്ങാൻ ഉദ്ദ്യേശിച്ച പുത്തൂരിലെ സുവോളജിക്കൽ പാർക്ക് ഇഴഞ്ഞുനീങ്ങുന്ന സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ടുത്തന്നെ വന്യപ്പൂച്ചകൾക്ക് അവിടെ സുരക്ഷ കുറവാണ്. ഒരു വന്യജീവി പുനരുദ്ധാരണ കേന്ദ്രം കോഴിക്കോട് ജില്ലയിൽ ഉണ്ട്. തൊട്ടടുത്ത മലബാർ വന്യജീവി കേന്ദ്രത്തിൽനിന്നും ചെറുവന്യജീവികളെ സംരക്ഷിയ്ക്കുവാൻ ഇവിടെ സംരക്ഷണം ഒരുക്കിയിട്ടുണ്ട്. എന്നാലിത് കേന്ദ്ര സൂ അതോറിറ്റി കരിമ്പട്ടികയിൽ പെടുത്തിയിട്ടുണ്ട്. ■

നോവലറ്റ്





നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

5

# നിലാവ് പൂക്കും താഴ്‌വാരം

ഘോഷിന്റെ പിതാവും പ്ലാന്ററുമായ സുരേന്ദ്ര പ്രസാദിന്റെ തേയില തോട്ടത്തിലെ തൊഴിലാളികൾ സർക്കാർ കരിനിയമങ്ങൾക്കെതിരെയും, ഭക്ഷ്യക്ഷാമത്തിനെതിരെയും അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് സമരത്തിനിറങ്ങി.

സമരം തോട്ടം മേഖലയേയും നിശ്ചലമാക്കി.

എന്നാൽ സുരേന്ദ്ര പ്രസാദ് തന്റെ മാനേജ്മെന്റിലുള്ള തോട്ടം തൊഴിലാളികളെ ഭീക്ഷണിപ്പെടുത്തിയും കരിനിയമത്തിലൂടെയും സമരത്തിൽ നിന്നു പിൻമാറാൻ പ്രേരിപ്പിച്ചില്ല. മാത്രമല്ല സമരത്തിനോടും തന്റെ മകനോടും മാനസികമായ അനുഭാവം പ്രകടിപ്പിക്കുന്ന വ്യക്തിയായിരുന്നു പ്ലാന്റർ സുരേന്ദ്രപ്രസാദ്.

സംസ്ഥാനത്തെ പ്ലാന്റർമാരിൽ മറ്റൊരുപ്രമുഖനും ഡാർജിലിംഗ് ജില്ലയിലെത്തന്നെ പ്ലാന്ററുമായ വിക്രം റാണ സർക്കാർ കരിനിയമങ്ങളും തൊഴിലാളി വിരുദ്ധ നടപടികളും ഉപയോഗിച്ച് തോട്ടം മേഖലയിലെ സമരത്തെ പരാജയപ്പെടുത്താൻ മുന്നിട്ടിറങ്ങി. അദ്ദേഹത്തോടൊപ്പം പല പ്ലാന്റർമാരും സമര വിരുദ്ധ ആഹ്വാനങ്ങളുമായി മുൻ നിരയിൽ പ്രവർത്തിച്ചു. മറ്റു തോട്ടങ്ങളിലെ തൊഴിലാളികൾ ഭയ വിഹ്വാലരായി. മുതലാളിമാരെ എതിർക്കാനുള്ള ചങ്കൂറ്റമോ ധൈര്യമോ ഇല്ലാത്ത, സാധാരണ ജീവിതത്തിൽ പട്ടിണിയും പരിവട്ടവുമായി കുടുംബങ്ങളെ പരിപാലിക്കുന്ന ഇവരെങ്ങനെ മുതലാളിമാർക്കെതിരെ പ്രവർത്തിക്കും. കരി



നിയമങ്ങൾക്കെതിരെയും ഭക്ഷ്യക്ഷാമത്തിനെതിരെയും സമരത്തിനു മുന്നിട്ടിറങ്ങും.

ഭാരതമാകെ കത്തിപടർന്നുകൊണ്ടിരുന്ന സമര തീജ്വാല ബംഗാളിൽ ഡാർജലിങ്ങ് ജില്ലയിലെ തോട്ടം മേഖലയിൽ തണുത്ത പ്രതികരണങ്ങളാണുളവാക്കിയത്. വിക്രം റാണയുടെ നേതൃത്വത്തിൽ, തോട്ടം മേഖലയിൽ സമരം ചെയ്യുന്ന തൊഴിലാളികളെ കൊലപ്പെടുത്താനുള്ള സ്കാർഡ് പ്രവർത്തനം ആരംഭിച്ചു. അതിന്റെ ആദ്യപടി എന്നോണം സുരേന്ദ്ര പ്രസാദിന്റെ തോട്ടത്തിലെ വിധഗ്ദരായ തൊഴിലാളികളിൽ മൂന്നു പേരെ അവർ കൊല ചെയ്തു. തോട്ടം തൊഴിലാളികൾ പ്രതികരിക്കാൻ ആവാത്ത അവസ്ഥയിൽ പൂർണ്ണമായും നിസ്സഹായരായി തീർന്നു. മന്ത്രി മന്തിരത്തിൽ നിന്നും പുറത്തിറങ്ങാൻ ആവാത്ത മന്ത്രിമാരിൽ പലരും വിക്രംറാണയുമായി കൈകോർത്തു.

സർക്കാറിൽ നിന്നു എല്ലാ

പിന്തുണയും റാണയ്ക്കും സ്കാർഡിനും ലഭ്യമായി. തോട്ടം മേഖലയിൽ സമരം പരാജയപ്പെ ടുമെന്നുറപ്പായകാലം.

ഇനിയെന്ത്?

സമരനേതാക്കൾ ആലോചിച്ചു.

റാണയുടെ സമരവിരുദ്ധ സ്കാർഡിനെ പരാജയപ്പെടു ത്തുക അല്ലെങ്കിൽ ഭയവിഹ്വലരാ ക്കുക. ആസൂത്രണം ചെയ്ത് പദ്ധതി നടപ്പിലാക്കുവാൻ ഒരാളെ തെരഞ്ഞെടുക്കണം.

തീരുമാനങ്ങൾ ഉറച്ചു.

എന്നാൽ ആസൂത്രണം ചെയ്തു പദ്ധതി നടപ്പിലാക്കുന്ന താര്?

പലരുടെയും പേരുകൾ പൊന്തി വന്നു.

സമര മുഖത്ത് തീജ്വാലയായി കത്തി പടർന്ന് പ്രവർത്തിക്കുന്ന ഘോഷിനെയാണ് എല്ലാവരും നിർദ്ദേശിച്ചത്.

ഘോഷ് പോലീസ് ലാത്തി ചാർജിൽ പരിക്കേറ്റ് ആശുപത്രി യിൽ നിന്നു ഡിസ്ചാർജ് ആയതേ യുള്ളു.

നേതൃത്വം ഘോഷിനെ വിളിച്ചു.

ഘോഷ് പ്രവർത്തനത്തിനു തയ്യാറായി ഡാർജലിങ്ങ് ജില്ലയി ലേക്ക് പുറപ്പെട്ടു. ബസ്സിലാണ് യാത്ര ചെയ്തത്.

തൊഴിലാളികളായ മുന്നയും തേജ്ജ്വസി ബിസ്വാസ് ബാനർജിയും, അരവിന്ദ് സർക്കാറും ചേർന്നതിനാൽ ഘോഷ് ഉൾപ്പെടെ നാലു പേർ. സമയം രാത്രി 8 മണിയായികാ ണും. ദേഹത്ത് തുളച്ചു കയറുന്ന തണുപ്പും വിജനമായ തേയില തോട്ടങ്ങളും

റാണയുമായി ഒരു സന്ധി സംഭാഷമത്തിനാണ് ആദ്യം പദ്ധതി തയ്യാറാക്കിയത്.

റാണയുമായി സംസാരിക്കണ മെങ്കിൽ അയാളുടെ ബംഗ്ലാവിൽ എത്തണം. പകൽ മുഴുവൻ അയാൾ സ്കാർഡിന്റെ പ്രവർത്തന പുരോഗതിയുടെ നിരീക്ഷണത്തിലായിരിക്കും.

പടുകൂറ്റൻ ബംഗ്ലാവാണ് റാണ യുടേത്. പത്തിലധികം അൽസേഷൻ നായകളാണ് അയാളുടെ വീടിന് കാവലായുള്ള ത്. അഞ്ചോളം ഗൂർക്കകൾ പല യിടത്തായി സെക്യൂരിറ്റി ഗാഡായി നിൽക്കുന്നുമുണ്ട്.

റാണയുടെ വീട്ടിൽ ഒളിഞ്ഞു കയറുവാനുള്ള ശ്രമത്തിനിടയിൽ ആ വീടിനെക്കുറിച്ചുള്ള ഏകദേശ രൂപം മനസ്സിൽ ഉണ്ടായി.

മുന്നയും തേജസ്സിയും അര വിന്ദും ആ ബംഗ്ലാവിന്റെ പലയിട ങ്ങളിലായി നിന്നു. ബംഗ്ലാവിൽ കയറാനുള്ള സിഗ്നൽ കിട്ടിയാൽ മാത്രമേ അവർ അകത്തു പ്രവേ ശിക്കേണ്ടതായുള്ളു എന്നാണ് തീരുമാനിച്ചത്.

ഘോഷ് ബംഗ്ലാവിന്റെ പിൻവ ശത്തുകൂടി നായ്ക്കളുടെയും ഗൂർക്കകളുടെയും കണ്ണിൽ പെടാതെ കോമ്പണ്ടിനു അകത്തു കയറി.



**കഥ ഇതുവരെ**

ഒരു പത്രപ്രവർത്തകയാണ് രൂപാസെൻ. തന്റെ കോളേജ് സഹപാഠിയും ഭാവിവരനായി സ്വപ്നത്തിൽ കുറിച്ചിട്ട തന്റെ എല്ലാമായ, നക്സൽ തടവു കാരൻ ഘോഷിനെ കാണാൻ രൂപാസെൻ ജയിലിലെത്തി. ജയിലറുടെ അനുവാദം വാങ്ങി രൂപ ഘോഷിന്റെ മുറി യിലെത്തി. ഘോഷ് രൂപയെ കണ്ടു. ഘോഷിന്റെ മനസിൽ തന്റെ കോളേജ് പഠന കാലം ഓർമ്മയിലെത്തി. കോളേ ജിലെ മറ്റൊരു വിദ്യാർത്ഥി യായ ബോസും ഘോഷും തമ്മിൽ നിരന്തരം ബദ്ധവൈ രികളായി. അതിനു കാരണം ബോസിനു രൂപയോടുള്ള പ്രണയമായിരുന്നു. വിദ്യാർത്ഥികളുടെ ആവശ്യ ങ്ങൾ സാധിച്ചു കിട്ടാനായി കോളേജിൽ ഘോഷിന്റെ നേതൃത്വത്തിൽ സമരം തുട ങ്ങി. അത് പോലീസ് ലാത്തി ച്ചാർജ്ജിലാണ് അവസാനിച്ച ത്. ബോസ് വീണ്ടും പ്രണയാ ദ്യർത്ഥനയമായി രൂപാസെ ന്നിനെ കണ്ടു. പഴയതു പോലെ രൂപ നിരസിക്കുകയും ചെയ്തു. രാജ്യമൊട്ടാകെ തൊഴിലാളികളുടെ നേതൃത്വ ത്തിൽ ഭക്ഷ്യക്ഷാമത്തിനെ തിരെ സമരം തുടങ്ങി. വിദ്യാർത്ഥികളും സമരത്തിൽ പങ്കു ചേർന്നു. ഘോഷ് പോലീസ് ബലപ്രയോഗത്തിൽ പരിക്കേറ്റ് ആസ്പത്രയിലായി. (തുടർന്നു വായിക്കുക)

കോമ്പണ്ട് വോളിനകത്ത് അര ണ്ട വെളിച്ചമേയുള്ളു.

ഘോഷ് പൈപ്പ് ലൈനിൽ കൂടി മുകളിലത്തെ റാണയുടെ ബെഡ് റൂമിനടുത്തെത്തി.

എന്നാൽ സൂത്രശാലിയായ റാണ തന്റെ സ്കാർഡിലുള്ള ചിലരെ തന്റെ ബംഗ്ലാവിനു കാവ ലിനേർപ്പെടുത്തിയിരുന്നു.

ബഡറൂമിന്റെ വാതിലിനു മുന്നിൽനിൽക്കുന്ന തന്റെ പിൻതലയിൽ അരിച്ചുകയറിയ തോക്കിന്റെ ബാരലിന്റെ തണുപ്പ്.

പിന്നിൽ നിന്നും റാണയുടെ പൊട്ടിച്ചിരിയുടെ ആർത്തനാദം.

ഘോഷിന്റെ മസ്തിഷ്ക്കത്തിൽ അപകട ചിന്ത ഒരു മിന്നലായി അരിച്ചുകയറി.


തുടരും

## സി.എം.എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ

**അർച്ചന സെന്റർ, കോവൂർ, കോഴിക്കോട്**

**ഫോൺ: 0495 2353022, സി.എം. സുന്ദരൻ - 9388412430**









ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,
*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*
ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*

## സി.എം.എസ്. ഫർണീച്ചർ

**തൊടിയിൽ ബിൽഡിംഗ്, പൊറ്റമ്മൽ , കോഴിക്കോട് 673 017**

**ഫോൺ: സി. എം. സുന്ദരൻ 9388412430**



BAJAJ FINSERV

**0% - Intrest Bajaj Finance**

പലിശ രഹിത വായ്പാ സൗകര്യം



**സോഫസെറ്റ് - 14500 രൂപ മുതൽ**
**കട്ടിൽ & ബെഡ് - 16000 രൂപ മുതൽ**
**ബെഡ്റൂം സെറ്റ് - 33900 രൂപ മുതൽ**
**ഡൈനിംഗ് ടേബിൾ &**
**6 Nos ചെയർ (Wooden) 21900 രൂപ മുതൽ**




### ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും



## Agency : KACOPS, KOTTOOLI

**Mob : 9747868041**




**29/1552 A2, KOTTOOLI CENTERE**

**KOZHIKODE - 16**



### എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക






## ശാരദ
## ഇൻഡസ്ട്രിയൽസ്



**കാളൂർറോഡ് , മാങ്കാവ്**

**കോഴിക്കോട് - 673 007**



**Mob: 9846412070**

ഓർമ്മ



ഇല്ലങ്കോട് ശ്രീധരൻ

# കൊല്ലങ്കോട്ടെ കവി മാഷ്

**മഹാകവി പി. കുഞ്ഞിരാമൻ നായരെക്കുറിച്ച് അനുസ്മരണം.**





**നാ**ഴികളോളം നീണ്ടു പരന്നു കിടക്കുന്ന നെൽപാടങ്ങൾ. പ്രഭാതങ്ങളിലും സായന്തനങ്ങളിലും വർണ്ണ സാരികൾ മാറിമാറിച്ചുറ്റുന്ന ചക്രവാളങ്ങൾ. പശ്ചാത്തലത്തിൽ നെന്മാറ-വല്ലങ്ങി വേലയ്ക്ക് അണിയിച്ചു നിർത്തിയ കരിവീരന്മാരെ പ്പോലെ തെമ്മലകൾ. താമരക്കുളങ്ങൾ മുനിംപും ഗവന്മാരെപോലെ തപസ്സു ചെയ്തു നിൽക്കുന്ന താലവൃക്ഷങ്ങൾ സൗന്ദര്യം കൊണ്ട് ധാരാളിത്തം കാട്ടി ഏതു സന്ദർശകനെയും തന്നിലേക്ക് വലിച്ചാനയിക്കുന്ന ഈ കൊല്ലങ്കോടൻ ഭൂഭാഗമാണ്, കുഞ്ഞിരാമൻ നായരേയും കുറഞ്ഞ കാലത്ത് കൊല്ലങ്കോട്ടു നിവാസിയായത്.

മദ്ധ്യവസ്സിനുശേഷം ആസ്തികനായി മാറിയ കവിയ്ക്ക് അദ്ധ്യാത്മികാചാര്യനും കൊല്ലങ്കോട്ടുകാരനുമായ പണ്ഡിറ്റ് പി. ഗോപാലൻനായർ ഗുരുതുല്യനായിരിക്കുന്നു. തന്റെ ശിഷ്യനായ കൊല്ലങ്കോട് രാജാവായ പത്മനാഭ വർമ്മയോട് കുഞ്ഞിരാമൻനായരെ കൊല്ലംങ്കോട് രാജാസ് ഹൈസ്കൂളിൽ അദ്ധ്യാപകനാക്കാൻഗോപാലൻനായർ ശുപാർശ ചെയ്തു. കണ്ണൂർ ജില്ലയിൽ കൂടാളി ഹൈസ്കൂളിൽ 'കൂട്ടിലിട്ട കിളി'യെപ്പോലെ കഴിഞ്ഞുകൂടിയ കവി. അങ്ങിനെ 1961 ജൂലായ് മാസത്തിൽ കൊല്ലംങ്കോട്ടെയ്ക്ക് മാറ്റം വാങ്ങി.

നിളാ നദിയുടെ നിത്യ കാമുകനായിരുന്ന കവി അക്കാലത്ത് പുതിയ ഒരു കുടുംബ ബന്ധം ലക്കിടി യിൽ തുടങ്ങിയിരുന്നു. ഇടയ്ക്കിടക്ക് ഭാരതപ്പുഴ യോരത്ത് പോയി തങ്ങാൻ കൊല്ലംങ്കോട്ടെ ജോലി സഹായകമാവുമെന്ന് കവി കരുതിയിരുന്നു.

കേരളകലാമണ്ഡലം വിദ്യാർത്ഥിയായിരിക്കെ, എനിക്ക് കവിയെ പരിചയമായിരുന്നു. കുഞ്ഞിരാമൻനായർ കൊല്ലങ്കോട്ടു വരുന്നതിനുമുമ്പു തന്നെ, രാജാസ് ഹൈസ്കൂളിൽ എത്തപ്പെട്ടതിനാൽ കവിയ്ക്ക് കൊല്ലങ്കോട് കുടിപാർക്കാനൊരു വീട് കണ്ടെത്തേണ്ട ചുമതല എനിക്കായിരുന്നു, കെട്ടും പെട്ടിയുമായി കവി കൊല്ലങ്കോട്ടെത്തിയപ്പോൾ തന്നെ റയിൽവേസ്റ്റേഷൻ പരിസരത്ത് ഞാൻ ഒരു വീട് ഏർപ്പാട് ചെയ്തു. അധ്യാപികയായ ലക്കിടിയിലെ പുതിയ കൂട്ടുകാരി അക്കാലത്ത് ഒഴിവു ദിവസങ്ങളിൽ ഇവിടെ കവിയ്ക്കു കൂട്ടിനുണ്ടായിരുന്നു. ആരുമായും ഏറെ നാൾ ഒന്നിച്ചുകഴിയാൻ കവിയുടെ സഹജ ഭാവം തയ്യാറായിരുന്നില്ല. അഗാധമായി സ്നേഹിക്കു കയും അത്രയും ശക്തമായി ദ്വേഷിക്കുകയും ചെയ്യും. അതിനാൽ കുടുംബ ജീവിതം പലപ്പോഴും താളംതെറ്റിച്ചിരുന്നു. ഒരു ''നിശ്ചയവുമില്ലായൊന്നിനും'' എന്ന മട്ടിലായിരുന്നു. എപ്പോൾ പോകുന്നു, എന്ന് വരുന്നു. എന്നതിനൊന്നും ഒരു പ്രസക്തിയുമില്ലാത്ത 'അനന്ത

മജ്ഞാതഭാവ' മായിരുന്നു എന്നും. അതിനാൽ കൊല്ലങ്കോട്ടു വാസക്കാലത്തു ചുരുങ്ങിയതു പത്തു പതിനാലു വീടുകൾ മാറി മാറി വാടകയ്ക്ക് എടുത്തി ട്ടുണ്ട്. അനേകം ഒറ്റമുറി വാടക വീടുകളിൽ കവികുടിപാർക്കുകയുണ്ടായി. മാറിപ്പോയ ചെരുപ്പുകളുടെയും താക്കോലില്ലാത്ത പൂട്ടുകളുടെയും പിടി അറ്റുപ്പോയ സഞ്ചിയുടെയും ഓട്ട വീണ ജുബ്ബകളുടെയും നനഞ്ഞുകുതിർന്ന കറൻസികളുടെയും തുറന്നു നോക്കാത്ത കറൻസികളുടെയും വൻ ശേഖരം, കവിയുടെ നിത്യ സമ്പാദ്യമായിരുന്നു. കൂടെ കൂടുന്നവർക്ക് കവിയെ ചതിക്കാൻ എളുപ്പമായിരുന്നു. 'മറവിൻ തൻമാറാപ്പ് എടുക്കാൻ മാത്രം മറവില്ലാത്ത' ജന്മമായിരുന്നല്ലോ കവിയുടേതും.

കൊല്ലങ്കോട്ടുകാർക്ക് എക്കാലത്തും ഇഷ്ടപ്പെട്ട കഥാപാത്രമായിരുന്നു അവരുടെ 'കവി മാസ്റ്റർ' ആ സ്നേഹത്തിനു വലിപ്പച്ചെറുപ്പമില്ല. ഉച്ചനീചത്വമില്ല– 'സർവ്വം നാരായണമയം' എന്നു കരുതുന്ന ഭക്തന്റെ അവസ്ഥയായിരുന്നു. എന്നാൽ 6 വർഷത്തെ അധ്യാപകജീവിതം കവിക്ക് അസഹനീയമായിരുന്നു. അതിന്റെ മാറ്റൊലികൾ 'കവിയുടെ കാൽപ്പാടുകളിൽ' വായനക്കാർക്ക് കേൾക്കാം. കൊല്ലങ്കോട്ടെ പ്രകൃതി സർവ്വാഭരണ വിഭൂഷിതയായി ആ ആത്മ വിമർശന കൃതിയിൽ നിറഞ്ഞു നിൽക്കുന്നു.

കുഞ്ഞിരാമൻ നായരെ, കേരളം തിരിച്ചറിയുന്നത് കൊല്ലങ്കോട്ടെ വാസക്കാലത്തായിരുന്നു. 'സാഹിത്യ നിപുണ' അവാർഡു ലബ്ധിയിൽ നടത്തിയ സ്വീകരണം; കൊല്ലങ്കോട് വലിയ രാജാവ് മുൻകൈ എടുത്ത് ഗുരുവായൂരിൽ നടത്തിയ അറുപതാം പിറന്നാളാഘോഷം; തുടർന്ന് കേരളത്തിലുടനീളം ലഭിച്ച സ്വീകരണ സന്നാഹങ്ങൾ പിന്നീട് ഏറെ പ്രസിദ്ധമായിതീർന്ന അനേകം കൃതികളുടെ പ്രസിദ്ധീകരണങ്ങൾ എന്നിവ, ഈ വാസത്തിന്നിടയിലെ പ്രധാന സംഭവങ്ങളായിക്കഴിഞ്ഞു.

"താമരത്തോണി" എന്ന കാവ്യ സമാഹാരത്തിന് 1966–ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്ക്കാര മായിരുന്നു ഈ ജീവിതകാലത്തെ പ്രധാന സംഭവം. ചിറ്റൂരിലെ തുഞ്ചൻ മഠത്തിൽ നടന്ന ഒരു സാഹിത്യ സെമിനാറിൽ പങ്കെടുക്കവയാണ് ഈ പുരസ്ക്കാര വാർത്ത കവി അറിയുന്നത് അത് സ്വീകരിക്കാൻ കവിയെ ഈ ലേഖകൻ ഡൽഹിവരെ



**മഹാകവി പി. കുഞ്ഞിരാമൻ നായരും സന്തത സഹചാരി ശ്രീ. ഇയ്യങ്കോട് ശ്രീധരനും**

അനുഗമിക്കുകയുണ്ടായി കുഞ്ഞിരാമൻ നായരുടെ അറുപതാം പിറന്നാൾ കേരളീയരുടെ മഹോത്സവ മായി നടത്തപ്പെട്ടതും കൊല്ലങ്കോട് കേന്ദ്രീകരിച്ചിരുന്നു. കവിയുടെ ആരാധകനായിരുന്ന സി.പി. ശ്രീധരനും ഈ ലേഖകനും മുൻകൈയ എടുത്ത് നടത്തിയ പ്രധാന പരിപാടികൾ ഗുരുവായൂ രിലും കാഞ്ഞങ്ങാട്ടും നടക്കുകയുണ്ടായി.

ഭാരതപ്പുഴയോരത്ത് കവിയുടെ സങ്കല്പത്തിനനുസരിച്ച് ഒരു വീട് വാങ്ങി നൽകാൻ നേതൃത്വം നൽകിയത് കൊല്ലങ്കോട്ടെ യാത്രയയപ്പ് കമ്മറ്റിയായിരുന്നു. പാലക്കാട്ടെ പ്രൊഫ. വി. വിജയനും ഈ ലേഖകനുമായിരുന്നു തിരുവില്വാമല ക്ഷേത്രത്തിന്റെ വടക്കേ നടയിലൊരു വീട് കണ്ടെത്തി കവിയെ അവിടെ കുടി പാർപ്പിച്ചത്. കിട്ടിയ കാശു മുഴുവൻ ആ വീട് പുതുക്കി പണി യാൻ കവി ചെലവഴിച്ചു. ഒടുവിൽ ആ വീടും കവിയ്ക്ക് തടവറയായി. വാങ്ങിയ വിലയിൽ നിന്നു താഴ്ന്ന സംഖ്യയ്ക്കാണ് തിരുവില്വാമലയിലെ "ഗോവർദ്ധനം" വിറ്റത്.

നിത്യ സഞ്ചാരിയായ കുഞ്ഞിരാമൻ നായർക്ക് പിന്നീട് അഭയ കേന്ദ്രങ്ങളായത് ഗുരുവായൂർ ദേവസ്വ സത്രവും ഒടുവിൽ തിരുവനന്തപുരത്തെ സി.പി. സത്രവുമായിരുന്നു. എവിടെച്ചെന്നാലും എനിക്ക് കത്തുകൾവരുമായിരുന്നു. ''കവിയുടെ കാൽപ്പാടുകൾ'' എഴുതുന്ന കാലത്ത് താമസം കൊല്ലങ്കോട്ടുംപാലക്കാട്ടുമായിരുന്നു. കൊല്ലങ്കോട്ടിലേയുംചുറ്റുപാടുമുള്ള ഗ്രാമങ്ങളിലേയും വയൽവരമ്പുകളെല്ലാം കവിയ്ക്ക് പരിചിതമായിരുന്നു.

കവിയുടെ കൊല്ലങ്കോട് വാസം സംഭവബഹുലമായിരുന്നു. കുഞ്ഞിരാമൻ നായരുടെ സർഗ്ഗാത്മകതയുടെ കൊടുമുടികൾ തെളിഞ്ഞത് ഈ വാസക്കാലത്തായിരുന്നു. ''പൂക്കളവും' താമരത്തോണിയുമെല്ലാംഇക്കാലത്തെ രചനകളാണ്. താമരകളും താമരക്കോഴികളും മുളങ്കാടുകളും വിശാല വയലേലകളും നിറഞ്ഞ ഈ തെന്മല താഴ് വാരം കാമുകനായ കവിയുടെ സങ്കൽപ്പ വൃന്ദാനമായിരുന്നു.

മരണത്തിന്ന് മൂന്നു മാസം മുമ്പ് എനിയ്ക്കൊരു കത്തുകിട്ടി. ഈ വിളക്ക് പടുതിരി കത്തുന്നു. അനാഥനായ ഇവന്റെ ഓർമ്മയ്ക്ക് ഏതെങ്കിലൂം പാതയോരത്ത് നാലാൾക്കിരുന്നു പുസ്തകം വായിക്കാൻ ഒരേർപ്പാടുണ്ടാക്കണം. തനിയ്ക്കു അതു സാധിക്കും. ഇതായിരുന്നു ഉള്ളടക്കം.

1978 മേയ് 27ന് 'ഭൂഗോളമുറിയുടെ താക്കോൽ' തിരിച്ചേൽപ്പിച്ച് ജവിതമെന്ന സത്രത്തിലെ കുടിപാർപ്പ് കവി. ഒഴിവാക്കി.

1981 ഒക്ടോബർ 22ന് മഹാകവി പി. കുഞ്ഞിരാമൻനായരുടെ സ്മാരകമായി കൊല്ലങ്കോട് ഒരു സ്ഥാപനം ഉയർന്നുവന്നു. ഇന്നത് കേരളത്തിലെ വലിയ ഗ്രന്ഥാലയമാണ്. അവിടെ വാദ്യ കലാലയവും കഥകളി കേന്ദ്രവും കമ്പ്യൂട്ടർ പഠന സൗകര്യവുമുണ്ട്. സ്മാരകം അന്നത്തെ മുഖ്യമന്ത്രി ഇ.കെ. നായനാരും ഗ്രന്ഥാലയം കവിയുടെ ആത്മ സുഹൃത്തായ വൈലോപ്പിള്ളിയുമാണ് ഉദ്ഘാടനം ചെയ്തത്. താമരമൊട്ടുകളും വാരിപ്പിടിച്ച് തെന്മലയുടെ നിതാന്ത സൗന്ദര്യം നുകർന്നുകൊണ്ട് കൊല്ലങ്കോട്ടെ ഹരിതഭംഗികളിൽ കുഞ്ഞിരാമൻ നായർ ഇപ്പോഴും ഉലാത്തുന്നുണ്ടാവാം എന്നു കരുതുന്നു. കുഞ്ഞിരാമൻ നായർ ഇന്നത്തെ കവിയല്ല. നാളത്തെ കവിയാണ്. ■

# നക്ഷത്രരാജ്യം പുരസ്കാരം

**നക്ഷത്രരാജ്യം ലേഖകൻ**

തകഴി - നക്ഷത്രരാജ്യം പുരസ്ക്കാരം (2019-20)
പ്രശസ്ത സാഹിത്യകാരനും കവിയുമായ ശ്രീ. ഇയ്യങ്കോട് ശ്രീധരന്
മഹാകവി പി. സ്മാരക നിലയം കൊല്ലങ്കോട്-പാലക്കാട് വെച്ചു
പത്രാധിപർ ഇ. രാധാകൃഷ്ണൻ സമ്മാനിച്ചു

**പ്രസിഡന്റ് ശ്രീ. കെ വാസുദേവൻ നായർ, അദ്ധ്യക്ഷം വഹിച്ച ചടങ്ങ് ബഹു. നെന്മാറ എം.എൽ.എ ശ്രീ. കെ. ബാബു ഉദ്ഘാടനം ചെയ്തു.**












**ചടങ്ങിൽ നോവലിസ്റ്റ് വരദൻ കൃഷ്ണമൂർത്തി, ചേരാ മംഗലം ചാമുണ്ണി. പ്രദേശത്തെ സാഹിത്യകാരനായ മലയാംപള്ളം ശങ്കരൻകുട്ടി എന്നിവരെ ആദരിച്ചു. ഗുരുസംഗമത്തിന്റെ ഭാഗമായാണ് ചടങ്ങ് നടന്നത്. കെ. സത്യലാൽ (പഞ്ചായത്ത് അംഗം), കെ. രാമൻ, അസേമ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. കവി രാഘവൻ സ്വാഗതവും പ്രബുദ്ധൻ കൊല്ലങ്കോട് നന്ദിയും പ്രകാശിപ്പിച്ചു.**

## New Style Dresses




Gents & Ladies
Sastha Complex
**Golden Bazar**
Mananthalathazham, Kozhikode
Mob: Mohandas 9387966863

## NAKSHATHRA SILKES & SAREES

P.S.C. BANK BUILDING
Pantheerankave, Mob: 9400931425



SilkDesigner Sarees
Churidar Materials Kids Wears



ESTD 1979

## SHOBA CLINICAL LABORTORY

**Pavangad, Calicut - 21 2392584**
**Mob: HARIDAS 9447462050**
ഞങ്ങളുടെ സഹോദര സ്ഥാപനം
ന്യൂകൃപ എക്സ്റെ & ലബോറട്ടറി, വയനാട് റോഡ്
Op. ഫാത്തിമ ഹോസ്പിറ്റൽ, കോഴിക്കോട്

## T. Kumaran Vaidyar's JAYAPRAKASH PHARMACY

**Malapparamba, Kozhikode - 9,**



**Kerala, India**
**Jayaprasad P.K.**
**Mob : 9447059880**





## DHANA LAKSHMI JEWELLERY




**P.V.S. Shopping Complex,**
**Cheriya Mankave, Kozhikode - 7**
**Prop : M.C. Vinodkumar : Mob : 9847070204**
**Shop : 2331737, Resi : 2324410**

## MANAMKULAM TIMBERS

Chalappuram P.O., Calicut 673 002, Kerala
Whole Sale and Retail Dealer of all Types of Timber logs & Sizes, Nilotika Sizes Available
Ph: Abdul mNazer - 9847010745
Mohemed Faizel - 9847133878

## P.V. ENTERPRISES

DEALERS IN ELECTRICAL & PLUMBING MATERIALS

17/1894/A6, Abba Arcade, East Kottaparamba
G.H. Road, Kozhikode- 1
Ph : 0495 2724100, 9387338100

## MANAMKULAM ENTER PRISES

Chalappuram P.O., Calicut 673 002, Kerala
Ph: **Off: 2302884, Res: 2301916, Mohemmed Ashraf - 9847755130, Faras : 8943957157, 7012461655**
WHOLE SALE DEALER OF ANCHOR PLYWOOD & WESTERN INDIA PLYWOOD / Dealers: Plywood, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc...

## Highness Cool

Refrigeration & Air Conditioning

Near Post Office, Mankave, Calicut- 7
(Service for A/C, Fridge)
Washing Machine, Spray Painting, etc...
Mob : 9349810003

## മനോജ് ടീ സ്റ്റാൾ



**കുറ്റിയിൽതാഴം**
**കോഴിക്കോട്**



**ഫോൺ: മനോജ് 9847915793**

## ശ്രീമുത്തപ്പൻ ഓം ശ്രീ സായ്റാം

**കൊളത്തായ് കോംപ്ലക്സ്, പാല**
**ഫോൺ: 9061434339, 9497752475**

**ടൂൾസുകൾ വാടകയ്ക്ക്**

കട്ടിംഗ് മെഷീൻ,സാൻട്രിംങ്ങ് മെഷീൻ, ഡ്രിൽ, കംപ്രസ്സർ,
വെൽഡിംങ്ങ് മെഷീൻ, കോൺക്രീറ്റ് കട്ടിംഗ് മെഷീൻ
തുടങ്ങിയ വിവിധ ടൂൾസ് ,മെഷീനുകൾ വാടകയ്ക്ക്

## CAR TECH

**Krishnan Nair Road Junction, Karaparamba,**
**Calicut-10 Mob: Suresh Babu 9495640243,**
**Ph: 2377017, Res: 2376189**



GOVERNMENT APPROVED
**A SERVICE CENTER FOR MECHANICHAL ENGINEERING PACH WORKS & SPRAY PAINTING FOR ALL CARS & JEEP**

ലോകവിചാരം



പി.ആർ. നാഥൻ

# നിഴൽക്കുത്ത്



മന്ത്രവാദം എന്ന പദത്തിന് ആരേയും വശീകരിക്കാനുള്ള ശക്തിയുണ്ട്. മന്ത്രവാദവുമായി ബന്ധപ്പെട്ടകാര്യങ്ങൾ കേൾക്കാൻ എല്ലാവർക്കും താൽപ്പര്യമാണ്. സാഹിത്യ കൃതികളിൽ മന്ത്രവാദികളെ കാണാം. തമിഴ്, തെലുങ്ക് സിനിമകളിൽ മന്ത്രവാദി ഒരു സ്ഥിരം കഥാപാത്രമാണ്. അത്ഭുതങ്ങൾ കാണിക്കുന്നവനാണ് മന്ത്രവാദി. ജീവിതത്തിൽ അത്ഭുതങ്ങൾ ഉണ്ടാവാറുണ്ട്. പ്രതിസന്ധി ഘട്ടങ്ങളിൽ നാം ആശ്വസിക്കുന്നത് ഇപ്രകാരമാണ്. ഈ നിമിഷത്തിൽ ഒരു അത്ഭുതം സംഭവിക്കും. സംശയിക്കേണ്ട. ഒരു അത്ഭുതം സംഭവിക്കുക തന്നെ ചെയ്യും. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും മന്ത്രവാദത്തിന് ശാസ്ത്രീയമായ അംഗീകാരങ്ങൾ കിട്ടിയിട്ടില്ല. മനുഷ്യജീവിതത്തിന്റെ അടിസ്ഥാനം തന്ത്രയാണ്. അത് മൂല്യങ്ങൾ ഉൾക്കൊള്ളുന്നു. മനുഷ്യനെ ഉയർത്തുന്നു. തന്ത്രശാസ്ത്രമെന്നത് അറിവിന്റെ സ്വർണ്ണഖനിയാണെങ്കിൽ മന്ത്രവാദം പോലുള്ള കാര്യങ്ങൾ ഇതിൽ നിന്നും വ്യത്യസ്തമാണ്. മറ്റൊരാളെ നശിപ്പിക്കാനായി ഉപയോഗിക്കുന്ന ഇത്തരം വിദ്യകൾ ഒരാൾക്കും അഗീംകരിക്കാനാവില്ല. ബ്ലാക്ക് മാജിക്ക് എന്ന പേരിൽ ദുർമന്ത്രവാദം ലോകത്തിൽ എല്ലായിടത്തും പ്രചരിച്ചിട്ടുണ്ട്. അത് ഇന്നോ ഇന്നലെയോ തുടങ്ങിയ കാര്യമല്ല. രാമായണമെടുത്താൽ അസുരന്മാരിൽ പലരും ബ്ലാക്ക് മാജിക്ക് ചെയ്തിട്ടുണ്ട്. മാരീചൻ അതിന്റെ ആശാനായിരുന്നു. പക്ഷെ, മാരീചന് കട്ടിലിൽ കിടന്ന് മരിക്കാൻ ഭാഗ്യമുണ്ടായില്ല. ദുഷ്ടശക്തികളെ കൂട്ടു പിടിക്കുന്ന എല്ലാവർക്കും ഇതൊരു ഗുണപാഠമാണ്. അന്യരെ നശിപ്പിക്കാനായി ശ്രമിച്ച ഒരാളും ആയുരാരോഗ്യസൌഖ്യത്തോടെ ജീവിച്ച ചരിത്രമില്ല. രഹസ്യശാസ്ത്രങ്ങൾ ഭാരതത്തിന്റെ ഒരു മുതൽക്കൂട്ടുതന്നെയാണ്. അത് ആരും തന്നെ പൊതുവേദിയിൽ ചർച്ചചെയ്യാറില്ല. ഇത്തരം ഗ്രന്ഥങ്ങൾ വീട്ടിൽ സൂക്ഷിക്കരുത് എന്നൊരു വിശ്വാസമുണ്ട്. കൂളാർണ്ണവതന്ത്രം, ശാരദാതിലകം തുടങ്ങിയ ഗ്രന്ഥങ്ങളിൽ ഇത്തരം പ്രയോഗങ്ങളെക്കുറിച്ച് വിവരിക്കുന്നുണ്ട്. സാധാരണക്കാരന്റെ ജീവിതത്തിൽ ഇതൊക്കെ ആവശ്യമില്ലാത്ത കാര്യങ്ങളാണ്. രാജാക്കന്മാർ അധികാരത്തിനുവേണ്ടി പരസ്പരം മത്സരിക്കുന്നതിനിടയിൽ ഇത്തരം വിദ്യകൾ ദുർമന്ത്രവാദികളെകൊണ്ട് ചെയ്യിച്ചിരുന്നു എന്ന് പുരാണവും ചരിത്രവുമൊക്കെ പഠിക്കുമ്പോൾ മനസ്സിലാകും. ഇന്നും ഇത്തരം വിദ്യകളുടെ പിറകെ പോകുന്നവരുണ്ട്. അവർക്കു പറ്റിയ മൂർത്തികളുടെ ക്ഷേത്രങ്ങളുണ്ട്. ആത്മരക്ഷയ്ക്കുവേണ്ടി ഇത്തരം ഉപാസന നടത്തുന്നു എന്നല്ലാതെ ഒരാളും ഞാൻ അന്യരെ ദ്രോഹിക്കാൻ വേണ്ടിയാണ് ഇത് ചെയ്യുന്നത് എന്ന് സമ്മതിച്ചുതരാറില്ല.

രഹസ്യശാസ്ത്രഗ്രന്ഥങ്ങൾ പഠിച്ചാൽ ഒരു കാര്യം വ്യക്തമാകുന്നതാണ്. ഇതൊന്നും എളുപ്പവിദ്യകളല്ല. എത്രയോ വർഷങ്ങളുടെ പഠനവും ഉപാസനയും ഇതിലേയ്ക്ക് ആവശ്യമാണ്. ഇന്ന് വേഷംകെട്ടി നടക്കുന്നവരിൽ ഭൂരിഭാഗവും ഇതിന്റെ ബാല പാഠം പോലും അറിയാത്തവരാണ്. നീണ്ട കഥകളിൽ സങ്കൽപ്പിച്ചെഴുതുന്ന കഥകൾ സത്യമാണെന്ന്

കരുതി വേഷം കെട്ടുകയാണ് പലരും. സാധാരണ ഗതിയിൽ ഇതൊക്കെ അന്ധവിശ്വാസങ്ങളാണ്. ഗ്രാമങ്ങളിൽ പ്രചരിച്ച കഥകൾ കുട്ടിക്കാലം മുതൽക്കുതന്നെ കേൾക്കുന്നതാണ്. ഒടിയനെക്കുറിച്ചും മന്ത്രവാദികളെക്കുറിച്ചും ഞാൻ എന്റെ കഥകളിൽ ധാരാളം എഴുതിയിട്ടുണ്ട്. മാട്ടും മാരണവും തുടങ്ങി ക്ഷുദ്രപ്രവൃത്തികളെക്കുറിച്ച് നിറംപിടിപ്പിച്ച കഥകളാണ് ഇപ്പോൾ പ്രചാരത്തിലുള്ളത്. പാവപ്പെട്ട കർഷകത്തൊഴിലാളികളിൽ പലരും ഇത്തരം അന്ധവിശ്വാസങ്ങളുടെ പിറകെ പോകുന്നവരായതുകൊണ്ട് ബാല്യത്തിൽ ഒടിയൻ എന്നു കേട്ടാൽ എനിയ്ക്ക് ഭയമായിരുന്നു. ഗ്രാമത്തിലെ മന്ത്രവാദികളായ നാണുക്കുട്ടൻ നമ്പ്യാരെയും നരിക്കോട്ട കൃഷ്ണൻ നായരേയും പേടി തോന്നിയിരുന്നു. കഴുത്തിൽ രുദ്രാക്ഷം കെട്ടിയ ഗോവിന്ദൻകുട്ടി നമ്പ്യാരെ ഇടവഴിയിൽവച്ച് കണ്ടുമുട്ടിയാൽ പഠിക്കുന്ന കാലത്ത് തിരിഞ്ഞോടും. കഥകളും ജനജീവിതവും ഇത്തരം അന്ധവിശ്വാസങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും രഹസ്യശാസ്ത്രങ്ങളെ ഗൗരവത്തിൽ പഠിക്കുന്നവരുണ്ട്. ഇതെക്കുറിച്ച് അറിവുള്ള ധാരാളം പണ്ഡിതന്മാർ ഭാരതത്തിലുണ്ട്. അവർ മനുഷ്യനന്മയ്ക്കുവേണ്ടിയാണ് തങ്ങളുടെ സിദ്ധികൾ പ്രയോജനപ്പെടുത്തുന്നത്. തന്ത്രശാസ്ത്ര ഗ്രന്ഥങ്ങൾ വളരെ വിലപ്പെട്ടതാണ്. മനുഷ്യ മനസ്സിനെ സമ്യക് വീക്ഷണത്തിൽ എത്തിക്കുക എന്നതാണ് ഉത്തമനായ ഒരു വ്യക്തിയുടെ കർത്തവ്യം. അറിവ് പ്രകാശമാണ് എന്ന ധാരണയിൽ രഹസ്യശാസ്ത്രങ്ങൾ പഠിക്കുന്നത് തീർച്ചയായും നല്ല കാര്യമാണ്.

മാട്ടും മാരണവും തുടങ്ങിയ ഹീനകൃത്യങ്ങൾ എക്കാലത്ത് തുടങ്ങി എന്ന് കൗതുകപൂർവ്വം ചിന്തിച്ചാൽ വളരെ പിറകോട്ട് പോകേണ്ടി വരും. ആദ്യകാല കൃതികളിലെല്ലാം ക്ഷുദ്രമായ ഇത്തരം പ്രവർത്തനങ്ങളെക്കുറിച്ച് പരാമർശമുണ്ട്. ലോകക്ഷേമത്തിന് ഉതകുന്ന യാഗങ്ങളും യജ്ഞങ്ങളും ഉള്ള സ്ഥിതിക്ക് സ്വാഭാവികമായും നിഷേധാത്മക പ്രവണതകളും ഉണ്ടാകും. ശാസ്താവുണ്ടെങ്കിൽ ചാത്തനുണ്ടാകും. തായ് (അമ്മ ഉണ്ടെങ്കിൽ മറുതായ് - മറ്റൊരു തായ് എന്നർത്ഥം) ഉണ്ടാകും. പാണ്ഡവന്മാരെ നിഗ്രഹിക്കാൻ ദുര്യോധനൻ ചില ക്ഷുദ്രപ്രയോഗങ്ങൾ നടത്തി എന്ന് വായിക്കുമ്പോൾ നമുക്ക് കൗതുകം തോന്നും. നിഴൽക്കുത്ത് എന്ന പ്രയോഗത്തെക്കുറിച്ച് ഞാൻ ആദ്യം കേൾക്കുന്നത് അവിടെനിന്നാണ്. നിഴൽക്കുത്തിലൂടെ ആരേയും ഇല്ലാതാക്കാൻ കഴിയുമെന്ന് ദുര്യോധനൻ വിശ്വസിച്ചു. പാണ്ഡവരെ നിഴൽക്കുത്തിലൂടെ വീഴ്ത്താൻ ദുര്യോധനൻ സമീപിച്ചത് ഭാരതമലയൻ എന്നൊരു ഗ്രാമീണനെയായിരുന്നു. കഥ എന്തുതന്നെയായാലും അതിന് വായനാസുഖമുണ്ട്. വേലമഹാഭാരതമെന്ന ഒരു നാടോടിഗാനകാവ്യത്തെ ഉപജീവിച്ച് പന്നിശ്ശേരി നാണുപിള്ള (1866– 1943) രചിച്ചതാണ് ഈ ആട്ടക്കഥ.

പാണ്ഡവന്മാർ കുന്തിയോടുകൂടി അർദ്ധരാജ്യം ഭരിച്ച് സന്തോഷമായി കഴിയുന്ന കാലം. പാണ്ഡവന്മാരെ ഏതെങ്കിലും രീതിയിൽ ഇല്ലാതാക്കണമെന്ന ചിന്ത ദുര്യോധനനിൽ വളർന്നു. ശകുനിയാണ് പുതിയ ആശയം പറഞ്ഞുകൊടുത്തത്. വനത്തിൽ താമസിക്കുന്ന ഭാരത മലയൻ എന്ന ദുർമന്ത്രവാദിയെ വരുത്തി നിഴൽക്കുത്തിലൂടെ പാണ്ഡവരെ നാമാവശേഷമാക്കുക അങ്ങനെയാണ് ദുര്യോധനൻ ഭാരതമലയനെ ആളയച്ചു വരുത്തുന്നത്. വിഷയം എന്തെന്നു കേട്ടതും മലയൻ വിഷമത്തിലായി. പാണ്ഡവരുടെ ആരാധകനാണ് മലയൻ. തല പോകുന്നത് ഉറപ്പായതും നിഴൽക്കുത്തിലൂടെ അവരെ നിഗ്രഹിക്കാൻ തയ്യാറെടുത്തു. താൽക്കാലികമായി അതൊക്കെ സംഭവിച്ചെങ്കിലും പാണ്ഡവന്മാർ രക്ഷപ്പെട്ടുവെന്ന് കഥാന്ത്യത്തിൽ വ്യക്തമാകുന്നു. ഭഗവാൻ കൃഷ്ണനാണ് അവരെ രക്ഷപ്പെടുത്തിയത്. നമ്മുടെ ശരീരത്തിന് ചുറ്റുമുള്ള ആന്തരിക പ്രകാശമാണ് നമ്മെ അപകടങ്ങളിൽ നിന്ന് രക്ഷപ്പെടുത്തുന്നത്. സന്മനസ്സുള്ളവർക്ക് സമാധാനം. അവരെ കീഴ്പ്പെടുത്താൻ ഒരു നിഴൽക്കുത്തിനും കഴിയുകയില്ല. ദൈവവിശ്വാസികൾ അനുഗ്രഹീതരാണെന്ന സന്ദേശമാണ് വേല മഹാഭാരതം നമുക്ക് തരുന്നത്. ■

**കവിത**

# പുനർജന്മം



**പോൾരാജൻ പി.വി.**

**ഇതുവരെ നീ ചെയ്ത പാപങ്ങളും പിന്നെ–**
**പിന്നിട്ട വഴികളിൽ നേടിയതൊക്കെയും,**
**ഉപേക്ഷിച്ചു വേണം നീ അന്ത്യയാത്ര പോയീടുവാൻ–**
**ഓർക്കുക ഈ ഒരു സത്യം എപ്പോഴും നീ.**
**മതിലുകൾ കെട്ടി അതിരുകൾ തീർത്തതിൽ–**
**ബന്ധങ്ങളൊക്കേയും, ബന്ധനമാക്കി നീ,**
**അരുതാത്ത തൊക്കെയുംചെയ്തു കൂട്ടി പിന്നെ**
**ദൈവത്തെ പോലും അന്ധനായ് മാറ്റി നീ.**
**അടിമത്വം, അഹങ്കാരം,വംശഹത്യയീനാട്ടിൽ**
**ബാലപീഢനം, അഴിമതി, ദുർഭരണം നടത്തി നീ.**
**സ്ത്രീകൾക്ക് ഭയലേശമന്യേ നടക്കുവാൻ പറ്റാത്ത–**
**നരകതുല്യമാക്കി വിശുദ്ധയാം ഭൂമിയെ.**
**പുനർജനിക്കേണം നീ വീുമീഭൂമിയിൽ**
**അതിനായ് സൽകർമ്മം പങ്കെച്ചീടണം.**
**മാതാ, പിതാ, ഗുരു ദൈവമായ് കാണണം**
**പാപങ്ങളെല്ലാം പൊറുക്കുവാൻ പ്രാർത്ഥിക്കണം.**
**ഇനിയൊരു ജന്മം നിനക്കായ് ലഭിച്ചെങ്കിൽ–**
**സൽകർമ്മം ചെയ്തവിടം സ്വർഗ്ഗലോകമാക്കീടണം**
**സത്യം, സമത്വം, സഹോദര്യം, സ്വാതന്ത്ര്യം പുലരണം**
**ഇതൊരനശ്വര മന്ത്രമായ് എപ്പോഴും ഓർക്കുക.**

സ്പോർട്സ്



ഭാസി മലാപ്പറമ്പ്

# മാനാഞ്ചിറ മൈതാനം
## മലബാർ കായിക മേഖലയുടെ മാതാവ്

മലബാർ കായിക മേഖലയുടെ ജന്മദിനങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ കോഴിക്കോട് നഗരഹൃദയത്തിൽ ആകാശംനോക്കി "മലർന്നു കിടക്കുന്ന" മാനാഞ്ചിറ മൈതാനമാവും കായികലോകത്തിന്റെമാത്രമല്ല"മലബാർചരിത്രം "അറിയുന്നവരുടെയെല്ലാം ഹൃദയത്തിൽ ഉയർന്നു വരുന്നത്. നഗരത്തിലെ ഗതാഗത കുരുക്കുകൾ ഒഴിവാക്കുവാൻ വാഹനയാത്രാനിയന്ത്രണത്തിന്റെ ഒരു പ്രധാനരംഗമായി ഇപ്പോൾ "ശോഭിക്കുന്ന" മാനാഞ്ചിറ മൈതാനം ദശാബ്ദങ്ങൾക്കു മുമ്പ് ഇപ്പോഴത്തെ ടാഗോർ പാർക്കിനും മാനാഞ്ചിറ മൈതാനത്തിനും ഇടയിൽ കൂടി മാനാഞ്ചിറ തടാകത്തിനു നേരെ വീതി കുറഞ്ഞ ഒരു റോഡ് നിലവിലുണ്ടായിരുന്നപ്പോൾ പോലും, ഇന്നത്തേക്കാൾ അല്പം വിസ്തൃതി കുറഞ്ഞ മൈതാനമായിരുന്നപ്പോൾ തന്നെ, കായിക മേഖലയുടെ പ്രധാന വേദി ആയിരുന്നതും ഓർമ്മയിലെത്തുമെന്ന് തീർച്ച. ഇന്ന് ബാസ്ക്കറ്റ്ബോൾ, കളിയുടെ മാത്രം വേദിയായ മാനാഞ്ചിറ മൈതാനത്തിന്റെ ചരിതത്രരേഖകളിലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ ഇപ്പോഴത്തെ കോഴിക്കോട്, കണ്ണൂർ, കാസറഗോഡ്, വയനാട്, മലപ്പുറം, പാലക്കാട് എന്നിങ്ങനെ ആറു ജില്ലകളായി വിലസുന്ന "മലബാർ വിസ്തൃത രാജ്യ" പ്രദേശത്തിന്റെ ഉജ്ജ്വല കായിക മേഖലാ സ്മരണകൾ ഹൃദയത്തിലേക്ക് കുതിച്ചെത്തുമെന്ന് തീർച്ച !

ഈ പ്രദേശങ്ങളിലേക്ക്



Olympian T. Abdul Rahiman

"കായിക വിത്തുകൾ" വിതറിയ പുൽത്തകിടിയായിരുന്നു മാനാഞ്ചിറ മൈതാനം എന്ന് പറയുമ്പോൾ ഒരു പക്ഷെ, അത് വിശ്വസനീയമായി സ്വീകരിക്കപ്പെടുന്നില്ല എന്ന യാഥാർത്ഥ്യം ഓർമ്മിച്ചുകൊണ്ടു തന്നെ എഴുതട്ടെ, ഈ പ്രദേശങ്ങളിലെല്ലാം ഫുട്ബോൾ, ഹോക്കി, ക്രിക്കറ്റ്, എന്നീ അതിപ്രധാന കായിക മേഖലകൾക്ക് ജന്മം, നൽകിയത് മാനാഞ്ചിറ മൈതാനത്തെ കേളീരംഗങ്ങളാണ്; ടൂർണ്ണമെന്റുകളാണ്!

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് ബ്രീട്ടീഷ് സൈനിക സംഘത്തിന്റെ കൊച്ചുക്യാമ്പ് പ്രവർത്തിച്ചിരുന്നത് കോഴിക്കോട് നഗരത്തിലെ വെസ്റ്റ് ഹില്ലിലും പിൽക്കാലത്ത്മലപ്പുറത്തും ആയിരുന്നു. വെസ്റ്റ്ഹില്ലിലെ മിലിട്ടറി ക്യാമ്പിൽ ഉണ്ടായിരുന്നവർ പ്രത്യേക സൈനിക വാഹനങ്ങളിൽ കോഴിക്കോട് ടൗണിൽ എത്തി ഫിസിക്കൽ ട്രെയിനിങ്ങ് നടത്തിയത് മാനാഞ്ചിറ മൈതാനത്തായിരുന്നു. സൈനികർ ഫുട്ബോൾ കളി ഭ്രാന്തരായിരുന്നതിനാൽ ഫുട്ബോൾ കളിക്കുവാനും മൈതാനത്തിലിറങ്ങി എന്ന് ചരിത്രരേഖകൾ തന്നെ ലഭ്യമാണ്.

"മലബാർ ഹിസ്റ്ററി "യുടെ ഭാഗമായി വെസ്റ്റ് ഹിൽ ബാരക്കസ് ക്യാമ്പിലുണ്ടായിരുന്ന ബ്രിട്ടീഷ് സൈനികരിൽ ധാരാളം പേർ ഫുട്ബോൾ കളിക്കാരായിരുന്നു എന്നും മലബാറിലും മുൻകാല മദിരാശി സംസ്ഥാനത്തും ഫുട്ബോൾ പ്രചാരണത്തിന് അവരുടെ കളിസായാഹ്നങ്ങൾ വിത്തുകളിട്ടു എന്നും മലബാർ ചരിത്രരേഖകൾ വ്യക്തമാക്കിയിട്ടുണ്ട്. ഹോക്കിയും ക്രിക്കറ്റും മലബാറിൽ എത്തിച്ചതും ബ്രിട്ടീഷ് സൈനികർ തന്നെ ആണല്ലൊ.

മാനാഞ്ചിറ മൈതാനത്തെ



Olympian Ahmed Khan



Olympian Shanmugham

പ്രധാനപ്പെട്ട കായിക ഇനം ഫുട്ബോൾ തന്നെ ആയിരുന്നുവെങ്കിലും ഹോക്കിയും ക്രിക്കറ്റും അതേ മൈതാനിയിൽ കളിക്കുവാൻ രംഗമൊരുക്കിയിരുന്നു എന്ന് മാനാഞ്ചിറ മൈതാനത്തിന്റെയും മലബാർ മേഖലയുടെയും ചരിത്രങ്ങളിലുണ്ട്.

ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട കായിക മേഖല ഫുട്ബോൾ തന്നെ ആയിരുന്നു. വെസ്റ്റ്ഹിൽ ബാരക്കസ് കേന്ദ്രത്തിലെ ബ്രിട്ടീഷ് സൈനികരും കോമൺവെൽത്ത് ഫാക്ടറികളിലും കാരപ്പറമ്പ് കാഷ്യൂ കമ്പനിയിലും ഉദ്യോഗസ്ഥമാരായിരുന്നു. ബ്രിട്ടീഷ്കാരും ഫുട്ബോൾ കളിക്കുന്നതിനു വേണ്ടി സായാഹ്നങ്ങളിൽ എത്തിയ പ്രധാന വേദി മാനാഞ്ചിറ മൈതാനം തന്നെ! വെസ്റ്റ്ഹിൽ ബാരക്കസ് ഗ്രൗണ്ട് എന്ന് പ്രസിദ്ധി നേടിയ ഇന്നത്തെ കേരള ഗവ പോളിടെക്നിക്ക് മൈതാനവും നഗര പ്രാന്തങ്ങളിലുള്ള വിദ്യഭ്യാസ സ്ഥാപനങ്ങളിലെ ഗ്രൗണ്ടുകളും ഫുട്ബോളിന്റെ വളർച്ചയ്ക്ക് വേഗത കൂട്ടി എന്നതും മലബാർ ഫുട്ബോളിന്റെ ചരിത്ര രേഖകളുടെ ഭാഗമാണ്.

കോഴിക്കോട്ടും കണ്ണൂരും മലപ്പുറത്തും ഫുട്ബോൾ ക്ലബ്ബുകൾക്ക് ജന്മമുണ്ടായപ്പോൾ മലബാർ പ്രദേശത്ത് ഫുട്ബോൾ സംഘടന ആവശ്യമാണ്. എന്ന ബോധോദയത്തിന്റെ ശില്പമാണ്. “മലബാർ ഫുട്ബോളിന്റെ തലതൊട്ടപ്പൻ” എന്ന് പിൽക്കാലത്ത് പ്രശസ്തനായ തായത്തേരി അബുബക്കർ താൻ ആരംഭിച്ച യങ്ങ് മെൻസ് ക്ലബ്ബിന്റേയും കണ്ണൂരിലേയും കോഴിക്കോട്ടെയും ക്ലബ്ബുകളുടേയും ഭാരവാഹികളുടെ സമ്മേളന തീരുമാനങ്ങളെ അടിത്തറയാക്കിക്കൊണ്ട് കോഴിക്കോട് ആസ്ഥാനമായി. മലബാർ ജില്ല ഫുട്ബോൾ അസോസിയേഷന് രൂപകല്പന നൽകിയത-കോഴിക്കോട്ടെ ചാലഞ്ചേഴ്സ്, യൂണിവേഴ്സൽ കണ്ണൂരിലെ മൂന്നു ക്ലബ്ബുകൾ എന്നിങ്ങനെ ഫുട്ബോൾ ടീമുകളുടെ ഭാരവാഹികളെയെല്ലാം വിളിച്ചുചേർത്ത് കോഴിക്കോട് ആസ്ഥാനമാക്കികൊണ്ട് അക്കാലത്ത് മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ ജില്ലയിൽ ഫുട്ബോൾ വളർച്ചയ്ക്കുവേണ്ടി മലബാർ ജില്ല ഫുട്ബോൾ അസ്സോസ്സിയേഷൻ എന്ന സംഘടനയ്ക്ക് രൂപം നൽകുകയായിരുന്നു. 1956ൽ ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന പുനഃസംഘടന നടക്കുന്നതിനു മുമ്പ് 1954ൽ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ ജില്ലയുടെ ഫുട്ബോൾ വികസനത്തിനുവേണ്ടിയാണ “അബുക്കാക്ക” എന്ന ബഹുമാന, ഓമനപ്പേരിൽ പിൽക്കാലത്ത് ഇന്ത്യാരാഷ്ട്രം മുഴുവൻ പ്രസിദ്ധനായി മാറിയ ടി. അബുബക്കർ മലബാർ ജില്ലാ ഫുട്ബോൾ അസ്സോസ്സിയേഷന് “ജന്മം” നൽകിയത്!

അക്കാലത്ത് ചാലഞ്ചേഴ്സ് എന്ന് മാത്രമുള്ള പേരിൽ സംഘടിക്കപ്പെട്ട പിൽക്കാലത്ത് യങ്ങ് ചാലഞ്ചേഴ്സ് ക്ലബ്ബ് എന്ന് വികസിച്ച പേരിൽ പ്രഖ്യാതരായി ക്ലബ്ബും യൂണിവേഴ്സൽ ക്ലബ്ബുമായിരുന്നൾ. നടക്കാവിൽ താമസക്കാരനായ ജഡ്ക്കവണ്ടിക്കാരൻ കുട്ടൻ എന്ന ഫുട്ബോൾ പ്രേമിയാണ് ചാലഞ്ചേഴ്സ് ക്ലബ്ബ് എന്ന പേരിൽ മലബാറിലും തെക്കെ ഇന്ത്യ മുഴുവനും പ്രശസ്തമായ ഫുട്ബോൾ ടീമിന് ജന്മം നൽകിയത് “പരമ്പരാഗത ശത്രുക്കൾ” എന്ന പേരിലാണ് ചാലഞ്ചേഴ്സ് ക്ലബ്ബും യൂണിവേഴ്സൽ ക്ലബ്ബും മലബാർ ജില്ലാ ഫുട്ബോൾ അസ്സോസ്സിയേഷന്റെ “ജന്മ”ത്തിനു ശേഷം വളരെകാലം കോഴിക്കോട്ടേയും മലബാർ, മദിരാശി പ്രദേശങ്ങളിലേയും ഫുട്ബോൾ, കായിക മേഖലകളിൽ അറിയപ്പെട്ടത്.

മാനാഞ്ചിറ മൈതാനം ഈ രണ്ടു ക്ലബ്ബുകളുടെയും മരണപ്പോരാട്ട വേദിയാണെന്ന് മലബാർ മേഖലയിൽ മാത്രമല്ല മുൻ മദിരാശി സംസ്ഥാനമാകെയും തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളിലും പ്രശസ്തമായിരുന്നു. പിൽക്കാലത്ത് ഇന്ത്യൻ ഫുട്ബോളറായി, 1956ൽ മെൽബൺ ഒളിപിക്ഗെയിംസ് ഫുട്ബോളിൽ ഇന്ത്യക്ക് നാലാം സ്ഥാനം ലഭിക്കുവാൻ പ്രധാന പങ്ക് വഹിച്ച “കോഴിക്കോട്ടുകാരുടെ ഓമനപുത്രൻ” ടി.എ റഹിമാൻ എന്ന തായത്തേരി അബ്ദുൾ റഹിമാൻ യൂണിവേഴ്സൽ ക്ലബ്ബിന്റെ ശക്തി ദുർഗ്ഗമായിരുന്നു. മാനാഞ്ചിറ മൈതാനത്ത് അരങ്ങേറിയ നാഗ്ജി ടൂർണ്ണമെന്റിലെ ഒട്ടനവധി മിന്നുന്ന പോരാട്ടങ്ങൾ ഇന്ത്യൻ ഫുട്ബോളിലെ ചരിത്രരേഖകളായിട്ടുണ്ട്. കോഴിക്കോട്ടെ പ്രശസ്ത കുടനിർമ്മാണ കമ്പനി ആയിരുന്ന നാഗ്ജി കമ്പനിയുടെ സാമ്പത്തിക ബലത്തോടെ സേട്ട് നാഗ്ജി ഫുട്ബോൾ ടൂർണ്ണമെന്റിന് 1950കളിൽ മാനാഞ്ചിറ മൈതാനം വേദിയൊരുക്കിയപ്പോൾ അത് ഇന്ത്യൻ ഫുട്ബോളിലെ പ്രബലടീമുകൾക്ക് തങ്ങളുടെ ശക്തി അഖിലേന്ത്യാ മേഖലയിലേക്ക് പ്രചരിപ്പിക്കുവാൻ വഴിയൊരുക്കിയിട്ടുണ്ട്.

ബാന്ന് മികച്ച പ്രചരണം നൽകിയത്. തുടർച്ചയായ വിജയങ്ങളിൽ കൂടി എയർക്രാഫ്ട്സ് ടീം നാഗ്ജി ജേതാക്കളായപ്പോൾ മാനാഞ്ചിറ ഗ്രൗണ്ട് തെന്നിന്ത്യ



The first International footballer of Malabar area, **M.Jayaram**

മുഴുവൻ പ്രശസ്തമായി. പിൽക്കാലത്ത് ബോംബെ ബിന്നിമിൽസ് രംഗത്ത് വന്നപ്പോൾ ഇന്ത്യാ രാജ്യമാകെ " മാനാഞ്ചിറ" എന്ന പദം സ്വർണ്ണലിപികളുമായി.

പാക്കിസ്ഥാനിൽ നിന്നെത്തിയ കറാച്ചി കിക്കേർസ് എന്ന ടീം മാനാഞ്ചിറ എന്ന പേർ പാക്കിസ്ഥാൻ ഫുട്ബോൾ രംഗത്തെ ആവേശ മൈതാനമാക്കി ഉയർത്തി.

1982 മുതൽ 2014 വരെ, അരങ്ങേറിയ ഒമ്പത് ഫിഫാകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് വേദികളിൽ, 1994ൽ യു.എസ്.എ യിൽ അരങ്ങേറിയ ചാമ്പ്യൻഷിപ്പ് ഒഴികെ, എട്ട് ലോകകപ്പ് വേദികളിൽ മത്സര റിപ്പോർട്ടിങ്ങിനായി സന്നിഹിതനായ എനിയ്ക്ക് മാനാഞ്ചിറ മൈതാനത്തിന്റെ പ്രശസ്തിയെപ്പറ്റി നേരിട്ട് അനുഭവിച്ച സന്ദർഭങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്. ഇന്ത്യയുടെ ഒരു ലോകകപ്പ് യോഗ്യതാ മത്സരത്തിന്ന് സാക്ഷിയാകുവാൻ ബാംഗ്ലൂരിൽ സന്നിഹിതനായപ്പോൾ ഒളിംപ്യൻ അഹമ്മദ്ഖാൻ എന്ന ഇന്ത്യയുടെ മുൻ പ്രശസ്ത കളിക്കാരനെ അദ്ദേഹത്തിന്റെ വീട്ടിലെത്തി സന്ദർശിച്ചപ്പോൾ അദ്ദേഹം എന്നോട് സംസാരിച്ചത് മാനാഞ്ചിറ മൈതാനത്ത് ഹിന്ദുസ്ഥാൻ എയർക്രാഫ്ട്സ് ടീ മിന്റെ ജർസിയിൽ നാഗ്ജി ഫുട്ബ്രാളിൽ അരങ്ങേറിയ തന്റെ കളിയെപ്പറ്റിയായിരുന്നു. നാഗ്ജി ട്രോഫി തുടർച്ചയായി നേടിയതിനെപറ്റി അദ്ദേഹത്തിന്റെ വാക്കുകൾ എക്കാലത്തും ഹൃദയത്തിൽ പൊൻവിരിയാണ്.

"മാനാഞ്ചിറ മൈതാനം എനിയ്ക്ക് സ്വർഗ്ഗഭൂമികയായി" എന്നായിരുന്നു വാക്കുകൾ.

ഒളിംപ്യൻ ഷൺമുഖം എന്ന കളിക്കാരന്റെ വസതിയിലെത്തി മുൻപരിചയം പുതുക്കിയപ്പോൾ അദ്ദേഹത്തിന്റെ വാക്കുകളും കോഴിക്കോട് നഗരത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങൾക്ക് മാനാഞ്ചിറ മൈതാനത്തെ പച്ചപ്പുൽത്തകിടികൾ നൽകിയ അടിത്തറയെ പറ്റിയായിരുന്നു.

കോഴിക്കോട്ടുകാരൻ എന്ന് മുൻഫുട്ബോൾ സുഹൃത്തുക്കളോട് പറയുമ്പോൾ അവരുടെ ചോദ്യങ്ങൾ എപ്പോഴും മാനാഞ്ചിറ മൈതാനത്തെ ഫുട്ബോൾ ആവേശത്തെ പറ്റിയായിരുന്നു എന്ന് ഓർക്കുന്നത് എപ്പോഴും വികാര തീവ്രമായ സ്മരണകൾ കൂടിയാണ്.

ഒരു കായിക കാര്യം കൂടി കുറിയ്ക്കാം. മാനാഞ്ചിറ മൈതാനത്ത് ഫുട്ബോൾ തട്ടിയവർ എന്ന പേരിൽ ഒരു കായിക വൈകാരിക യോഗം നടക്കുകയാണെങ്കിൽ അത് കോഴിക്കോടിന്റെ മാത്രമല്ല കേരളത്തിന്റെ മുഴുവൻ കായിക ചരിത്രത്തിലെ സുവർണ്ണ രേഖയാകുമെന്ന് തീർച്ചയാണ്.

ബോംബെ ബിന്നി മിൽസ് ക്ലബ്ബിന്റെ ജർസിയിൽ നാഗ്ജി ട്രോഫിയിൽ മാനാഞ്ചിറ മൈതാനത്ത് പന്ത് തട്ടിയ, മലബാറിലെത്തന്നെ ആദ്യത്തെ ഇന്ത്യൻ ദേശീയ ഫുട്ബോൾ ടീമംഗമായ, കോഴിക്കോട്ടുകാരനായിരുന്ന ഇന്ന് നമ്മുടെ കൂടെ ഇല്ലാത്ത, ജയറാം മാനാഞ്ചിറ മൈതാനത്തെ തന്റെ ഫുട്ബോൾ ജീവിതത്തിന്റെ പൊലിമയ്ക്ക് വഴിയൊരുക്കിയ വേദി എന്ന് എന്നോട് പറഞ്ഞതും ഇവിടെ സ്മരണീയമാണ്.

ഇതേപോലെ പാക്കിസ്ഥാനിൽനിന്ന് നാഗ്ജി ട്രോഫിയിൽ പങ്കെടുക്കുവാൻ എത്തിയ കറാച്ചി കിക്കേഴ്സ് ടീമിലെ പാക്കിസ്ഥാൻ ഇന്റർനാഷണൽ കളിക്കാരും മാനാഞ്ചിറ മൈതാനത്തിന്റെ പച്ചപ്പുൽമൈതാനത്ത് കാലടികൾ കൊണ്ട് വിളയാട്ടം നടത്തിയവരാണ്.

മാനാഞ്ചിറ മൈതാനത്തിന്റെ ഫുട്ബോൾ ആവേശ നിമിഷങ്ങൾ എന്ന പേരിൽ ഒരു ചരിത്ര രേഖാപ്രദർശനം സംഘടിപ്പിക്കുമ്പോൾ അത് കോഴിക്കോടൻ ഫുട്ബോളിന്റെ മാത്രമല്ല ഇന്ത്യൻ ദേശീയ ഫുട്ബോളിന്റെ തന്നെ പ്രദർശനമാവുമെന്ന് തീർച്ചയാണ്. മാനാഞ്ചിറ മൈതാനം ഇന്ത്യൻ ഫുട്ബോളിന്റെ സുവർണ്ണ ചിത്രങ്ങൾ നൽകും എന്നതു തന്നെ കാരണം. ■

**30 th Wedding anniversary (06.05.20)**

**Sundaran C.M.**
**&**
**Baby Nisha**
**"Sreelayam"**
**Choyimadathil**
**Varattiyak**
**Kunnamangalam, CLT**



**With Bestrom,**
**Sumisha Sundar, Abhilash P. & Aathmika**
**C.M.S. Glass, Plywood & Furniture, Kovoor**
**C.M.S. Furniture, Pottammal**

**2 nd Birth Day (16.05.20)**

**Aathmika P.P.**
**D/O Abhilash P.**
**Sumisha Sundar**
**"Nadhabramam"**
**Pulparambil**
**Chathankavu**
**Kunnamangalam**





**With Best Compliments from,**
**C.M. Sundaran & Baby Nisha Sundar**
**C.M.S. Glass, Plywood & Furniture, Kovoor**
**C.M.S. Furniture, Pottammal**

# നക്ഷത്രരാജ്യം ത്രൈമാസിക മാനേജ്മെന്റ് "ത്രൈമാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ

*ശാസ്താസ്*
(Near K.S.R.C stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്, കോഴിക്കോട്.

*ക്വാളിറ്റി സ്റ്റേഷനറി*
7/940,കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കോട്- 673001
ഫോൺ: 2721358

*കെ.ആർ. ബ്രദേഴ്സ്*
എസ്.എം. സ്ട്രീറ്റ്
കോഴിക്കോട്- 673001, ഫോൺ: 2720565

*അളകാപുരി സ്റ്റേഷനറി,*
പാളയം, കോഴിക്കോട്, ഫോൺ: 9946267474

*മലബാർ സ്റ്റേഷനറി,*
(മിംസ് ആശുപത്രിയ്ക്ക് എതിർവശം)
കോഴിക്കോട്

*ലക്കിബുക്ക്സ്*
ന്യൂബസ്സ്റ്റാന്റ്, കൊയിലാണ്ടി
ഫോൺ: 9846544326.

*അസീസ് സ്റ്റേഷനറി*
കൊയിലാണ്ടി ബസ്സ്റ്റാന്റ്. കോഴിക്കോട്,

*നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ*
(Op) ന്യൂ ബസ്സ് സ്റ്റാന്റ്, മഞ്ചേരി,
ഫോൺ: 9946628758

*വി.എം. സ്റ്റേഷനറി*
ശ്രീകൃഷ്ണ തിയേറ്റർ ഗെയ്റ്റ്
മഞ്ചേരി. ഫോൺ: 9995337568

*ശ്രീദേവി ബുക്ക്സ & പേപ്പേഴ്സ്,*
(കോടതിക്കടുത്ത്), കച്ചേരിപ്പടി
മഞ്ചേരി, ഫോൺ:

*കെ. ആർ. കൂൾബാർ*
(കരിമ്പ് ജ്യൂസ് കട), പഴയ ബസ്സ് സ്റ്റാന്റ്
മഞ്ചേരി ഫോൺ: 9946999413

*യൂണിക്ക് ബുക്ക് സ്റ്റാൾ*
(കോടതിക്കടുത്ത്), മഞ്ചേരി
ഫോൺ: 8281019502

*അപെക്സ് ബുക്ക് സ്റ്റാൾ,*
ബസ്സ് സ്റ്റാന്റ് , രാമനാട്ടുകര
ഫോൺ: .........................

*ഗുഡ്ലൈൻ ബേക്കറി*
(കോയാസ് പോസ്പിറ്റലിനു മുൻവശം)
(കോഴിക്കോടചെറുവണ്ണൂർ)

*അക്ഷര ബുക്ക്സ്* (രാമനാട്ടുകര)
*എം. കെ. ബുക്ക്സ്* (രാമനാട്ടുകര)
*ബുക്ക് ലാന്റ്* (രാമനാട്ടുകര)
*കുട്ടിയാപ്പു സ്റ്റേഷനറി* (രാമനാട്ടുകര)
*മലയാളി ഫാൻസി* (ഫറോക്ക്)
*ചന്ദ്രൻ സ്റ്റേഷനറി* (ഫറോക്ക്)
*രാജൻ സ്റ്റേഷനറി,* (പൊയിൽകാവ്)
*വിജയൻ, ജനറൽമർച്ചന്റ്& സ്റ്റേഷനറി* (പൊയിൽകാവ്)
*അബൂബക്കർ സ്റ്റേഷനറി* (പൂക്കാട്)
*ശ്രീൻ സ്റ്റോർ* (അത്താണിക്കൽ)
*പ്രതീത സ്റ്റോർ (മിൽമ)* (പന്തീരാങ്കാവ്)
*ഇ.എൻ. ജി. സ്റ്റോർ* (പന്തീരാങ്കാവ്)
*ടി.കെ. ഗോപാലൻ സ്റ്റേഷനറി* (പൊറ്റമ്മൽ)
*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി* (പൊറ്റമ്മൽ)
*വാസു സ്റ്റേഷനറി* (മാങ്കാവ്)
*കെ. ജയരാജൻ സ്റ്റേഷനറി* (കാളൂർറോഡ്)
*ഫ്രണ്ട്സ് സ്റ്റേഷനറി* (കാളൂർറോഡ്)
*പ്രമീള സ്റ്റോർ* (കോന്തനാരി)
*കേരളാ സ്റ്റോർ, 6-ാം മൈൽ,* (വെള്ളിപറമ്പ്)
*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി,* (അത്താണിക്കൽ)
*ജയചന്ദ്രൻ(കുട്ടൻ)സ്റ്റേഷനറി* (വെസ്റ്റ്ഹിൽചുങ്കം)
*വി.കെ.ബി. സ്റ്റോർ* (വെസ്റ്റ്ഹിൽ ചുങ്കം)
*ചുങ്കം സ്റ്റേഷനറി* (വെസ്റ്റ്ഹിൽ ചുങ്കം)
*രാമചന്ദ്രൻ സ്റ്റേഷനറി* (പുതിയപാലം)
*ധർമ്മരാജ് സ്റ്റേഷനറി* (പുതിയപാലം)
*അനിൽ കുമാർ(ബാബു)സ്റ്റേഷനറി* (പുതിയപാലം)
*സുരഭി സ്റ്റേഷനറി* (ഒളവണ്ണ ബസാർ)
*രാമകൃഷ്ണൻ സ്റ്റേഷനറി* (നിയർ അപ്സര തിയേറ്റർ ടിക്കറ്റ് കൗണ്ടർ), (കോഴിക്കോട്)
*രാമദാസ് സ്റ്റോർ,* കല്ലയി റോഡ്,
(നിയർകല്ലിക്കോട്ടെ ഫണ്ട്സ്, (കോഴിക്കോട്)
*ടി.പി സ്റ്റോർ,* (ശാരദമന്ദിരം)
*കെ.എസ്. സ്റ്റേഷനറി& കൂൾബാർ* (കൈമ്പാലം)
*സാഗരൻ സ്റ്റേഷനറി,* (ഈസ്റ്റ് നടക്കാവ്)
*കവിത സ്റ്റോർസ്,* ദേവഗിരി ബിൽഡിംഗ്,ഫോൺ: 04952355921 (കാലിക്കറ്റ്മെഡിക്കൽകോളേജ)
*എം.സി. ആലിക്കോയ,* വ്യാപാരഭവൻ, (മാങ്കാവ്)
*നാരായണൻ ബുക്ക് സ്റ്റാൾ,* (ഇംഗ്ലീഷ് പള്ളി)
*ബേബി സ്റ്റേഷനറി* (കാരന്തൂർ)

കവിത



ബിനികിഴിശ്ശേരി

# ഗദ്ഗദം



ഇരുപത്തൊന്നാം നൂറ്റാണ്ടിൽ
പടിവാതിൽക്കയറി നീ വന്നു
ജീവഗോളങ്ങളെ കൈ വെള്ളയിൽ–
വെച്ചൂഅമ്മാനമാടി രസിച്ചു
മന്നവർ, ഗദ്ഗദം തെല്ലും ഗൗനിക്കാതെ,
ആനന്ദതാളം ചവിട്ടി നീ മുന്നേറി
നിൻ ആനന്ദ താളത്തിൽയെത്ര, യെത്ര
മാനവ ചിത്തങ്ങൾ വെന്തുവെണ്ണീറായ്
ഈ ഉലകം, ശാസ്ത്രലോകം നിന്നെ
പുതുനാമം ചൊല്ലി വിളിച്ചു കോവിഡ്
ഭീതിയുടെ മുൾമുനയിൽ–
നിർത്തി നീ രസിക്കവേ
മാനുജചിത്തം നിൻ നാമം–
ശ്രവിക്കും മാത്രയിൽ
ആലിലപോൽ വിറകൊള്ളീടുന്നു
സ്വപ്നലോകത്തിൽ ചിറകുമായ്, മുന്നേറവേ,
ഏഴം നഗരത്തീരത്തിൽ ചേക്കേറുന്നവർ
ജീവിതഭാരം ചുമലിൽ പേറിയും ജന്മനാട്ടിൻ
മാധുര്യമാം സ്മരണകളിൽ കഴിയവേ,
ഒരു സ്വപ്നത്തിൽ വർണ്ണപട്ടമായ് ഉയരവേ
ഒരു ദാക്ഷിണ്യവുമില്ലാതെ, അൻപില്ലാതെ
ആ വർണ്ണപട്ടത്തിൻ നൂൽ മുറിച്ചീടുന്നു.
എന്നിട്ടും മർത്ത്യർതൻ ഗദ്ഗദം നിന്നെയലട്ടിയില്ല
മതി! പൈശാചികമാം പ്രകടനങ്ങൾ
അതിജീവനത്തിനായ് –
പൊരുതുകയാണു മർത്ത്യർ
പോകുക, നീ മർത്ത്യ ജന്മങ്ങളെ വിട്ടകലുക.

ശ്രീ ഭദ്ര ജ്യോതിഷം

കർമ്മം, വിദ്യ, വിവാഹം, ശത്രുദോഷം, മാനസിക പിരിമുറുക്കം, ധനം എന്നിവക്ക് രേഖാ ജ്യോതിഷത്തിലൂടെ ഉത്തമ പരിഹാരം

ശില്പങ്ങളോടുകൂടി റെഡിമെയ്ഡ് പൂജാമുറികൾ തയ്യാറാക്കി കൊടുക്കും

ഭവനം, കടകൾ, പ്ലാറ്റുകൾ തച്ചുശാസ്ത്ര വിധിപ്രകാരം സ്ഥാനം നിർണ്ണയിച്ചു കുറ്റിയടി കർമ്മങ്ങൾ ചെയ്തുകൊടുക്കുന്നു.


വാസ്തു പൂജ ചെയ്തുകൊടുക്കുന്നു

ഫോണിൽ ബന്ധപ്പെട്ടശേഷം മാത്രം വരിക.

സുഷാന്ത് എം.പി.

ഫോൺ : 9207943125

തയ്യിൽതാഴം




തച്ചുശാസ്ത്ര വിധിപ്രകാരം മര സംബന്ധമായ എല്ലാ ജോലികളും ചെയ്തുകൊടുക്കുന്നു.

കവിത



രജികുമാർ പിലാക്കാട്

# പ്രണയത്തിന്റെ വില



നെഞ്ചിലൊരു പക്ഷി പിടയുന്നു.
ഒരു ദുഃഖം പിറക്കുന്നു.
കവിത വിരിയുന്നു.

ചങ്കിൽത്തറച്ച സ്വപ്നമെടുക്കാൻ
പ്രണയ സൂചി
ഭയത്തിന്റെ ആയിരത്തൊന്നുരാവുകൾക്ക്
തീരാക്കഥകളുടെ ഉറുക്കും നൂലും.

രക്തത്തിൽ കറുപ്പുബാധിച്ച്
നാൽക്കവലയുടെ ആൽച്ചുവട്ടിൽ
മയങ്ങുന്ന അന്ധന്റെ പ്രേമം.
ഗന്ധമായിരുന്നു.

അവനു നിറയെ
അവളുടെ നിലാവിന്റെ തണുത്ത ഗന്ധം.
കിനാച്ചില്ലു പാത്രത്തിൽ
ഒരു തുടം ചോര
സ്വപ്നങ്ങളും സൂര്യകാന്തികളും
പോക്കു വെയിലിന്റെ മഞ്ഞസാരി
കാലം ചുട്ടി കുത്താൻ മറന്നിട്ട
മഴ സന്ധ്യയിൽ
തല നിലത്തു വെച്ചു നടന്നു പോയ
നിതംബത്തിന്റെ തിരതാളങ്ങൾ
മഴപെയ്തു തുറുകെട്ടി
ചീർത്തു ശപിച്ച ശിവരാത്രി
ഇരുളമ്പലത്തിൽ അവൾ പ്രതിഷ്ഠയായി.
ശരീരം അപ്പാടെ തിന്നു മുടിച്ച
ഭ്രാന്തന്റെ വട്ടത്തിലുള്ള കാത്തിരിപ്പ്.....
o o o o o o o o o o o o o o o o o o o o o
ഇന്നൊരു പേരിന്റെ കൊമ്പത്ത്
പേര് മരമല്ല മണ്ണുമല്ല
ഉറക്കത്തിൽ ആരോ പിന്തുടരുന്നു

നിൽക്കുമ്പോൾ നിലയ്ക്കുന്ന
നടക്കുമ്പോൾ അടിയ്ക്കുന്ന
കാൽ മാത്രം കിതയ്ക്കുന്നു.
ഒരു ദുഃഖം പിറക്കുന്നു
പഴവില്പനക്കാരി
പ്രണയത്തിനെന്തു വില?

Printed, Published and owned by E. Radhakrishnan on behalf of E. Radhakrishnan (name of owner) Edoli House, Kommeri, P.B. 1205, Mankave P. O, Kozhikode District in Kerala state, India Pin: 673007 and printed at Redstar Printers, Calicut for Geethanjali web offsets, Geethanjali building, NH 17, Kundayithode, Kolathara P O, Kozhikode - 673055 and published at Kozhikode- Editor E. Radhakrishnan.



# K. V. CURTAINS

**CURTAIN, SOFA, CUSHIN ETC, WORKS**

കർട്ടൻ വാഷ് ചെയ്തുകൊടുക്കുന്നു



Near Kuthiravattom Hospital, Kuthiravattom, Kozhikode-673016

Ph : 9387421203, 9747531203

# SOBHA INDUSTRIES



Mooriyad, P.O Chalappuram,
Kozhikode- 673 002
Ph: Mohandas T- 9846235836,
9544475340, 9746591263
sobhaindustries3g@gmail.com
www.sbscalicut.com













**Manufacture of**

**Centering Equipments Adjustable Prop, Span, Centering Sheet, Column Box, Scaffolding, Etc.**

VOL: 3, ISSUE : 8 NAKSHATHRARAJYAM 2020 MAY
RNI REG NO. : KERMAL16195 TRI-MONTHLY (QUARTERLY) JUNE, JULY




Printed, published and owned by E.Radhakrishnan on behalf of E.Radhakrishnan (name of owner) Edoli House, Kommeri, P B No.1205,Mankavu P O, Kozhikode District in Kerala State, India Pin:673007 and printed at Redstar Printers, Calicut for Geethanjali Web Offsets, Geethanjali Bldg., NH-17, Kundayithode, Kolathara P.O., Kozhikode-673055 and Published at Kozhikode, Editor E.Radhakrishnan.